
Aikyadeepam

ജൂലൈ 2015

# ഐക്യദീപം

Since 1976 വില ₹ 10




## തകരുന്ന മൂല്യങ്ങൾ

## കാറ്റിൽ കൊഴിഞ്ഞ ഇലകൾ

## നിരാലംബ ബാല്യങ്ങളുടെ തേങ്ങലുകൾ



# ബോധന

## തേനീച്ച വളർത്തൽ ഗവേഷണ പരിശീലന കേന്ദ്രം







### ലഭ്യമാകുന്ന സേവനങ്ങൾ

- തേനീച്ച വളർത്തൽ പരിശീലനം
- തേനീച്ച കോളനികളുടെ വിപണനം
- തേനിന്റെ ശേഖരണം
- ഗുണനിലവാര നിർണ്ണയം
- അനുബന്ധ ഉപകരണങ്ങളുടെ വിപണനം



### ലഭ്യമാകുന്ന ഉപകരണങ്ങൾ



തേനീച്ച പെട്ടി



ചെറുതേനീച്ച പെട്ടി



തേൻ എക്സ്ട്രാക്ടർ



മറ്റ് ഉപകരണങ്ങൾ

# ബോധന

തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി (രജി. നമ്പർ 9/72)
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല-1. ഫോൺ: 0469 2730561,2606063.
മൊ.: 9446009689 E-mail: bodhanatiruvalla@gmail.com



# editorial
# എഡിറ്റോറിയൽ

നനയാൻ കൊതിക്കുന്ന ഒരു കരയുടെ അരികുകളിലാണ് തീരം മനോഹരമാകുന്നത്; കാത്തിരിക്കുന്ന ഒരു കരയുടെ മടിയിൽ തിരമാലകളും. കേൾക്കാൻ കൊതിക്കുന്ന കാതുകളിൽ നേർത്ത ചില സ്വരങ്ങൾപോലും സംഗീതമാകുന്നുവെങ്കിൽ, ബാല്യത്തിന് നിഷ്കളങ്കതയുടെ മനോഹരമായ പുഞ്ചിരി ഒരുക്കുന്നതും സ്നേഹത്തിന്റെ കരവലയങ്ങൾ തന്നെ. ഈ സ്നേഹവലയത്തിലാണ് ബാല്യം തളിർക്കുന്നതും വളരുന്നതും; ജീവിക്കാൻ കൊതിപ്പിക്കുന്നതും ഈ സ്നേഹം തന്നെ.

യാത്രയാകും മുൻപ് ഓർഫാസിസിലെ ജനങ്ങളോട് 'പ്രവാചകൻ' പറഞ്ഞു: "നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളല്ല. നിങ്ങളിലൂടെ വന്നു; പക്ഷേ നിങ്ങളിൽ നിന്നല്ല. അവർ നിങ്ങളോടൊപ്പം ആണെങ്കിലും നിങ്ങളുടെ സ്വന്തമല്ല. അവർക്ക് നിങ്ങളുടെ സ്നേഹം നൽകുക; നിങ്ങളുടെ ചിന്തകൾ അരുത്. കാരണം, അവർക്ക് സ്വന്തം ചിന്തകളുണ്ട്. നിങ്ങൾ അവരുടെ ശരീരങ്ങൾക്ക് അഭയം നൽകിയേക്കാം. പക്ഷേ, അവരുടെ ആത്മാക്കൾക്കല്ല... നിങ്ങൾക്ക് അവരെപ്പോലെയാകുവാൻ യത്നിക്കാം, പക്ഷേ അവരെ നിങ്ങളെപ്പോലെയാക്കുവാൻ ശ്രമിക്കരുത്!"

"നിങ്ങൾ കുഞ്ഞുങ്ങളെപ്പോലെയാകുവിൻ" എന്ന് കർത്താവ് പഠിപ്പിച്ചതിന്റെ പൊരുളും ചിത്രവും ഇതുതന്നെയല്ലേ. നിഷ്കളങ്കതയോടെ പുഞ്ചിരിക്കുവാൻ, സ്വാർത്ഥതയില്ലാതെ സ്നേഹിക്കുവാൻ, പരിഭവങ്ങളില്ലാതെ കൂട്ടുകൂടുവാൻ നാം അവരോളം വളരണം. തകർന്നുപോയ സ്വന്തം സ്വപ്നങ്ങളുടെ പഴകിയ അളവുകോലുകൾക്കൊണ്ട് മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ മേൽ ആഗ്രഹങ്ങളുടെ കുപ്പായങ്ങൾ നെയ്യുവാൻ തുടങ്ങുമ്പോൾ, മങ്ങിപ്പോകുന്നത് അവരുടെ ജീവിതത്തിന്റെ നിറങ്ങളാണ്. ബാല്യമിന്ന് ഞെരുങ്ങിയ മരുകയാണ്; സ്വാർത്ഥതയും ലാഭക്കൊതിയും കച്ചവടക്കണ്ണും ഒക്കെ പ്രതികരിക്കാനാവാത്ത അവരുടെ ജീവിതങ്ങളെ കണ്ണീർ നനവിൽ അലിയിച്ചു കളയുന്നു. ഡിസ്പോസിബിൾ സംസ്കാരം വളർന്നിന്ന് മനുഷ്യബന്ധങ്ങളോളം എത്തിയിരിക്കുന്നു. എന്തും ഉപയോഗിക്കാം, എന്തും വലിച്ചെറിയാം; അത് ബന്ധങ്ങളാണെങ്കിൽപോലും. രക്തത്തോളം.... മാംസത്തോളം... പിന്നെ ആത്മാവിനോളം സ്നേഹിക്കുന്നതിനോടേ നമുക്ക് നീതി പുലർത്താനാവൂ... അതിനെ മാത്രമേ ഹൃദയത്തോട് ചേർത്തുപിടിക്കാനാവൂ... നമ്മുടെ ഹൃദയങ്ങളുടെ ശ്രീകോവിലുകളിൽ ഉത്സവം സൃഷ്ടിക്കേണ്ട ബാല്യങ്ങൾ ഏകാന്തതയുടെ തെരുവുകളിൽ അലയുന്നുവെങ്കിൽ നാം തിരികെ നടക്കണം, അവരെ കണ്ടെത്തും വരെ. സ്നേഹിക്കണം, അവർക്കു ചുറ്റും കരവലയം തീർക്കും വരെ.



നിഷ്കളങ്കതയിൽ നീയൊരു മഞ്ഞുതുള്ളിയും പുഞ്ചിരിയിൽ നീയൊരു മഴവില്ലുമാണ്. ചിരി മാഞ്ഞുപോകുന്ന ബാല്യങ്ങൾ ഇനിയും ഇവിടെ പിറക്കാതിരിക്കട്ടെ. ആർത്തലയ്ക്കുന്ന സ്വാർത്ഥതയുടെ മഴ സൃഷ്ടിച്ച പ്രളയത്തിൽ നമ്മുടെ ബാല്യങ്ങൾ ഒഴുകിപ്പോകാതിരിക്കട്ടെ. ഉരിഞ്ഞുപോയ അവരുടെ വസ്ത്രങ്ങൾക്കു പകരം സ്നേഹത്തിന്റെ പുതിയ കുഞ്ഞുടുപ്പുകൾ നെയ്തെടുക്കാം. ഒരുപക്ഷേ അതവർക്ക് സമ്മാനിക്കുന്നത് പുതിയൊരു പ്രഭാതം തന്നെയാവും. വിസ്മയം വിടർത്തുന്ന അവരെ ആകാശവിഹായസ്സുകളോളം വളർത്താം, ആകാശനീലിമയെ അവർ ചുംബിക്കും വരെ.

# ഐക്യദീപം
## Aikyadeepam

2015 ജൂലൈ പുസ്തകം 46 ലക്കം 7



▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

▶ സർക്കുലേഷൻ മാനേജർ
ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam

Annual Subscription ` 120.00
Single Copy ` 10.00
Overseas: $40.00 or ` 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com


# CONTENTS




















06 **നിരാലംബ ബാല്യങ്ങളുടെ തേങ്ങലുകൾ**
മീരാകൃഷ്ണ

09 **കാറ്റിൽ കൊഴിഞ്ഞ ഇലകൾ**
പ്രൊഫ. മോഹൻദാസ്

12 **തകരുന്ന മൂല്യങ്ങൾ**
ജയശ്രീ കിഷോർ

17 **നിക്ഷേപം - കഥ**
സി. ഗ്ലാഡിസ് ഒ.എസ്.എസ്.

14 **ക്രിസ്താനുകരണം**
ഡോ. ജോൺ റ്റി. ഏബ്രഹാം തേവരേത്ത്

17 **നവീകരണത്തിന്റെ കനലുമായി തിരുസഭയിൽ**
സി. ഗ്ലാഡിസ് ഒ.എസ്.എസ്.

21 **സമയചക്രം - കഥ**
മഞ്ഞുതുള്ളി

21 **കുട്ടികളുടെ അവകാശങ്ങൾ**

32 **PRAYER**
Bro. Jerry Mathew






All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com



# ഇടയശബ്ദം

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**

“കുട്ടികളെ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ! അവരെ തടയരുത്''(മത്തായി 19:14) എന്ന് യേശുനാഥൻ അരുളിചെയ്തത് എക്കാലത്തും പ്രസക്തമായ സന്ദേശം തന്നെയാണ്. കുട്ടികളെപ്പോലെ ആകുന്നവർക്കെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയൂ എന്നു കർത്താവ് അരുളിചെയ്തപ്പോൾ നാം സാധാരണ കാണുന്ന രീതിയിലും വിലയിരുത്തുന്ന രീതിയിലും അവരെ കണ്ടാൽ പോരാ, മറിച്ച് നാം കാണാത്തത് കണ്ടുകൊണ്ട് അവരുമായുള്ള ബന്ധവും അടുപ്പവും ക്രമീകരിക്കണം എന്നാണ് കർത്താവ് പറഞ്ഞ വാചകത്തിന്റെ പൊരുൾ. കുട്ടികൾ വളരണമെങ്കിൽ അവർ കർത്താവിന്റെ പക്കൽ എത്തണം. അല്ലാത്തതൊന്നും വളർച്ചയല്ല, മറിച്ച് തളർച്ചയാണെന്ന് മനസിലാക്കുക. “ഞാൻ വന്നിരിക്കുന്നത് അവർക്കു സമൃദ്ധമായ ജീവൻ പ്രദാനം ചെയ്യാനാണെന്ന്”(യോഹ. 10:10) പറഞ്ഞപ്പോൾ ഈ അടുക്കലേക്കുള്ള ക്ഷണം പൂർണ്ണതയ്ക്കും സമൃദ്ധമായ ജീവനും വേണ്ടിയാണ്. കർത്താവിന്റെ അടുക്കൽ ആയിരിക്കുമ്പോൾ ഒരു വ്യക്തി പൂർണ്ണതയിലേക്കെത്തുന്നു.

നമുക്കു ചുറ്റും പടർന്നു പന്തലിക്കുന്ന അക്രമവാസനയും കുട്ടികളെയും മറ്റും ദുരുപയോഗിക്കുന്നതും അനുദിനം ഉണ്ടാകുന്ന ഇത്തരം ഭീകരവും ക്രൂരവുമായ സംഭവങ്ങളും കുട്ടികളുടെ അവകാശത്തെക്കുറിച്ച് ചിന്തിക്കുവാൻ നമ്മെ നിർബന്ധിപ്പിക്കുന്നു. കുട്ടികൾ നന്നായാൽ എത്ര തലമുറകളാണ് നന്നാകുന്നത്. അതുപോലെ കുട്ടികൾ തിന്മയ്ക്ക് അടിമപ്പെട്ടാൽ എത്ര തലമുറകളിലേക്കായിരിക്കും അതിന്റെ ദോഷ ഫലങ്ങൾ എത്തുക. സമൂഹത്തിന്റെയും തലമുറകളുടെയും നന്മയ്ക്ക് ഏറ്റം ആവശ്യമായ കാര്യം കുഞ്ഞുങ്ങളുടെ ആത്മീയവും ബൗദ്ധികവും മാനസികവും വൈകാരികവുമായ തലങ്ങളെ ശരിയായി വളർത്തിയെടുക്കുക എന്നതാണ്. പലരും പറഞ്ഞ് കേൾക്കുന്നത്: കുഞ്ഞുങ്ങളെ വളർത്തുവാൻ നാം ഇനിയും പഠിച്ചിട്ടില്ലായെന്നതാണ്. അതുകൊണ്ട് നാം അറിയുന്ന രീതിയിലും നമുക്കു സൗകര്യപ്പെടുന്ന രീതിയിലുമാണ് കുട്ടികളെ വളർത്തുന്നത്. മുതിർന്നവരായ നമ്മൾ നമ്മുടെ കുട്ടിക്കാലവും നമ്മെ വളർത്തിയെടുത്തരീതികളുമാണ് നമ്മുടെ കുട്ടികളോടുള്ള സമീപനത്തിൽ പുലർത്തുന്നത്. നാം ചെയ്യുന്നത് ശരിയാണോ- കുട്ടികളുടെ ശരിയായ വളർച്ചയ്ക്കുതകുന്നതാണോ എന്ന് ചിന്തിക്കാറില്ല. പലപ്പോഴും നാം കുട്ടികൾക്കു താങ്ങാ




വുന്ന സമ്മർദ്ദങ്ങളല്ല നൽകുന്നത് എന്നത് ഒരു സത്യം തന്നെ. എതിർക്കാൻ ശേഷിയില്ലാത്തതിനാലും സ്വന്തകാര്യം വേണ്ടതുപോലെ മറ്റുള്ളവരെ അറിയിക്കാൻ കഴിയാത്തതുകൊണ്ടും മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തക്കേടുകളുടെയും സ്വാർത്ഥതയുടെയും ബലിയാടുകൾ ആകേണ്ടിവരുന്നതിനാലും ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ മാതാവിന്റെയോ പിതാവിന്റെയോ തടവറയിൽ കഴിയേണ്ടിവരുന്ന ദുരവസ്ഥയിൽ ആയി പോകുന്നതുകൊണ്ടും നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതം ഏറെ സങ്കടകരമായിരിക്കുന്നു. പണ്ടുകാലങ്ങളിൽ വല്യപ്പച്ചന്റെയും വല്യമ്മച്ചിയുടെയും സ്നേഹവാത്സല്യത്തിൽ വളർന്ന പൈത

(ശേഷം പേജ് 36)



# നിരാലംബ ബാല്യങ്ങളുടെ തേങ്ങലുകൾ



**മീരാകൃഷ്ണ**
(മാനേജർ,
അസെൻഡ് പബ്ലിക്കേഷൻ
കോട്ടയം)

നമ്മുടെ ഈ പ്രപഞ്ചത്തിൽ ജീവന്റെ ഉല്പത്തിയുണ്ടായിട്ട് അനേക കോടി വർഷങ്ങൾ കഴിഞ്ഞു. മനുഷ്യരും മൃഗങ്ങളും സമാനമായി ജീവിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. വർഷങ്ങൾ പിന്നിട്ടപ്പോൾ മനുഷ്യ ജീവിതത്തിന് അവർണ്ണനീയമായ പരിവർത്തനങ്ങൾ ഉണ്ടായി. ഗ്രഹാന്തരയാത്രവരെ ചെയ്ത മനുഷ്യൻ തന്റെ കൈവിരൽത്തുമ്പിൽ പ്രപഞ്ചത്തെ ഒതുക്കി. മനുഷ്യന്റെ വളർച്ചയ്ക്കു പ്രധാന കാരണം അവന്റെ ചിന്താശക്തിയാണ്. പ്രപഞ്ചശക്തികളെപ്പോലും കീഴടക്കി സുഖജീവിതം നയിക്കുന്ന മനുഷ്യനൊരു മഹാപ്രതിഭാസമായി മാറി.

കുടുംബവ്യവസ്ഥ - അതാണ് മനുഷ്യജീവിതത്തെ മറ്റുള്ളവയിൽനിന്നും വേർതിരിക്കുന്ന ഒന്ന്. അച്ഛനും അമ്മയും മക്കളും ചെറുമക്കളുമടങ്ങുന്ന കുടുംബം. സ്നേഹത്തിന്റെ പൊൻചരടി

നാൽ പരസ്പരബന്ധിതർ – ഈ അന്തരീക്ഷത്തിൽ ആരോഗ്യവും സന്തോഷവും നിറഞ്ഞു നിന്നു. ഓരോ ധന്വന്തരിയേയും ചുമലിലേറ്റുന്ന അമ്മയുടെയും അഷ്ടാംഗഹൃദയം നെഞ്ചിലേറ്റുന്ന അച്ഛന്റെയും സ്നേഹത്തണലിൽ കുട്ടികൾ വളർന്നു. ഇന്നത്തെ അണുകുടുംബവ്യവസ്ഥയിൽ നമുക്കു സ്നേഹബന്ധങ്ങളും സുരക്ഷിതത്വവും കൈമോശം വരുന്നു. ഈ പ്രപഞ്ചത്തെ മുഴുവൻ വാത്സല്യത്തോടെ ചേർത്തു നിർത്തുന്ന ഊഷ്മള വികാരം മാതൃഭാവത്തിൽനിന്നുടലെടുക്കുന്നതാണ്. പെറ്റമ്മയും പോറ്റമ്മയുമാകുന്ന സ്ത്രീ ആർദ്രതയുടെ ഉറവിടമാണ് എന്നിട്ടും എന്തുകൊണ്ടാണ് ലോകം മുഴുവൻ കുമളിയിലെ ഷെഫീക് എന്ന പൊന്നോമനയെ ഓർത്തു തേങ്ങിക്കരഞ്ഞത്. മാതാപിതാക്കൾ ജീവിച്ചിരുന്നിട്ടുപോലും സ്വന്തം വീട്ടിൽ ആർക്കും വേണ്ടാത്തവനായി തീർന്നത് എന്തുകൊണ്ട്. കേവലം നാലുവർഷത്തെ ജീവിതത്തിനിടയിൽ സംരക്ഷിക്കേണ്ടവരുടെ പൈശാചികത്വത്താൽ ഓരോ നിമിഷവും അലറിക്കരയേണ്ടി വന്നിട്ടും അലറിയാതിരിക്കാൻ വെറും ശിലയായി മാറിയോ രക്ഷകർത്താക്കൾ. 2012 –2013–2014 വർഷങ്ങളിൽ ഏറ്റവും കൂടുതൽ ബാലപീഡനം നടന്ന നാടാണു കേരളം. സംരക്ഷിക്കേണ്ട കരങ്ങൾ കൊണ്ടു പ്രാണൻ പിടയുമ്പോഴും അച്ഛനേയും അമ്മയേയും വിളിച്ച് നെഞ്ചുപൊട്ടിക്കരയുന്ന ഓരോ പിഞ്ചുകുഞ്ഞിന്റേയും നൊമ്പരം നെഞ്ചിലേറ്റി ഞാൻ ചോദിക്കുന്നു. പ്രിയപ്പെട്ട മാതാപിതാക്കളേ, നിങ്ങളുടെ മക്കളെ നിങ്ങൾക്കു വേണ്ടേ–നമ്മുടെ പൊന്നു മക്കൾ നമ്മളോട് എന്ത് തെറ്റാണ് ചെയ്തത്?


**ഇന്നത്തെ അണുകുടുംബ വ്യവസ്ഥയിൽ നമുക്കു സ്നേഹബന്ധങ്ങളും സുരക്ഷിതത്വവും കൈമോശം വരുന്നു. ഈ പ്രപഞ്ചത്തെ മുഴുവൻ വാത്സല്യത്തോടെ ചേർത്തു നിർത്തുന്ന ഊഷ്മള വികാരം മാതൃഭാവത്തിൽനിന്നുടലെടുക്കുന്നതാണ്.**

നൊന്തുപെറ്റ മക്കളെ പണത്തിനുവേണ്ടി വിൽക്കുന്ന മാതാപിതാക്കൾ. സ്വന്തം മാതൃപിതൃബന്ധത്തിന്റെ പവിത്രത നഷ്ടപ്പെടുത്തി മക്കളെപ്പോലും ഇരയായി കരുതി വികാരശമനം തേടുന്ന അപ്പന്മാർ – മക്കളെ വിൽക്കാൻ കൂട്ടുനിൽക്കുന്ന അമ്മമാർ. ഇങ്ങനെ നശിപ്പിക്കുന്ന കുഞ്ഞുങ്ങളുടെ പ്രായം 1, 3, 5, 6, 7 8 എന്നൊക്കെ ഞെട്ടലോടെയാണ് നമ്മൾ കേൾക്കുന്നത്. കുട്ടികളെ സംരക്ഷിക്കേണ്ട നാലു ചുമരുകൾ പലപ്പോഴും അവർക്ക് കൊടിയ മർദ്ദനമുറികളായി മാറുന്നു. എട്ടും പൊട്ടും തിരിയാത്ത പൊന്നുണ്ണികളുടെ കണ്ണുനീരീൽ കുതിരുകയാണ് ഓരോ പുലരിയും. കാമുകനോടൊത്തു പോകാൻ സ്വന്തം കുഞ്ഞിനെ ഇഞ്ചിഞ്ചായികൊന്ന അമ്മയുടെയും കിണറ്റിലെറിഞ്ഞുകൊന്ന അമ്മയുടേയും രാവിലെ ചക്കരമുത്തം കൊടുത്തു യാത്രയാക്കിയ പൊൻകുരുന്നിനെ കാമുകനെ അയച്ചു കൊല ചെയ്യിച്ച അമ്മയുടേയും അല്പം മറ കിട്ടിയാൽ തൊട്ടിലിൽ കിടക്കുന്ന കുഞ്ഞിലും രതിസുഖം കണ്ടെത്തുന്ന അച്ഛന്മാരും അപ്പൂപ്പന്മാരും ഇവിടെയുണ്ട്. എവിടെയാണു ഈ കുഞ്ഞുങ്ങൾക്ക് സുരക്ഷിതത്വം കിട്ടുന്നത്. വെളിയിൽ ഒരു കുട്ടി ആക്രമിക്കപ്പെടുന്നതിനേക്കാൾ കൂടുതൽ സ്വന്തം കുടുംബത്തിനുള്ളിലാണെന്നുള്ളതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത. വീട്ടിൽ, നാട്ടിൽ, വണ്ടിയിൽ, സ്കൂളിൽ, ആശുപത്രികളിൽ ആരാധനാലയങ്ങളിൽ, ബന്ധുഗൃഹങ്ങളിൽ എല്ലാം നമ്മുടെ കുട്ടികൾ പലവിധത്തിൽ പീഡിതരാകുന്നു മാനസികമായും ശാരീരികമായും. 2010–ലെ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ദ റൈറ്റ് ഓഫ് ചൈൽഡിന്റെ കണക്കുപ്രകാരം ലൈംഗീക ചൂഷണത്തിനു വിധേയരാകുന്ന കുട്ടികളുടെ നിരക്ക് 61.22 ആണ്. അതിസുരക്ഷിതം എന്നു വിശേഷിപ്പിക്കുന്ന വാസഗൃഹങ്ങളുടെ നാലു ചുമരുകൾക്കുള്ളിലും കുട്ടികൾ സുരക്ഷിതരല്ല എന്നു കാണാം. ബാലവേല നിയമംമൂലം നിരോധിച്ചെങ്കിലും പലസ്ഥലങ്ങളിലും കുട്ടികളെക്കൊണ്ട് കഠിനമായി ജോലി ചെയ്യിക്കുന്നത് കാണാറുണ്ട്. അശ്വത്ഥമാ ഹത: എന്ന് ഉറക്കെയും “അത് ഒരു ആന” എന്നു പതുക്കെയും പറഞ്ഞ് സത്യം ദീക്ഷിക്കുന്ന രാഷ്ട്രീയ നേതാക്കന്മാരുടെ നാടാണ് ഇന്ന് കേരളം. ഭിക്ഷാടന മാഫിയായുടെ കൈയ്യിൽ അകപ്പെടുന്ന ധാരാളം കുട്ടികളുണ്ട്. അംഗവൈകല്യം വരുത്തിയും അല്ലാതെയും കുട്ടികളെക്കൊണ്ട് ഭിക്ഷ എടുപ്പിക്കുന്നു. നാം തന്നെയാണ് ഇവരെ വളർത്തു



ന്നത്. Travancore Prevention Act പ്രകാരവും (1954) Cochin Vegrancy Act പ്രകാരവും Madras Prevention of begging Act പ്രകാരവും ഭിക്ഷാടനം കുറ്റകൃത്യമാണ്. ഈ നിയമങ്ങൾ നടപ്പാക്കുന്നതിൽ അതിന്റെ ഉദ്യോഗസ്ഥന്മാർ പരാജയപ്പെട്ടിരിക്കുകയാണ്.

മദ്യവും മയക്കുമരുന്നും കഴിച്ച് എത്തുന്ന അപ്പന്മാരുടെ പക തീർക്കുന്നതും പാവം കുഞ്ഞുങ്ങളിലാണ്. ശിഥിലമായ ദാമ്പത്യബന്ധങ്ങളും വഴിപിഴച്ച ജീവിതവുമൊക്കെയാണ് ഇതിന്റെ കാരണം. ആധുനിക സൗകര്യങ്ങൾ ഏറെ വികസിച്ചപ്പോൾ മനുഷ്യൻ സുഖലോലുപനായി മാറി. സ്വാർത്ഥനായി. സ്വന്തം സുഖത്തിനുവേണ്ടി ഏതു ഹീനപ്രവൃത്തിയും ചെയ്യാൻ മടിയില്ലാത്തവരായി. മനുഷ്യകുലത്തിന്റെ ഭൂതകാല കൂട്ടായ്മ അവസ്ഥയിൽനിന്ന് ഇന്ന് ജീവിതം സ്ഥാപനവൽക്കരിക്കപ്പെട്ട അവസ്ഥയിൽ എത്തി കൊട്ടാരം പോലുള്ള വസതികളിൽപോലും അസംതൃപ്തിയുടെ ശബ്ദമാണ് കേൾക്കുന്നത്. സ്നേഹവും വാത്സല്യവും ആദരവും നിറഞ്ഞു നില്ക്കേണ്ട കുടുംബങ്ങൾ ഇന്ന് വെറുപ്പിന്റെയും ഭീതിയുടെയും നിരാശയുടെയും രഹസ്യങ്ങളുടെയും വേദികളായി മാറുന്നു. മദ്യം, മൊബൈൽ ഫോൺ, ഇന്റർനെറ്റ് മറ്റ് ലഹരി പദാർത്ഥങ്ങൾ ഇങ്ങനെ പല തുകളിലും സുഖം തേടി അലയുമ്പോൾ ഇതിനിടയിൽ വീർപ്പുമുട്ടുന്ന നിരാലംബ ബാല്യങ്ങളുടെ തേങ്ങലുകൾ ആരു കേൾക്കാൻ..... •





# കുട്ടികളുടെ

**അഡ്വ. ജെയ്മോൾ ജോസഫ്**

"ജനങ്ങൾക്കു വേണ്ടി രാഷ്ട്രം, രാഷ്ട്രത്തിനു വേണ്ടി ജനങ്ങൾ..... ഭാരതീയ ജനാധിപത്യ നിയമസംവിധാനത്തിന്റെ ആപ്തവാക്യമാണിത്. രാഷ്ട്രവും ജനങ്ങളും തമ്മിലുള്ള പാലമാണ് നിയമങ്ങൾ. നിലനിൽക്കുവാനും മുന്നേറുവാനും ഏകമനോഭാവവും നിയമബോധവും ആവശ്യമാണ്. ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്ലബ്ലിക്കായി കെട്ടിപ്പടുക്കുകയും എല്ലാ പൗരന്മാർക്കും സമത്വവും നീതിയും സ്വാതന്ത്ര്യവും ലഭ്യമാക്കുകയും സാഹോദര്യം വളർത്തുകയുമാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് ഭരണഘടനയുടെ ആമുഖത്തിൽ വ്യക്തമാക്കുന്നു. ആ ലക്ഷ്യത്തിലേക്ക് മുന്നേറുവാൻ ശീലങ്ങൾ തുടക്കം മുതലേ ഉണ്ടാവണം. നിയമസംരക്ഷണം ചെറുപ്രായം മുതൽ ലഭ്യമാകണം. ഇന്നത്തെ കുട്ടികളാണ് നാളത്തെ ഭാരതം. കുട്ടികൾക്ക് സംരക്ഷണവും നീതിയും ഉറപ്പാക്കണം. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന നൽകുന്നതിന് ഭരണഘടന എതിരല്ല. വിവേചനം അരുതെന്ന് പറയുന്ന അനുചേദം 15 ൽ തന്നെ ഒരു പ്രത്യേക വ്യവസ്ഥയുണ്ട്. ഈ അനുചേദത്തിൽ ഉള്ള യാതൊന്നും സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക വ്യവസ്ഥ ഉണ്ടാകുന്നതിന്



# അവകാശ സംരക്ഷണ നിയമങ്ങൾ




തടസമില്ല.

ഇതിന്റെ അടിസ്ഥാനത്തിൽ നിരവധി നിയമങ്ങൾ കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടിയുണ്ട്. അവയിൽ ചിലത് സൂചിപ്പിക്കുന്നു.ഭരണഘടനയിൽ 24-ാം അനുച്ഛേദം ബാലവേല നിരോധിച്ചിരിക്കുന്നു. ഒപ്പം തന്നെ കൊച്ചുകുട്ടികളെ മുതിർന്നവർ തങ്ങളുടെ സങ്കുചിത താല്പര്യങ്ങൾക്കു വേണ്ടി ദുരുപയോഗപ്പെടുത്തരുതെന്ന് 39(e) അനുച്ഛേദത്തിൽ പറയുന്നു. പൊതുവേ പറഞ്ഞാൻ സംരക്ഷണത്തിനുള്ള അവകാശമാണ് കുട്ടികളുടെ പ്രാഥമികമായ അവകാശം അതോടൊപ്പം തന്നെ വളരെ പ്രധാനപ്പെട്ട നിയമമാണ് ബാലനീതി നിയമം- 2000. സാധാരണ ക്രിമിനൽ നിയമനടപടികൾ അല്ല കുട്ടി കുറ്റവാളികളുടേയും കുട്ടികളുടെയും കാര്യത്തിൽ വേണ്ടതെന്ന് ഈ നിയമം പറയുന്നു. കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ബോർഡും നിരിക്ഷണ ഗൃഹവും സ്ഥാപിക്കണമെന്ന് നിയമം പറയുന്നു. അതോടൊപ്പം ശ്രദ്ധയും പരിചരണവും ലഭ്യമാക്കാൻ ബാലഭവനുകൾ നിർബന്ധമാക്കാനുള്ള നിയമം.

കുട്ടികളും വിദ്യാർത്ഥികളും അറിഞ്ഞിരിക്കേണ്ട മറ്റൊരു നിയമാണ്. The Kerala Prohibition of Ragging Act-1998 റാഗിങ് തടയുന്നതിനുള്ള നിയമമാണ്. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന മാനസികമോ ശാരീരികമോ ആയ ഉപദ്രവം ഉണ്ടാകുമ്പോൾ ആ വിദ്യാർത്ഥിയിൽ ഭീതിയോ ജാള്യതയോ വേവലാതിയോ ഉണ്ടാകുന്ന രീതിയിൽ പെരുമാറണമെന്നതാണ് റാഗിങ്. റാഗിങ് നടത്തുന്ന വ്യക്തിക്ക് 2 കൊല്ലം വരെ തടവു ശിക്ഷ ലഭിക്കാം.

ഇന്ന് നിലവിൽ ഇരിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ഏറ്റവും ശക്തമായ നിയമമാണ് കുട്ടികളെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് തടയുന്ന നിയമം 2012 ൽ പാസ്സാക്കിയത്.

1. **സംരക്ഷണം ലഭിക്കുന്നത് ആർക്ക്?**

   18 വയസ്സിൽ താഴെയുള്ള എല്ലാ ആൺ- പെൺ കുട്ടികൾക്കും ഈ നിയമപ്രകാരം സംരക്ഷണം ലഭിക്കുന്നു.

2. **എന്താണ് ഈ നിയമത്തിന്റെ പ്രത്യേകതകൾ**

   ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക, കുറ്റവാളികൾക്ക് കഠിനമായ ശിക്ഷ നൽകുക, കുട്ടികൾക്കേതിരേയുള്ള അതിക്രമങ്ങൾക്ക് പ്രത്യേക കോടതി സ്ഥാപിക്കുക.

3. **എപ്രകാരമുള്ള ശിക്ഷകൾ**

   (a)ലൈംഗികമായോ ശാരീരികമായോ ഉപദ്രവിച്ചാൽ ഏഴു വർഷത്തിൽ കുറയാതും പരമാവധി ജീവപര്യന്തം തടവും ലഭിക്കാം.


   (b)കുട്ടികൾക്ക് എതിരേയുള്ള പീഡനം നടത്തുന്നത് സംരക്ഷിക്കൻ ബാദ്ധ്യതയുള്ളവർ ആണെങ്കിൽ അവർക്ക് പത്ത് വർഷം മുതൽ ജീവപര്യന്തം വരെ തടവുലഭിക്കാം.

# കാറ്റിൽ കൊഴിഞ്ഞ ഇലകൾ

പ്രൊഫ. മോഹൻദാസ്

"ഇവിടെ നിന്റെ ശരീരം തെരുവിൽ
കഴുകൻ കൊത്തിവലിക്കുന്നു
ഇവിടെ നിന്റെ കവിൾചോപ്പിലവർ
കരിമഷി വാരിയുരയ്ക്കുന്നു
കനവുകളൊക്കെ കൊഴിഞ്ഞിതാ
കാൽക്കീഴിലമരുന്നു ചപ്പിലകൾ പോലെ..."

പോരാട്ടങ്ങളിലൂടെ വളർന്നുവന്ന രാജ്യമാണ് ഇന്ത്യ. പൊതുവിൽ സാമൂഹ്യരംഗത്ത് മുന്നേറ്റങ്ങളുണ്ടായെങ്കിലും സ്ത്രീകളുടെ അവസ്ഥ ഏറെയൊന്നും മെച്ചപ്പെട്ടില്ല. സ്വാതന്ത്ര്യസമരത്തിലും നവോത്ഥാന പ്രസ്ഥാനങ്ങളിലുമെല്ലാം സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായെങ്കിലും അവയ്ക്ക് അതേ അളവിൽ തുടർച്ചയുണ്ടായില്ല എന്ന് കാണാം. പുരാണ ശാസ്ത്രവിധി പ്രകാരം സ്ത്രീ ദേവതയും പൂജനീയയായ വ്യക്തിയുമാണ്. ജീവിതാവസാനം വരെ അവൾ പുരുഷാധിപത്യത്തിനു കീഴടങ്ങി നിൽക്കേണ്ടവളാണെന്നുമാണ് വയ്പ്. സ്ത്രീപുരുഷന്മാരെപ്പറ്റി പൊതുവിലും സ്ത്രീകളെ സംബന്ധിച്ച് വിശേഷിച്ചും സമൂഹം പരിപാലിച്ചു പോരുന്ന കാഴ്ചപ്പാടുകളാണ് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളുടെ അടിത്തറ. കാരണം അവ ബാഹ്യതലത്തിലും ആന്തരിക തലത്തിലും സ്ത്രീവിരുദ്ധമാണ്. നിയമങ്ങളിലും ചട്ടങ്ങ



ളിലും സ്ത്രീയെ തളച്ചിടാനും അതിനനുസരിച്ച് കടിഞ്ഞാൽ വലിച്ച് അവളെ നിയന്ത്രിക്കാനും കേരളീയ സമൂഹം എന്നും മുൻപന്തിയിലായിരുന്നു. വികസനത്തിനുവേണ്ട ഒട്ടുമുക്കാൽ ജീവിത സൂചികകളും അനുയോജ്യമായ ദൈവത്തിന്റെ സ്വന്തം നാടെന്നും സമ്പൂർണ്ണ സാക്ഷര കേരളമെന്നുമൊക്കെ ഓമനപേരുകളും പദവികളും നേടിയ നാട്. ഇതിനെയെല്ലാം അർത്ഥശൂന്യമായ വെറും പാഴ്‌വാക്കുകളാക്കി നിർത്തികൊണ്ട് അസഭ്യതയുടെ നാടായി മാറിക്കൊണ്ടിരിക്കുന്നു. സ്ത്രീയെ വെറും ഉപഭോഗവസ്തുവായി നോക്കിക്കൊണ്ട് നമ്മുടെ ചിന്താധാരകളെ കീഴ്മേൽ മറിക്കുന്നു. ഒരു പരിഷ്കൃത സമൂഹം എന്നഭിമാനിക്കുന്നവർക്ക് ഒട്ടും ഭൂഷണമല്ലാത്ത പ്രവർത്തികൾക്കാണ് നാം ദൈനംദിനം സാക്ഷികളായിക്കൊണ്ടിരിക്കുന്നത്.

കൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ പല രീതികളിലുള്ളതാണ്. ബലാത്സംഗങ്ങൾ, ലൈംഗീകമായി ശല്യം ചെയ്യൽ, ഫീമെയിൽ ജെനിറ്റൽ മ്യൂട്ടിലേഷൻ, നിർബന്ധിത വേശ്യാവൃത്തി, മാരിറ്റൽ റേപ്പ്, നിർബന്ധിത വിവാഹം, ശൈശവ വിവാഹം, മനുഷ്യകടത്ത്, ലൈംഗിക ചൂഷണം, രക്തബന്ധമുള്ളവരുടെ രഹസ്യപീഡനം, ഡൊമസ്റ്റിക് വയലൻസ്, കുട്ടികളെ ലൈംഗീകമായി ഉപയോഗിക്കുക, ഫീമെയിൽ ഇൻഫെന്റിസൈഡ് തുടങ്ങിയവയാണ് പ്രധാനം. പുരുഷമേധാവിത്വം പലപ്പോഴും സംസ്കാരത്തിന്റെ ഭാഗമായാണ് കരുതുക. ലൈംഗീക അതിക്രമങ്ങളിൽ ഏറെയും നടക്കുന്നത് കുടുംബങ്ങളിൽ തന്നെയാണെന്നും ഇരയുമായി ഏറ്റവും അടുത്ത രക്തബന്ധമുള്ളവരോ, അയൽവാസിയോ ആയിരിക്കും മുഖ്യപ്രതിസ്ഥാനത്തു വരുന്നതെന്നും മിക്ക



**ലൈംഗീക പീഡനങ്ങളിൽ കൂടുതലും കുടുംബങ്ങളിലെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നു. സംഭവങ്ങൾ പുറത്തറിയിക്കാതെ ഒളിച്ചുവയ്ക്കുന്നു. കുടുംബത്തിന്റെ മാനം രഹസ്യമായിവയ്ക്കുകയാണ് ചെയ്യുന്നത്. അച്ഛൻ, അച്ഛന്റെ സഹോദരൻ, അമ്മാവൻ, വല്ല്യച്ഛൻ ഇവരൊക്കെ മിക്ക കേസുകളിലും പ്രതികളായി വരുന്നുവെന്നതാണ് അമ്പരപ്പിക്കുന്ന വസ്തുത.**

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ രാജ്യത്തുടനീളം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിലേറെയും ലൈംഗികഅതിക്രമങ്ങളാണ് എന്നതാണ് എടുത്തുപറയേണ്ട കാര്യം. ഭരണസിരാകേന്ദ്രമായ ഡൽഹിയിലും മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, പശ്ചിമബംഗാൾ, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലും അരങ്ങേറിയ ബലാത്സംഗവാർത്തകൾ കേട്ട് അധികമാരും ഞെട്ടിയെന്നു കരുതേണ്ടതില്ല. വാർത്തകൾ കേട്ടും ദൃശ്യങ്ങൾ കണ്ടും മടുത്തവരാണല്ലോ നമ്മൾ. വിദേശ രാജ്യങ്ങളിൽ 7 ദിവസംകൊണ്ട് ശിക്ഷ നടപ്പാക്കുമെങ്കിൽ ഇന്ത്യയിൽ എത്രകാലം വേണ്ടിവരുമെന്ന് നമുക്ക് ഊഹിക്കാം. പലപ്പോഴും നിയമത്തിന്റെ പഴുതുകളിലൂടെയും രാഷ്ട്രീയസ്വാധീനത്തിലൂടെയും കുറ്റവാളികൾ രക്ഷപെടുമ്പോൾ ലൈംഗികാതിക്രമങ്ങളും കൊലപാതകങ്ങളും ആവർത്തിക്കപ്പെടുന്നു. ഏറ്റവും ഒടുവിൽ 24,923 ബലാത്സംഗ കേസുകൾ മാത്രം രജിസ്റ്റർ ചെയ്തപ്പോൾ അത് ലോകശരാശരിയെക്കാൾ കൂടുതലാണെന്ന് കാണാം. ഏറ്റവും കൂടുതൽ ബലാത്സംഗങ്ങൾ നടന്നത് മഹാരാഷ്ട്രയിലാണെങ്കിലും ന്യൂഡൽഹിയും മദ്ധ്യപ്രദേശും ഗുജറാത്തും രാജസ്ഥാനും കേരളവും പശ്ചിമബംഗാളും ഒട്ടും പിറകിലല്ലെന്ന കേസുകളുടെ എണ്ണം പരിശോധിച്ചാൽ മനസ്സിലാവും. സ്ത്രീകൾക്കും കുട്ടി

സർവ്വേകളിലും കാണുന്നു. ഇടത്തരക്കാരും ഉയർന്നവരും സംഭവങ്ങൾ രഹസ്യമായി വയ്ക്കുന്നു. കേസുകൾ ഇത്തരക്കാർ രജിസ്റ്റർ ചെയ്യുന്നില്ല. 18-നും 40 -നും വയസ്സിനിടയിലുള്ളവരാണ് ലൈംഗീക അതിക്രമങ്ങൾക്ക് ഇരയാവുന്നവരിൽ കൂടുതൽ പേരും. വിദ്യാഭ്യാസം കുറഞ്ഞവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ് ആക്രമിക്കപ്പെടുക. തൊഴിലെടുക്കുന്നവരിൽ 1000 രൂപയ്ക്കും 5000 രൂപയ്ക്കും ഇടയിൽ വരുമാനമുള്ളവരിൽ ഏകദേശം 16.3% പേർ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകുന്നുവെന്ന് പഠനങ്ങൾ കാണിക്കുന്നു. 26 വയസ്സിനും 40 ഇടയിലുള്ള വിവാഹിതരിൽ 44.9% പേർ ഗാർഹിക പീഡനങ്ങൾ ഏറ്റുവാങ്ങുന്നുണ്ട്. കേരളത്തിലെ 18 കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്യപ്പെട്ട 38,231 കേസുകളിൽ മൂന്നിലൊന്നും തിരുവനന്തപുരം, കൊല്ലം ജില്ലകളിലേതാണ്.

ലൈംഗീക പീഡനങ്ങളിൽ കൂടുതലും കുടുംബങ്ങളിലെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നു. സംഭവങ്ങൾ പുറത്തറിയിക്കാതെ ഒളിച്ചുവയ്ക്കുന്നു. കുടുംബത്തിന്റെ മാനം രഹസ്യമായിവയ്ക്കുകയാണ് ചെയ്യുന്നത്. അച്ഛൻ, അച്ഛന്റെ സഹോദരൻ, അമ്മാവൻ, വല്ല്യച്ഛൻ ഇവരൊക്കെ മിക്ക കേസുകളിലും പ്രതികളായി വരുന്നുവെന്നതാണ് അമ്പരപ്പിക്കുന്ന വസ്തുത. ഓരോ രണ്ടുമണിക്കൂറിലും പത്തു

കുട്ടികളിലൊരാൾ സ്വന്തം കുടുംബാംഗത്താൽ ലൈംഗിക അതിക്രമത്തിനിരയാവുന്നുവെന്ന് പഠനങ്ങളിൽ പറയുന്നു. ലൈംഗികപീഡനങ്ങളിൽ 40% ഉം വീടിനുള്ളിൽ നടക്കുന്നതാണ്. മാരിറ്റൽ റേപ് എന്ന പേരിൽ അറിയപ്പെടുന്ന ലൈംഗിക പരാക്രമം സ്വന്തം ഭാര്യമാരെ അതിക്രൂരമായി ബലാത്സംഗത്തിനിരയാക്കുന്ന ഭർത്താക്കന്മാരുമായി ബന്ധപ്പെട്ടതാണ്. ഭാര്യ ഭർത്താവിന്റെ ഉപഭോഗവസ്തുവാണെന്നും എന്തും ചെയ്യുവാൻ തനിക്കു സ്വാതന്ത്ര്യമുണ്ടെന്ന തെറ്റായ ധാരണയുമാണ് പുരുഷനെ ഇതിനു പ്രേരിപ്പിക്കുന്നത്. ലോകത്തെമ്പാടും പത്തു മില്യൺ കുട്ടികളാണ് നിർബന്ധിത വേശ്യാവൃത്തി ചെയ്യുന്നത്. 15 വയസ്സിനു താഴെയുള്ള ഓരോ 40 കുട്ടികളിലും ഒരാൾ നിർബന്ധിത വേശ്യാവൃത്തിക്ക് തയ്യാറാകേണ്ടിവരുന്നു. 1.2 മില്യൺ സെക്സ് വർക്കേഴ്സുണ്ട്. സെക്സ് വർക്കേഴ്സിന്റെ എണ്ണത്തിൽ 8%ഓളം വർദ്ധനവുണ്ടായിട്ടുണ്ട്. പരമ്പരാഗതവും മതപരമായ കടപ്പാടും മുദ്രകുത്തി വേശ്യാവൃത്തിയിലേക്ക് നയിക്കുന്ന സംസ്ഥാനങ്ങളിൽ രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഗുജറാത്ത് തുടങ്ങിയവ മുന്നിലാണ്. പരമ്പരാഗതമായി ഫ്യൂഡൽ പ്രഭുക്കന്മാർക്ക് കാഴ്ചവയ്ക്കുന്നത് ബദിയ, കക്കാനഗ്ള, ഗുജർ തുടങ്ങിയ ആദിവാസി വിഭാഗങ്ങളെയാണ്. രാജസ്ഥാൻ, ഗുജറാത്ത്, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ആയിരക്കണക്കിന് കുട്ടികളെ അക്ഷയതൃതീയപോലെയുള്ള വിശേഷ ദിവസങ്ങളിൽ കൂട്ടമായി വിവാഹം ചെയ്യിപ്പിക്കുന്നു. ഇതിൽ 90% ഉം ശൈശവ വിവാഹങ്ങളാണ്. പലപ്പോഴും വരനായെത്തുന്നയാൾ പ്രായം കൂടിയവരായിരിക്കും. തുടർച്ചയായ ഗർഭധാരണം, ന്യൂനപോഷണം, ഗാർഹിക പീഡനങ്ങൾ തുടങ്ങിയവ കാരണം ഇത്തരം കുട്ടികൾക്ക് അകാലമരണം സംഭവിക്കുന്നു. ഇവിടെ പൊതുവെ ആയുർദൈർഘ്യം കുറവാണെന്നും കാണാം. വിദ്യാഭ്യാസം ചെയ്യുവാനോ മാന്യമായ തൊഴിൽ സാദ്ധ്യതകൾ തേടുവാനോ ഇക്കൂട്ടർക്കാവുന്നില്ല. രാജസ്ഥാനിലെ ദളിത് വിഭാഗത്തിൽപ്പെട്ട 12നും 15നും ഇടയിൽ പ്രായമുള്ള കുട്ടികളെ തെരുവോരത്ത് അച്ഛനും സഹോദരന്മാരും ചേർന്ന് വിലപേശി കച്ചവടമുറപ്പിക്കുന്ന ഹീനമായ സംഭവങ്ങളുടെ ഞെട്ടിപ്പിക്കുന്ന വാർത്തകളും ലഭ്യമാണ്.

കേരളത്തിൽ കഴിഞ്ഞ സെപ്തംബർ അവസാനം റിപ്പോർട്ടു ചെയ്യപ്പെട്ട സെക്ഷ്വൽ ഹറാസ്മെന്റ് (ലൈംഗിക പ്രദർശനം, ലൈംഗികമായി ശല്യം ചെയ്യൽ) 9,758 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 962 മലപ്പുറത്തും, 828 തിരുവനന്തപുരം റൂറലിലും, 742 കണ്ണൂരിലും ആണ്. മലപ്പുറത്ത്

**പട്ടിക 1**

| | ബലാത്സംഗം | മൊളസ്റ്റേഷൻ | കിഡ്നാപ്പിംഗ് (തട്ടിക്കൊണ്ടുപോകൽ) | സെക്ഷ്വൽ ഹറാസ്മെന്റ് | സ്ത്രീധന പീഡനം | ഭർത്താക്കന്മാരുടെ ക്രൂരത | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| TVM Rural | 66 | 415 | 7 | 26 | 6 | 308 | 30 |
| TVM City | 25 | 169 | 12 | 14 | 1 | 125 | 36 |
| PTA | 26 | 111 | 11 | 7 | 1 | 125 | 21 |
| KLM City | 34 | 121 | 14 | 23 | 3 | 250 | 31 |
| KLM Rural | 35 | 206 | 6 | 16 | 0 | 256 | 10 |
| ALP | 27 | 183 | 8 | 8 | 1 | 222 | 14 |
| IDU | 42 | 138 | 9 | 6 | 1 | 182 | 14 |
| KTYM | 38 | 204 | 15 | 37 | 0 | 214 | 65 |
| EKM City | 17 | 77 | 4 | 14 | 0 | 91 | 75 |
| EKM Rural | 41 | 115 | 6 | 18 | 0 | 115 | 98 |
| TRI City | 24 | 85 | 5 | 16 | 0 | 118 | 175 |
| TRI Rural | 37 | 177 | 8 | 24 | 2 | 315 | 19 |
| MLPM | 70 | 170 | 2 | 18 | 2 | 508 | 192 |
| Wayanad | 24 | 54 | 3 | 12 | 1 | 78 | 152 |
| KNR | 50 | 136 | 7 | 9 | 0 | 292 | 248 |
| KSGD | 66 | 121 | 6 | 9 | 3 | 152 | 172 |
| Railway | 0 | 35 | 0 | 70 | 0 | 0 | 19 |

(കേരള സ്റ്റേറ്റ് ക്രൈം റിക്കാർഡ് ബ്യൂറോ - 2012)

കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്ത ബലാത്സംഗ കേസ് 70 എണ്ണമാണ്. സ്ത്രീകളെയും കുട്ടികളെയും ലൈംഗികമായോ അല്ലാതെയോ ആക്രമിക്കുമ്പോൾ വിവരം നൽകുന്ന 1091 എന്ന നമ്പരിൽ അറിയിച്ചാലും വേഗം സഹായം കിട്ടുന്നില്ലെന്ന പരാതിയും വ്യാപകമായുണ്ട്. ഫണ്ടിന്റെ കുറവ്, വാഹനമില്ലായ്മ, പരിശീലനം ലഭിച്ചവരുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ഈ സംവിധാനം വേണ്ട വിധത്തിൽ പ്രവർത്തിക്കുന്നില്ലെന്നാണ് പറയുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന പല തരത്തിലുള്ള അതിക്രമങ്ങളുടെ പട്ടിക 1 കാണുക.

ലൈംഗികാതിക്രമങ്ങളിൽ മിക്കപ്പോഴും പ്രതികളാവുന്നവരിൽ ഇരയുടെ അടുത്ത ബന്ധുക്കൾ, അയൽവാസികൾ, ബസ് കണ്ടക്ടർമാർ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, ഷോപ്പ്കീപ്പേഴ്സ് തുടങ്ങിയവരാണ്. വീടുകൾ, സ്കൂളുകൾ, സഞ്ചരിക്കുന്ന വാഹനങ്ങൾ, കോളജുകൾ തുടങ്ങിയ സ്ഥലങ്ങളിലാണ് കൂടുതൽ ലൈംഗിക അതിക്രമങ്ങളും ഹറാസ്മെന്റുകളും നടക്കുന്നതെന്നും ചില സന്നദ്ധസംഘടനകളും മറ്റ് ഏജൻസികളും നടത്തിയ പഠനങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. കുട്ടികൾക്കു നേരെ കേരളത്തിൽ 2008 മുതൽ 2014 മെയ് മാസം വരെ നടക്കുന്ന പീഡനങ്ങളുടെ വിശദവിവരം പട്ടിക 2 കാണുക.

**ലൈംഗിക അതിക്രമങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം, 2012**

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഭാരത സർക്കാർ ലൈംഗിക അതിക്രമങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012-ൽ പാസ്സാക്കി. കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളെ ഏഴായി തിരിച്ച് അതിനുള്ള നടപടിക്രമങ്ങളും ശിക്ഷയും വ്യവസ്ഥ ചെയ്തു.

1. ലൈംഗിക കടന്നുകയറ്റത്തിലൂടെയുള്ള ആക്രമണം.
2. ഗൗരവതരമായ ലൈംഗിക കടന്നുകയറ്റത്തിലൂടെയുള്ള ആക്രമണം.
3. ലൈംഗിക ആക്രമണം.
4. ഗൗരവതരമായ ലൈംഗിക ആക്രമണം.
5. ലൈംഗിക പീഡനം
6. അശ്ലീല കാര്യങ്ങൾക്കുവേണ്ടി കുട്ടിയെ ഉപയോഗിക്കൽ
7. കുറ്റകൃത്യം ചെയ്യാൻ ശ്രമിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക.

കുട്ടികൾക്കെതിരെ ലൈംഗികാതിക്രമമുണ്ടായാൽ, അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ, ഏറ്റവും വേഗത്തിൽ സുരക്ഷിതമായി ബന്ധപ്പെടാവുന്ന സ്ഥാപനമാണ് ചൈൽഡ് ലൈൻ. കേരളത്തിലെ 14 ജില്ലകളിലുൾപ്പെടെ ഭാരതത്തിൽ 300 ഓളം ജില്ലക

**പട്ടിക 2**

| | 2008 | 2009 | 2010 | 2011 | 2012 | 2013 | 2014 |
|---|---|---|---|---|---|---|---|
| Total Murder | 37 | 44 | 42 | 47 | 34 | 40 | 16 |
| Infanticide | 0 | 0 | 1 | 1 | 0 | 0 | 0 |
| Other murder | 37 | 44 | 41 | 46 | 34 | 40 | 16 |
| Rape | 215 | 235 | 208 | 423 | 455 | 637 | 303 |
| Kidnapping | 87 | 83 | 111 | 129 | 147 | 136 | 49 |
| Foeticide | 0 | 0 | 0 | 0 | 1 | 1 | 0 |
| Abetiment of suicide | 4 | 0 | 3 | 2 | 3 | 9 | 3 |
| Exposure & | 6 | 7 | 9 | 4 | 4 | 4 | 0 |
| Abandonment | | | | | | | |
| Procuration of minor girls | 13 | 14 | 6 | 9 | 10 | 15 | 6 |
| Buying gils for prostitution | 0 | 0 | 0 | 0 | 0 | 0 | 0 |
| Selling girls for prostitution | 0 | 0 | 0 | 0 | 0 | 0 | 0 |
| Prohibition of child marriage Act | 4 | 0 | 6 | 3 | 6 | 11 | 10 |
| Other Crimes | 183 | 206 | 211 | 835 | 664 | 1024 | 563 |
| Total crimes | 549 | 589 | 596 | 1452 | 1324 | 1877 | 950 |

ളിൽ ഇതിന്റെ സേവനം ലഭ്യമാണ്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഏതൊരു കുട്ടിയെ കണ്ടെത്തിയാലും ആർക്കും ചെൽഡ് ലൈനിന്റെ സൗജന്യ ഫോൺ നമ്പറായ 1098 –ൽ വിവരം അറിയിക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിലെ 13 വയസ്സുകാരിയായ കുട്ടിയെ സ്വന്തം അച്ഛനും സഹോദരനും അമ്മാവനും തുടർച്ചയായി രണ്ടു വർഷം ലൈംഗികമായി പീഡിപ്പിച്ചിരുന്നു. കുട്ടിയുടെ മൂത്ത സഹോദരി ഇക്കാരണത്താൽ സഹിക്കവയ്യാതെ ആത്മഹത്യ ചെയ്തിരുന്നു. ചൈൽഡ് ലൈൻ ഉൾപ്പെടെയുള്ളവരുടെ സേവനം ലഭ്യമായതോടെയാണ് ഈ കേസ് പുറംലോകം അറിഞ്ഞത്. നിയമത്തിനും നീതിപീഠത്തിനും മുമ്പിൽ പ്രതികളെ എത്തിക്കുന്നതിന് മഹായജ്ഞം തന്നെ വേണ്ടിവരും. സാമൂഹ്യവിപ്ലവത്തിലൂടെ മാത്രമേ അത് സാദ്ധ്യമാകൂ. സ്ത്രീകളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കണം. സ്ത്രീശാക്തീകരണത്തിനായി ഇടതടവില്ലാതെ യത്നിക്കേണ്ടതുണ്ട്. വീടുകൾ സുരക്ഷിതമെന്ന് ഉറപ്പുവരുത്തണം. പഴഞ്ചൻ ആചാരങ്ങളും അന്ധവിശ്വാസചൂഷണവും അവസാനിപ്പിക്കണം. സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങളെ തടയുവാൻ അന്താരാഷ്ട്ര തലത്തിൽ തന്നെ നിരവധി പ്രഖ്യാപനങ്ങളും ആക്കുകളും നിലവിലുണ്ട്. അവയിൽ പ്രധാനപ്പെട്ടത് ഇവയാണ്.

UN Declaration on the Elimination of Violence against Women (1993)

World Conference on Human Rights (1993)

Convention on the Elimination of All Forms of Discrimination against Women (1979)

World Health Organisation Published its ‘Multi-country study on women health and domestic vilence against women’ (2004)

Council of Europe Convention (2011)

United Nations Commission on the States of Women (2013)

സമൂഹം ഒറ്റക്കെട്ടായി ഈ തിന്മകൾക്കെതിരെ പോരാട്ടത്തിനായി പടയണി ചേരേണ്ടതുണ്ട്. കുറ്റവാളികളെ നിയമത്തിന്റെ മുമ്പിലെത്തിക്കാൻ കൂട്ടായ പ്രവർത്തനത്തിലൂടെ, ഒരു സാമൂഹ്യപരിവർത്തനത്തിലൂടെ, മാത്രമേ കഴിയൂ. സ്ത്രീകളോടുള്ള പുരുഷന്മാരുടെ സമീപനത്തിൽ പാടേ മാറ്റങ്ങളുണ്ടാവണം. സാമൂഹ്യവ്യവസ്ഥകളെ കീഴ്മേൽ മറിച്ച്, സ്ത്രീകളിൽ വളരുന്ന ആത്മാവബോധങ്ങൾക്കും തിരിച്ചറിവുകൾക്കും പുത്തൻ സ്വാതന്ത്ര്യബോധത്തിനുമനുസരിച്ച് സ്വയം തിരുത്താൻ, നവീകരിക്കാൻ, കേരളീയ പുരുഷ സമൂഹത്തിനു കഴിഞ്ഞാൽ നമ്മെ അതിവേഗം ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

“തിന്മകൾ നഖം മൂർച്ച കൂട്ടുന്ന കാലത്ത്
നിങ്ങളുടെ മൗനം മഹാപാതകം...
വഴിവിളക്കൊക്കെ കെടുന്ന കാലത്തിലും
മിന്നാമിനുങ്ങിനും സൂര്യവെട്ടം.”

## ചൈൽഡ് ഹെൽപ് ലൈൻ





# തകരുന്ന മൂല്യങ്ങൾ



ജയശ്രീ കിഷോർ

ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം, മരണം ഈ ആറ് അവസ്ഥാന്തരങ്ങളിലൂടെയാണ് മനുഷ്യജന്മങ്ങൾ കടന്നു പോകുന്നത്. ഇതിൽ ബാല്യത്തിൽ നിന്ന് കൗമാരാവസ്ഥയിലേക്ക് എത്തിച്ചേരുമ്പോൾ മുതൽ സമൂഹത്തിന്റെയും മൂല്യങ്ങളുടെയും ബന്ധങ്ങളുടെയും ഒരു ഉറച്ച അടിത്തറ നമ്മിൽ ഉടലെടുക്കുമായിരുന്നു പണ്ട്.

കലിയുഗത്തിലേക്ക് കടന്നു തുടങ്ങുന്നതിന് മുമ്പ് തന്നെ അവയെല്ലാം വംശനാശം വന്ന, മരിച്ചു മരവിച്ചു പോയ വെറും ലിപികളായ് രൂപാന്തരപ്പെട്ടിരിക്കുന്നു. ഇന്ന് സമൂഹം ഭൗതികലോകത്തിന്റെ സ്വർഗ്ഗീയാനുഭൂതികളിലേക്ക് ആണ്ടിറങ്ങിപ്പോകുന്ന ദൃശ്യം നമുക്കു കാണാനാകും.

### എന്താണ് സമൂഹം?

വ്യത്യസ്ഥ സമയത്ത് തികച്ചും വ്യത്യസ്ഥരായ സ്ത്രീയും പുരുഷനും ഇണചേർന്ന് ഇണയുടെ ഗർഭപാത്രത്തിൽ വ്യത്യസ്ഥ സമയത്ത് ജനിച്ച് ഭൂമിയിലേക്ക് പിറക്കുന്ന മനുഷ്യജന്മങ്ങളുടെ കൂട്ടായ്മകളാണ് സമൂഹം. അതുകൊണ്ട് തന്നെ ഓരോ വ്യക്തിയുടെയും ചിന്തകളും കാഴ്ചപ്പാടുകളും എല്ലാം വ്യത്യസ്ഥമായിരിക്കും.

### സ്ത്രീ

ആദാമിന്റെ ആറാമത്തെ വാരിയെല്ലിൽ നിന്നാണത്രേ ദൈവം സ്ത്രീയെ സൃഷ്ടിച്ചത്. അതുകൊണ്ടുതന്നെ ആയിരിക്കാം സ്ത്രീക്ക് സമൂഹത്തിൽ ഒരു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നത്. ഒരു കാലത്ത്

ക്ഷമയുടെയും ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പര്യായമായിരുന്നു സ്ത്രീ. കാലം മാറി. നമ്മുടെ വ്യവസ്ഥിതികൾ, കാഴ്ചപ്പാട് എല്ലാം തന്നെ മാറി. New Economic Policy അതായത് വിപണി സമ്പത്ത് വ്യവസ്ഥ നിലവിൽ വന്നു. ഇപ്പോൾ വിപണിക്കാണ് മൂല്യം. ഒരു കാലത്ത് മനുഷ്യൻ ഉയർത്തിപിടിച്ച എല്ലാ മൂല്യങ്ങളും ഇന്ന് വിപണിയിൽ വിൽപ്പനയ്ക്കാണ്. ഉദാഹരണമായി ജലം, ഭൂമി, മണ്ണ് എന്തിന് ഗർഭപാത്രം വരെ ഇന്ന് വിൽപനയ്ക്കുണ്ട്. അപ്പോൾ തീർച്ചയായും സ്ത്രീയും ഇന്ന് നല്ല ഒന്നാതരം വിൽപനചരക്കാണ്. സ്ത്രീയുടെ മാതൃത്വമൂല്യങ്ങൾ പോലും ഇന്ന് സാമ്പത്തിക മൂല്യങ്ങളാണ് പരിവർത്തനപ്പെട്ടിരിക്കുന്നു. ഇന്ന് ബേബിഓയിൽ, സോപ്പ്, ഭക്ഷണം, പോഷകാഹാരം എന്നിവ നൽകുന്നവളാണ് നല്ല അമ്മ എന്നു തുടങ്ങി തലനാരിഴ മുതൽ ദാഹജലം വരെ ഇന്ന് വിൽപനയ്ക്കാണ്.



പൊതുയിടങ്ങളിൽ അവൾക്കുണ്ടാകുന്ന അപമാനം പോലും ഇന്ന് മാധ്യമങ്ങൾക്ക് ഉത്സവമാണ്. ഒരു ഒത്തുതീർപ്പ് ഉണ്ടാകും അല്ലെങ്കിൽ അവൾക്ക് നീതി ലഭിക്കും എന്ന് പൊതുജനങ്ങൾക്ക് തോന്നുമെങ്കിലും മാധ്യമങ്ങൾ മനോഹരമായി പൊതുജനത്തെ വഞ്ചിക്കുന്നു.... വിസ്മയിപ്പിക്കുന്നു. അവർക്ക് അതുകൊണ്ടു ലഭിക്കുന്ന ലാഭങ്ങളും..... പരസ്യങ്ങളും നേടുന്നു.

മാനുഷിക വികാരങ്ങൾക്കും മൂല്യങ്ങൾക്കും കാവൽ നിൽക്കുന്ന സമൂഹത്തോടൊപ്പം നിൽക്കുന്ന മാധ്യമങ്ങൾ സ്വാതന്ത്ര്യ സമരകാലത്തുണ്ടായിരുന്നു. എന്നാൽ ഇന്ന് മാധ്യമം എന്തുമായി കൊള്ളട്ടെ വ്യവസായ 'ലാഭം' മാത്രമാണ് ലക്ഷ്യം.

അങ്ങിനെ വരുമ്പോൾ എവിടെയാണ് ചൂഷണം? എന്താണിടെ ചൂഷണം ചെയ്യപ്പെടുന്നത്? ജോലിയിടങ്ങളിൽ, (ഉദ്യോഗമേഖലകളിൽ) പണത്തിന്, പ്രശസ്തിക്ക് അറിഞ്ഞുകൊണ്ട് നിന്നുകൊടുക്കുകയും സ്വയം സാമ്പത്തികനേട്ടം അതിൽ നിന്നുള്ള പ്രശസ്തി, അംഗീകാരം ഇവ അനുഭവിക്കുകയും ചെയ്യുമ്പോൾ പൂർണ്ണമായും ചൂഷണം ചെയ്യപ്പെടുന്നുവെന്ന് പറയാമോ?

സ്ത്രീ പ്രശ്നങ്ങളെ മാധ്യമങ്ങൾ കൊട്ടിഘോഷിക്കുന്നു. സ്ത്രീ വിഷയങ്ങളെ അതീവപ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്നു. പ്രത്യേകിച്ച് അവൾ അനുഭവിക്കുന്ന ദുരന്തം കൂടിയാണെങ്കിൽ അത് സ്പോൺസർ ചെയ്യുന്നത് സ്വർണ്ണത്തിന്റെ പരിശുദ്ധി വിളിച്ചോതുന്ന ജ്വല്ലറികളായിരിക്കും. സ്വർണ്ണം കൊണ്ട് നഗ്നത മറച്ച സുന്ദരികളായിരിക്കും അതിലെ മോഡലുകൾ...... സത്യത്തിൽ ഇവിടെ ചൂഷണം നടക്കുന്നത് ഇതെല്ലാം വിശ്വസിച്ച്. സഹതപിച്ച്, ദുഃഖിച്ച്, നെടുവീർപ്പിടുന്ന പൊതുജനങ്ങളാണ് അവരുടെ മൃദുലവികാരങ്ങളാണ് ഈ ചതിക്കുഴികളിൽ വെന്ത് വെണ്ണീറാവുന്നത്.

യൗവനയുക്തയായ ഒരു പെൺകുട്ടിയുടെ ഇപ്പോഴത്തെ സ്വപ്നങ്ങൾ പണം, പ്രശസ്തി, അംഗീകാരം ഇവ നേടിയെടുക്കലാണ്. അതിനായ് അവൾ ഏത് അറ്റം വരെ പോകാനും തയ്യാറാണ്. ഇവിടെ കഴിവുകൾ, കഴിവുകേടുകൾ, സൗന്ദര്യം, വൈരൂപ്യം, സമയം എല്ലാം വിൽക്കാനുള്ളതാണ്..... കൊടുക്കുന്നവന്റെയും വാങ്ങുന്നവന്റെയും ലാഭങ്ങളാണ് ഇന്നത്തെ മൂല്യങ്ങൾ......

ചാനലുകളിൽ ശരീരവടിവിന്റെ ലക്ഷണശാസ്ത്രം എഴുതാൻ ഉതകുന്ന തരത്തിൽ വസ്ത്രം ധരിച്ച് പെൺക്കുട്ടികളെ പ്രദർശനവസ്തുവാക്കുന്നത് സ്വന്തം മാതാപിതാക്കൾ തന്നെ. കഷ്ടം!

ബാല്യത്തിന്റെ മുഖം പോലും നഷ്ടപ്പെട്ടുപോകുന്ന പാവം കുട്ടികൾ!

"അവൾ അമ്മയ്ക്ക്

നിലവിളിക്കൊരത്താഴം!

അച്ഛന്

ഒരു നഷ്ടപരിഹാരം"!

പരാതിപ്പെടുന്നതാരോട്?

ഉത്തരമില്ല.....

പുതിയ പുതിയ ചിന്തകളും കാഴ്ചപ്പാടുകളും പുതിയ കാലഘട്ടത്തിൽ കരുത്തൻ കുതിരയുടെ ശക്തിയിൽ ഓടികൊണ്ടിരിക്കുമ്പോൾ നമുക്ക് സർവ്വേശ്വരനോട് പ്രാർത്ഥിക്കാം.

കറങ്ങുന്ന ഭൂമി, കത്തിജ്വലിക്കുന്ന സൂര്യൻ, ആഞ്ഞടിക്കുന്ന കാറ്റ്... എല്ലാത്തിനും സാക്ഷിയാകുന്ന ആകാശം.... എല്ലാം ഒഴുകിപോകുന്ന ജലം തുടങ്ങി പ്രപഞ്ചശക്തിയുടെ ചൈതന്യം ഇതെല്ലാം കണ്ട്, അറിഞ്ഞ്, അനുഭവിച്ച് നിശ്ചലമാകാതിരിക്കാൻ നമുക്ക് അപേക്ഷിക്കാം.

മാനവവരാശി ഭൗതിക ലോകത്തിന്റെ വഴികളിലൂടെ ഓടുന്നു.... ലക്ഷ്യവും ക്ഷീണവുമില്ലാതെ

നമുക്ക് ഒന്നും ചെയ്യാനില്ല.

ചെയ്യാനാകുന്നില്ല എന്നത് സത്യം.

ചെറുകഥ

# നിക്ഷേപം

സി. ഗ്ലാഡിസ്
ഒ എസ് എസ്

വളരെ വർഷങ്ങൾക്ക് ശേഷം തന്റെ സുഹൃത്തിനെ കണ്ടുമുട്ടിയപ്പോൾ വളരെ സന്തോഷം തോന്നി. അവൾ തനിക്കായി ഒരു മനോഹര സമ്മാനം കരുതിയിരുന്നു. നിറയെ ചിത്രപണികൾ ഉള്ള ഏതു വേഷത്തിനുമിണങ്ങുന്ന മനോഹരമായ ഒരു പേഴ്സ്. അത് കൈയ്യിൽ വാങ്ങുമ്പോൾ അറിയാതെ ഞാൻ ചിന്തിച്ചു പോയി, തനിക്ക് ഇത് ഇണങ്ങുമോ? എന്റെ മനസ് ദൈവത്തിലേക്ക് തിരിഞ്ഞു. ഈ പേഴ്സിൽ കരുതാൻ തനിക്കൊന്നുമില്ല എന്ന സത്യം അവൾ അറിയുന്നില്ലല്ലോ എന്ന് ഞാൻ ഓർത്തു. പഴയ പേഴ്സിന്റെ ഓർമ്മ പെട്ടെന്ന് എന്നിലൂടെ കടന്നു പോയി. മനോഹരമല്ലെങ്കിലും അതിന്റെ ഓരോ കള്ളികളിലും നിറയപ്പെട്ടിരുന്ന രാഷ്ട്രപിതാവിന്റെ മുഖമുള്ള നോട്ടുകൾ! തനിക്ക് സ്വന്തമായി അതിൽ നിന്നൊരെണ്ണം പോലും എടുത്തിട്ടില്ല. എല്ലാം പലർക്കായി വീതിച്ച് നൽകിയ മനസാക്ഷിയെ കൂട്ടുപിടിച്ച് സഹായിച്ച നിമിഷങ്ങൾ. എല്ലാം നല്ല ചിന്തകൾ മാത്രം. ചിന്തകൾ പല വഴിക്കായി ചിതറപ്പെട്ടു. എങ്കിലും സമ്മാനം കിട്ടിയ പേഴ്സുമായി മുറിയിലെത്തി. അതിൽ വയ്ക്കാൻ കൈയ്യിലൊന്നുമില്ല. പഴയ പേഴ്സ് അരിച്ചുപെറുക്കി അതിലൊന്നുമുണ്ടായിരുന്നില്ല. കഴിഞ്ഞ കാലത്തെ പ്രതിനിധീകരിക്കാനെന്നവണ്ണം ഒരു ബസ് ടിക്കറ്റ് മാത്രം അവശേഷിച്ചിരിക്കുന്നു. മേശയ്ക്കരുകിലെ ഈശോയുടെ ചിത്രത്തിലേക്ക് നോക്കി; കൺകോണിൽ കണ്ണുനീർ തളംകെട്ടി അത് കാഴ്ചയെ മറച്ചിരിക്കുന്നു. അഴയിൽ കിടന്ന ഒരു തുണിവലിച്ച് ഇരുകണ്ണുകളും അമർത്തി തുടച്ചിട്ട് വേദനയോടെ കണ്ണുകൾ ഒന്ന് ചിമ്മിതുറന്നു.



പെട്ടെന്ന് പുസ്തകങ്ങൾക്കടിയിലായി ഒരു വെള്ളിവെളിച്ചം കൈകൾ പുസ്തകങ്ങൾ തള്ളിമാറ്റി. ഒരു രൂപയുടെ മനോഹരമായ ഒരു നാണയം. അതെടുത്ത് പുതിയ പേഴ്സിന്റെ ഏതോ ഒരറയിൽ നിക്ഷേപിച്ചു. 1–ാം തീയതി കിട്ടുന്ന മനോഹരമായ കൈനീട്ടത്തിന്റെ മഹത്വം ആ നാണയത്തിനുണ്ടെന്ന് ആ നിമിഷം തോന്നി.

ദിവസങ്ങൾക്ക് ശേഷം മനോഹരമായ പേഴ്സുമെടുത്ത് ഒരു യാത്രപുറപ്പെട്ടു. കണ്ടാൽ ആഢ്യത്വം തോന്നിക്കും രീതിയിൽ തന്നെ, യാത്രയിൽ വഴിയിൽ കണ്ട തുണിക്കട എന്നെ അകത്തേക്ക് ക്ഷണിച്ച പോലെ തോന്നി. കൊടുംചൂടിൽ വരണ്ടുണങ്ങിയ കാലും നാവും ഞാനറിയാതെ തന്നെ എന്നെ കടയിലെ ഏ.സി. യുടെ കുളിർമയിലേക്ക് നയിച്ചു. സെയിൽസ് ഗേൾ നിറഞ്ഞ പുഞ്ചിരിയോടെ എന്നെ വരവേറ്റു. മറ്റുള്ളവരും തന്നെ ശ്രദ്ധിക്കുന്നെന്നു തോന്നിയപ്പോൾ സ്വയം രക്ഷപ്പെടാനെന്നവണ്ണം കൈയ്യിലിരുന്ന പേഴ്സിൽ വിരലുകൾ അമർന്നു. ഒരു രൂപയുടെ നാണയം മാത്രമാണ് അതിനുള്ളിലുള്ളു എന്ന യാഥാർത്ഥ്യം എന്നെ വല്ലാതെ പൊള്ളിച്ചു. ആ പൊള്ളൽ എന്നെ ഏ.സി. യുടെ കുളിർമയിൽ നിന്നും പുറത്തെ കൊടും ചൂടിലേക്ക് തള്ളിയിട്ടു. ഏ.സി. യിലെ കുളിർമയുടെ നൊമ്പരം കൊടുംചൂടിന് ആശ്വാസപ്രദമായിരുന്നു ആഗ്രഹിച്ചതൊന്നും സ്വന്തമാക്കാൻ കഴിയാതെയുള്ള ഒരു യാത്ര. കുറേ ദൂരം നടന്നു പഴയ പേഴ്സിന്റെ ഓർമ്മ അങ്ങിങ്ങായി മിഴി തുറക്കുന്നുണ്ട്. പുതിയ പേഴ്സിനുള്ളിലെ സത്യം ആരും അറിയാതിരിക്കട്ടെ ഒരിക്കലും! നടപ്പിന് വേഗതയേറി വിശപ്പും ദാഹവും മൂലം വയറ്റിൽ തീക്കനൽ കോരിയിട്ടതുപോലെ ഒരു പൊള്ളൽ, പുകച്ചിൽ, നീറ്റൽ പറയാനാവുന്നില്ല.


സർക്കാർ പൈപ്പിൽ നിന്നു വീഴുന്ന ജലം തന്നെപ്പോലുള്ളവർക്ക് അവകാശപ്പെട്ടതാണ്. ദാഹം ശമിക്കുന്നതുവരെ വെള്ളം കുടിച്ച് വയർനിറച്ചു. പെട്ടെന്ന് ഒരു ഉന്മേഷം. കാലുകൾ നിലത്തല്ല, ഞാൻ പറക്കുകയാണെന്ന് ഒരു തോന്നൽ. അത്രയ്ക്ക് ക്ഷീണം മാറിയിരിക്കുന്നു. മനോഹരമായ ദേവാലയം, മുറ്റത്ത് പൂക്കൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. അകത്ത് ആത്മീയതയുടെ തണുപ്പും വിശുദ്ധിയുടെ നിശബ്ദതയും ആരുടെയോ പ്രാർത്ഥന എന്നതുപോലെ മെഴുകുതിരികൾ സ്വയം ഉരുകിയൊലിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ വശത്തേക്ക് നീങ്ങി മുട്ടുകുത്തി ശിരസ് നിലത്തുറപ്പിച്ചു. എവിടെയൊക്കെയോ നനവിന്റെ സ്പർശം. ദേവാലയത്തിൽ ഏറ്റവും കൂടുതൽ കണ്ണുനീർ വീഴുന്നിടം. ഭിത്തിയിൽ ഉറപ്പിച്ച പാത്രത്തിൽ ശേഖരിച്ചിരിക്കുന്ന ഹന്നാൻ വെള്ളം പോലും ഒരു സ്ത്രീയുടെ കണ്ണുനീരല്ലെ?

നിശബ്ദതയിൽ കണ്ണുകളടച്ചു കൈകൾ വീണ്ടും പേഴ്സിലമർന്നു. വിധവയുടെ കൊച്ചുചില്ലിക്കാശുപോലെ എന്നിലവശേഷിക്കുന്നത് നിനക്ക് ഞാൻ സമർപ്പിക്കുന്നു; എന്റെ ഇല്ലായ്മയിൽ നിന്ന്. സമൃദ്ധിയിൽ ജീവിക്കുന്നവന് ഇല്ലാത്തവന്റെ വേദനയറിയില്ല. വിധവയുടെ ഇല്ലായ്മയെ കണ്ട ദൈവമേ നിനക്ക് എന്നെത്തന്നെ സമർപ്പിക്കുന്നു. കണ്ണുകൾ തുറന്നപ്പോൾ ചുറ്റും ശുഭ്രവസ്ത്രധാരികളായ മാലാഖാവൃന്ദം. കിന്നരം മീട്ടി ഹല്ലേലുയ്യ ഗീതികൾ പാടുന്ന അലയൊലികൾ. മരണം എന്ന സത്യം, സ്വപ്നം എന്ന സ്വർഗം എല്ലാം യാഥാർത്ഥ്യമായി. എന്റെ ആത്മാവ് നിത്യവസന്തത്തിലെത്താൻ വെമ്പുന്നപോലെ എന്റെ മനസ് വെമ്പിക്കൊണ്ടിരുന്നു.

●


## തിരുവസ്ത്രങ്ങൾ വിൽപ്പനയ്ക്ക്

വൈദികരുടെ വെള്ളക്കുപ്പായം, കാപ്പ, വിരിക്കൂട്ട്, ഊറാറ, ചിത്തോല, ശോശപ്പ, പള്ളിമറ തുടങ്ങിയ പള്ളിയാവശ്യങ്ങൾക്കുള്ള എല്ലാത്തരം തിരുവസ്ത്രങ്ങളും വിൽപ്പനയ്ക്ക്. തയ്ച്ചും നൽകപ്പെടും.

**The Tur-Abdin Village**
Ac Road, Koraha Valavu
Mampuzhakery
**PH: 8943705534**


### അഭിനന്ദനങ്ങൾ



**മെറിൻ ഫിലിപ്പ് പുളിയൻകീഴിൽ**

**കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ (CUSAT) 2015 ലെ ബി.ടെക് പരീക്ഷയിൽ മെറിൻ ഫിലിപ്പ് 3 –ാം സ്ഥാനം കരസ്ഥമാക്കി. തിരുവല്ല അതിരൂപതയിൽ കോട്ടൂർ ചെറുപുഷ്പം മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ശ്രീ.കെ.സി.ഫിലിപ്പോസിന്റെയും ശ്രീമതി. മേഴ്സി ഫിലിപ്പോസിന്റെയും മകളാണ്. കല്ലൂപ്പാറ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിനിയാണ്.**



# ക്രിസ്താനുകരണം

## ആമുഖം

"എല്ലാവരോടും സമാധാനത്തിൽ വർത്തിച്ചുകൊണ്ട് വിശുദ്ധിക്കു വേണ്ടി പരിശ്രമിക്കുവിൻ. വിശുദ്ധികൂടാതെ ആർക്കും ദൈവത്തെ ദർശിക്കുവാൻ സാധിക്കുകയില്ല" (ഹെബ്രാ. 12:14). വിശുദ്ധിയുടെ രണ്ട് മാനദണ്ഡങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. ഒന്നാമത്തേത്, എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുക എന്നതും, രണ്ടാമത്തേത് ദൈവദർശനവുമാണ്.

ഒന്നാമത്തെ മാനദണ്ഡത്തിന് സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടും എന്ന അഷ്ടസൗഭാഗ്യവും, രണ്ടാമത്തെ മാനദണ്ഡത്തിന് ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും എന്ന അഷ്ടസൗഭാഗ്യവും അടിവരയിട്ടുറപ്പിക്കുമ്പോൾ ദൈവവചനാധിഷ്ഠിതമായ വിശുദ്ധിയാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റേത് എന്ന് മനസ്സാലാക്കാവുന്നതാണ്.



**ഡോ. ജോൺ റ്റി. ഏബ്രഹാം തേവരേത്ത്**
ഭാരതമാതാ കോളജ്, എറണാകുളം

## ജീവിതവിശുദ്ധിയുടെ അടിസ്ഥാനം

### a) ഗുരുക്കന്മാരുടെ അനുഗ്രഹം

പുരാതനവും പ്രശസ്തവുമായ മാവേലിക്കര പണിക്കരുവീട്ടിൽ തോമാ പണിക്കരുടെയും അന്നമ്മയുടെയും മകനായി 1882 സെപ്തംബർ മാസം 21-ാം തീയതി ദൈവമാതാവിന്റെ പിറവി തിരുനാൾ ദിവസം ജനിച്ച കുട്ടി; 'ഇവനൊരു മഹാനായിത്തീരും' എന്ന ദാവീദാശാന്റെ അനുഗ്രഹം ഏറ്റുവാങ്ങിക്കൊണ്ടാണ് വളർന്നുവന്നത്.

ഗുരുക്കന്മാരുടെ അനുഗ്രഹം ജീവിതവിശുദ്ധിയെ സ്വാധീനിക്കുന്ന പരമപ്രധാനമായ ഘടകമാണ്. മാതാപിതാഗുരുദൈവം എന്ന പുരാതന ഭാരതീയ ആപ്തവാക്യത്തിന്റെ മർമ്മവും മറ്റൊന്നല്ല. ദാവീദാശാൻ തുടങ്ങി ജീവിത്തിന്റെ ഓരോ ഘട്ടത്തിലും ഗുരുക്കന്മാരുടെ അനുഗ്രഹം അദ്ദേഹത്തിന്, വിശുദ്ധനായ മാർ ഈവാനിയോസ് പിതാവിലേക്കുള്ള വളർച്ചയിൽ സഹായിച്ചു. പിതൃതുല്യനായ ഗുരുഭൂതൻ വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ സ്നേഹ വാത്സല്യം ഏറ്റ് വളരുവാൻ അദ്ദേഹത്തിന് സാധിച്ചു. ക്രാന്തദർശിയും ഗുരുഭൂതനുമായ മലയാള മനോരമയുടെ മുൻ പത്രാധിപർ ശ്രീ. കെ. സി. മാമ്മൻ മാപ്പിള ചില ചെറിയ തെറ്റിദ്ധാരണകൾ മൂലം; 1908-ൽ എം.ഡി. സെമിനാരി പ്രിൻസിപ്പാൾ ആയി മാറിയ സ്വന്തം ശിഷ്യന്റെ അഭൂതപൂർവമായ വളർച്ചയെ സാകൂതം നോക്കി അപ്പാടെ ഉൾക്കൊള്ളാനാവാതെ 'ഉമിത്തീപോലെ എരിയുകയാണ്' എന്ന് പ്രസ്താവിച്ചപ്പോഴും സമചിത്തതകാട്ടിയ പിതാവ്, ഗുരുവിൽനിന്നും അനുഗ്രഹം പിടിച്ചുവാങ്ങിയിരുന്നുവെന്നതിന്റെ മകുടോദാഹരണമാണ് ജീവിത സായാഹ്നത്തിൽ ആ രണ്ട് കേസരികൾ നടത്തിയ ദിവ്യമായ കൂടിക്കാഴ്ച. അങ്ങനെ ഗുരുക്കന്മാരുടെ അനുഗ്രഹം ജീവിത വിശുദ്ധിക്ക് ഒരു അടിസ്ഥാനമാണെന്ന് സ്വജീവിതത്തിലൂടെ ദൈവദാസൻ തെളിയിച്ചു.

**ദാവീദാശാൻ തുടങ്ങി ജീവിത്തിന്റെ ഓരോ ഘട്ടത്തിലും ഗുരുക്കന്മാരുടെ അനുഗ്രഹം അദ്ദേഹത്തിന്, വിശുദ്ധനായ മാർ ഈവാനിയോസ് പിതാവിലേക്കുള്ള വളർച്ചയിൽ സഹായിച്ചു. പിതൃതുല്യനായ ഗുരുഭൂതൻ വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ സ്നേഹ വാത്സല്യം ഏറ്റ് വളരുവാൻ അദ്ദേഹത്തിന് സാധിച്ചു.**

### b) മാതൃസംരക്ഷണം

രണ്ടാമതായി പരിശുദ്ധ ദൈവമാതാവിന്റെ കൈവെള്ളയിൽ പൊതിയപ്പെട്ട ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അത്യപൂർവ്വമായ തലത്തിലുള്ള മാതൃഭക്തിയാണ് അദ്ദേഹം കാട്ടിയിരുന്നത്. കായംകുളത്തിനടുത്ത് പള്ളിക്കൽ അരീപ്പുറത്ത് അന്നാമ്മയെന്ന മഹിളാരത്നം തന്റെ മകൻ ഗീവർഗീസിനെ പരിശുദ്ധ ദൈവമാതാവിന് പ്രതിഷ്ഠിച്ചിരുന്നു. പുരാതന ഓർത്തഡോക്സ് പാരമ്പര്യത്തിൽ മാതാവിന്റെ പിറവിത്തിരുനാൾ ദിനമായി കൊണ്ടാടിയിരുന്ന സെപ്തംബർ 21-ന് ജനിച്ച കുഞ്ഞിനെ മാതൃഭക്തനായി വളർത്തിയെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധ നൽകിയിരുന്ന അമ്മ.

'തമ്പുരാനെ പെറ്റ അമ്മച്ചിയേ' എന്ന് സദാസമയവും മാതാവിനെ വിളിച്ചിരുന്ന പിതാവിന്റെ ജീവിതത്തിലെ മിക്ക സംഭവങ്ങൾക്കും പരിശുദ്ധ മാതാവിന്റെ സംരക്ഷണമുണ്ടായിരുന്നു. ജനനം – മാതാവിന്റെ പിറവി തിരുനാൾ ദിനമായി കൊണ്ടാടിയിരുന്ന 1882 സെപ്തംബർ 21; ശെമ്മാശനായത് 1900 ജനുവരി 9 (മാതാവിന്റെ പുകഴ്ചയുടെ തിരുനാൾ ദിനം), കശ്ശീശാപട്ടം സ്വീകരിച്ചത് 1908 ഓഗസ്റ്റ് 15 (മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനം), മാർ ഈവാനിയോസ് പിതാവിന്റെ കഠിനാദ്ധ്വാനഫലമായി മലങ്കരയിലെ കാതോലിക്കാ സ്ഥാപനം മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനമായ 1912 ഓഗസ്റ്റ് 15, പിതാവ് കാലം ചെയ്ത 1953 ജൂലൈ 15, കർമ്മലീത്താ മാതാവിന്റെ തിരുനാളിന് തലേദിവസം എന്നിങ്ങനെ മാതൃസംരക്ഷണയിൽ പൊതിയപ്പെട്ട് പരിശുദ്ധി ജീവിതത്തിൽ ഇത്രയധികം കോരിച്ചൊരിഞ്ഞ മനുഷ്യജന്മങ്ങൾ വേറെയുണ്ടോ എന്നത് പഠനവിഷയമാക്കേണ്ടതുണ്ട്.

### c) ദൗത്യപൂർണ്ണത

മൂന്നാമതായി പ്രേഷിതദൗത്യം എന്ന സ്വദൗത്യത്തെ തിരിച്ചറിഞ്ഞ് നൂറുശതമാനം ജീവിതത്തിൽ പൂർണ്ണമാക്കിയത് ഈ പിതാവിന്റെ ജീവിതത്തെ പുണ്യമാക്കി മാറ്റി. 'സർവ്വസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ' (മർ.16:15) എന്ന കർത്തൃകല്പനയെ സ്വദൗത്യമെന്ന് മനസ്സിലാക്കി, ജാതിഭേദമില്ലാതെ കുടിലുമുതൽ കൊട്ടാരം വരെ സുവിശേഷ പ്രഘോഷണം നടത്തിയ 'പെസ്തർ ജോൺ' (പൗരോഹിത്യ രാജകീയ പ്രവർത്തനങ്ങളിലൂടെ പ്രസിദ്ധൻ) എന്നറിയപ്പെട്ട ഈ പുണ്യതാതൻ തന്റെ പ്രഥമദൗത്യം സുവിശേഷ പ്രഘോഷണമായി കണക്കാക്കി.

സ്വന്തം സഭയുടെയും സമൂഹത്തിന്റെയും നവോത്ഥാനത്തിന് തുടക്കം കുറിക്കേണ്ടത് സ്വന്തം നവീകരണത്തിലൂടെയാണെന്ന് മനസ്സിലാക്കിയതാണ് മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവിശുദ്ധിയുടെ പ്രധാന ചവിട്ടുപടി.

പുനരൈക്യം എന്ന് കേൾക്കുന്നവർക്ക് ആദ്യമേ തന്നെ മനോമുകരത്തിൽ വിരിയുന്നത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ രൂപമാണ്. പക്ഷെ പുനരൈക്യപ്രസ്ഥാനം ആയിരുന്നു അദ്ദേഹത്തിന്റെ പ്രഥമ ലക്ഷ്യമെങ്കിൽ സ്വന്തം ആസ്ഥാനം കോട്ടയമോ മറ്റേതെങ്കിലും അകത്തോലിക്കാ സഹോദരങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമോ ആക്കാമായിരുന്നു. അഞ്ചുപേർ മാത്രമായി ആരംഭിച്ച പുനരൈക്യ പ്രസ്ഥാനത്തിൽ 1953 ജൂലൈ 15-ന് മാർ ഈവാനിയോസ് പിതാവ് കാലം ചെയ്യുമ്പോൾ അറുപത്തിഅയ്യായിരം അംഗങ്ങൾ ഉണ്ടായിരുന്നുവെന്നത് ആ ജീവിതവിശുദ്ധി തൊട്ടറിഞ്ഞ് അനുഭവിച്ചവരുടെ സാക്ഷ്യപത്രമാണ്.

## വിശുദ്ധിയുടെ കാതൽ

മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയുടെ കാതൽ 'പിൻവാങ്ങൽ' ആയിരുന്നു. മലയിറക്കം എന്നോ ഉപേക്ഷിക്കൽ എന്നോ ഒക്കെ ഇതിനെ

വിശേഷിപ്പിക്കാവുന്നതാണ്. ലൗകികമായ പ്രശസ്തിയും ആദരവും സമ്പത്തും അറിവും എല്ലാം തന്നെ കൈമുതലായിരിക്കുന്ന അവസരത്തിൽ 'ദൈവസേവനത്തെക്കാൾ ദൈവസമ്പാദനമാണ്' മുഖ്യമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ധീരമായി എല്ലാം ഉപേക്ഷിച്ച് ക്രിസ്താനുകരണം പ്രാവർത്തികമാക്കിയ പിതാവിന്റെ വിശുദ്ധി പഠിച്ചാലും പഠിച്ചാലും മതിയാവുകയില്ല. അതുകൊണ്ടുതന്നെയാണ് ദൈവദാസനും ധന്യനും വാഴ്ത്തപ്പെട്ടവനും വിശുദ്ധനും മാത്രമായി ഒതുക്കി വിവക്ഷിക്കപ്പെടേണ്ട വ്യക്തിത്വമല്ല മാർ ഈവാനിയോസ് പിതാവെന്ന വിശുദ്ധസൂനം. പിന്നെയോ 'വേദപാരംഗതനായി' തിരുസഭാമാതാവ് പ്രഖ്യാപിക്കുന്നതിനുവേണ്ടിയാണ് നാമിന്ന് പ്രാർത്ഥിക്കേണ്ടത്. താൻ കണ്ടെത്തിയ പരമമായ സത്യത്തെ പ്രഘോഷിക്കാനും പിൻചെല്ലാനും അതിനായി 'ഒന്നുംതന്നെ നിർബന്ധമല്ല' എന്ന വാക്കുകളോടെ വിശുദ്ധവീക്ഷണം പുലർത്തി എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുവാൻ മനസ്സുകാണിച്ച ധീരനായിരുന്നു അദ്ദേഹം.

പ്രതികൂല സാഹചര്യങ്ങളിൽപ്പോലും വിശ്വാസസത്യങ്ങളെയും പ്രബോധനങ്ങളെയും സധൈര്യം പ്രഘോഷിച്ച വേദപാരംഗതരുടെ നിരയിൽ മഹാത്മാവായ മാർ ഈവാനിയോസ് പിതാവും തിരുസഭാമാതാവിനാൽ പ്രഖ്യാപിക്കപ്പെടുന്ന ദിനങ്ങൾ വിദൂരമല്ല. എത്രയധികം ഒളിച്ചുവച്ചാലും വിശുദ്ധി എന്ന തീപ്പന്തം വെളിവാക്കപ്പെടുക തന്നെ ചെയ്യും.

'ക്രിസ്താനുകരണം' എന്ന പുസ്തകം പിതാവിന്റെ ജീവിതത്തെ ഒട്ടധികം സ്വാധീനിച്ച, വി. തോമസ് അക്കൊസിസിന്റെ പ്രശസ്ത ഗ്രന്ഥമാണ്. വി. ബൈബിൾ കഴിഞ്ഞാൽ ലോകത്ത് ഏറ്റവും അധികം പ്രചാരമുള്ള ഈ പുസ്തകത്തെ തന്റെ ജീവിതദർശനമാക്കി തീർത്തതാണ് മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയുടെ തത്വശാസ്ത്രം. ക്രിസ്തുവിനെ എല്ലാ അർത്ഥത്തിലും തലങ്ങളിലും അനുകരിക്കുവാനും ക്രിസ്തുവിനോട് ഒന്നായി ലയിച്ചു ചേരുവാനും വേണ്ടതായ ധ്യാനചിന്തകൾ കൂട്ടിക്കലർത്തിയ ഈ പുസ്തകത്തിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട് സ്വജീവിതത്തെ 'ക്രിസ്താനുകരണം' ആക്കിത്തീർത്തതാണ് അദ്ദേഹത്തിന്റെ വിശുദ്ധിക്കു കാരണം.


'ഞാനല്ല, ക്രിസതു എന്നിലൂടെ ജീവിക്കുന്നു' എന്ന രീതിയിലുള്ള ക്രിസ്താനുകരണമായിരുന്നു അദ്ദേഹത്തിന്റേത്. സന്യാസത്തെ ഭാരതസംസ്കാരത്തിൽ ഇഴചേർത്ത്, ദൗത്യം പൂർണ്ണമാക്കുന്നതാണ് എന്റെ ആദ്ധ്യാത്മികത എന്ന വിചാരത്തോടെ, സന്യാസി യാഗപ്പശുവാണെന്ന് ഉദ്ഘോഷിച്ചുകൊണ്ട് വിശുദ്ധി ലക്ഷ്യമാക്കി സ്ഥാപിച്ച സന്യാസസമൂഹങ്ങൾക്ക് അദ്ദേഹം പേരു നൽകിയതും 'മിശിഹാനുകരണ സന്യാസസമൂഹ'ങ്ങൾ എന്നായിരുന്നു. കോട്ടയത്ത് ശോഭിച്ചിരിക്കവെ കോട്ടയത്തുനിന്നും പടിയിറങ്ങി സെറാമ്പൂർ യൂണിവേഴ്സിറ്റി പ്രൊഫസറായി പോയതും അവിടെ ശോഭിച്ചിരിക്കുമ്പോൾ പടിയിറങ്ങി സന്യാസ ലക്ഷ്യത്തോടെ മുണ്ടൻമലയിലേക്ക് പോയതും പതിനൊന്നു വർഷത്തെ തീവ്രസന്യാസ ജീവിതത്തിലൂടെ പ്രാർത്ഥന, കൂദാശകൾ, ആത്മശോധന, ധ്യാനം, പരിത്യാഗപ്രവൃത്തികൾ തുടങ്ങിയവയിലൂടെ വിശുദ്ധിയുടെ മകുടങ്ങൾ കീഴടക്കിയതും 1930 ഓഗസ്റ്റ് 20-ന് വീണ്ടും മുണ്ടൻമലയിറക്കം എന്ന പടിയിറങ്ങലിലൂടെ 1930 സെപ്തംബർ 20-ന് പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവായതുമെല്ലാം ജീവിതവിശുദ്ധി എന്ന അടിസ്ഥാന ശിലയിൽ വിശ്വാസമെന്ന പുണ്യം അരക്കിട്ടുറപ്പിച്ച 'എല്ലാം ദൈവം നോക്കിക്കൊള്ളും' എന്ന പ്രത്യാശയോടെയായിരുന്നു.

## ഉപസംഹാരം

വിശുദ്ധിയുടെ മാനദണ്ഡങ്ങൾ ജീവിച്ചിരിക്കുമ്പോൾ എന്നതിനെക്കാൾ മരണശേഷമാണ് കൂടുതൽ വെളിച്ചത്തുവരുന്നത്. മാർ ഈവാനിയോസ് പിതാവ് ക്രിസ്താനുകരണത്തിലൂടെ എല്ലാം ഉപേക്ഷിച്ച് ദൈവം എന്ന സർവ്വസ്വവും സമ്പാദിച്ച് ദൈവത്തിൽ ലയിച്ചു ചേർന്നപ്പോൾ അതിന്റെ പ്രകടമായ തെളിവുകൾ ദർശിച്ചുകൊണ്ട് ജനസഹസ്രങ്ങളോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.


"മലങ്കരയുടെ വന്ദ്യതാതാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്."


**ഉപകാരസ്മരണ**



**ഒരു വിശ്വാസി**
**തിരുമുലപുരം**

**ഉപകാരസ്മരണ**



**അജയ് ഇലക്ട്രിക്കൽ**
**കോർപ്പറേഷൻ**




**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ശോശാമ്മ ഫിലിപ്പ്**

സന്യാസവർഷം 2015

സി. ഗ്ലാഡിസ് ഒ.എസ്.എസ്.

# നവീകരണത്തിന്റെ കനലുമായി തിരുസഭയിൽ



ഈശ്വരചിന്ത ജീവിതത്തിന്റെ പരമലക്ഷ്യമായി കരുതി, സർവ്വതും ത്യജിക്കുവാനും സ്വയം സമർപ്പിക്കുവാനും ഇറങ്ങിത്തിരിച്ചവരാണ് ചരിത്രത്തിലെന്നും സന്യാസിമാർ. തങ്ങളുടെ ജീവിതം നിരന്തര പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കുകയും ഒപ്പം ഉൾക്കാമ്പിലെ സ്നേഹവായ്പിനാൽ അത് വെളിവാക്കുകയും തങ്ങളെ സമീപിക്കുന്നവരെ അവർ പഠിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. തിരുസഭയോട് ചേർന്ന് ചിന്തിക്കുകയും പ്രതിസന്ധികളിൽ തിരുസഭയെ ശക്തിപ്പെടുത്തുകയും ചെയ്തവരാണ് സന്യാസിമാർ.

രണ്ടാം ലോകമഹായുദ്ധത്തിൽ താറുമാറായ ജർമ്മൻ ജനതയ്ക്ക് ആത്മീയ നവീകരണം പകരുവാനും സഭയുടെ പ്രേഷിത പ്രവർത്തനരംഗങ്ങളിൽ സഹകാരികളാകുവാനുമായി ഒരു പുതിയ സന്യാസസമൂഹം സ്ഥാപിതമാകണം എന്ന ലിംബുർഗ് രൂപതാദ്ധ്യക്ഷൻ ഡോ. വില്യം കെംഫിന്റെ ആഗ്രഹത്തെ മാനിച്ച് ബെർണാഡ് ബെൻഡൻ എന്ന വന്ദ്യപുരോഹിതൻ തന്റെ നീണ്ട പ്രാർത്ഥനാധ്യാനങ്ങൾക്കും വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങളിലേക്കുള്ള തീർത്ഥാടനത്തിനുമൊടുവിൽ 'അവസാന നാളുകളിൽ ഞാനെന്റെ ആത്മാവിനെ വർഷിക്കും' എന്ന ജോയേൽ പ്രവചനത്താൽ പ്രചോദിതനായി, 1950 മെയ് 28 -ാം തീയതി (പെന്തകുസ്താ തിരുനാൾ ദിവസം) 'ഓപ്പൂസ് സ്പിരിത്തൂസ് സാങ്തി' (പരിശുദ്ധാത്മാവിന്റെ പ്രവർത്തനം) എന്ന പേരിൽ ഈ അപ്പസ്തോലിക സമൂഹം ജർമ്മനിയിൽ സ്ഥാപിക്കപ്പെട്ടു.

തിരുസഭയിൽ അപ്പസ്തോലിക ജീവിതശൈലി സ്വീകരിച്ചിരിക്കുന്ന ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ് സമൂഹം ഇന്ന് യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ഫിലിപ്പൈൻസ്, ഇൻഡ്യ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിലുമായി വിവിധ



മേഖലകളിൽ തിരുസഭയോട് ചേർന്ന് പുതിയൊരു പെന്തകുസ്തായ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ലോകത്തിന്റെ നവീകരണത്തിനായി യത്നിക്കുന്നു. കർത്താവിന്റെ മലയിലെ പ്രസംഗത്തിന്റെ അരൂപിക്കൊത്തവണ്ണം ജീവിച്ചുകൊണ്ട് സഹോദരിമാർ, ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ജീവിതശൈലി തങ്ങളോരോരുത്തരുടെയും ജീവിതശൈലിയായി സ്വീകരിച്ചിരിക്കുന്നു.



1969-ൽ തിരുവല്ല രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ പ്രത്യേക ക്ഷണമനുസരിച്ച് ഇന്ത്യയിലെ ആദ്യഭവനം തിരുവല്ലയിൽ ആരംഭിക്കുകയും രൂപതയോട് ചേർന്ന് പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഇന്ന് ഈ സമൂഹം ഇന്ത്യയിലെ സീറോ മലങ്കര, സീറോ മലബാർ, ലത്തീൻ സഭകളിലെ വിവിധ ഭദ്രാസനങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

വി. ജോൺ 23-ാമൻ മാർപാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-65) വിളിച്ചുകൂട്ടുന്നതിനു മുൻപുതന്നെ സഭയുടെ നവീകരണത്തിനായി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും ഈ സമൂഹസ്ഥാപകനായ ബഹുമാനപ്പെട്ട ബെർണാഡ് ബെൻഡലച്ചനിലൂടെ പരിശുദ്ധാത്മാവ് പ്രചോദിപ്പിച്ചു. കാലത്തിന്റെ അടയാളങ്ങളെ മുൻകൂട്ടി തിരിച്ചറിയുവാൻ കഴിഞ്ഞ ഒരു ആചാര്യനായിരുന്നു അദ്ദേഹം എന്ന് അദ്ദേഹത്തിന്റെ ദീർഘവീക്ഷണം സുവ്യക്തമാക്കുന്നു. താൻ സ്ഥാപിച്ച സമർപ്പിത സമൂഹത്തിലെ ഓരോ അംഗവും ആദിമ ക്രൈസ്തവ സമൂഹത്തിന്റെ മാതൃകയിൽ എല്ലാം പങ്കുവെച്ചുകൊണ്ട് ഏകമനസ്സോടെ ജീവിക്കുന്നവരും, ഉത്ഥിതനായ ക്രിസ്തുവിന്റെ ആനന്ദത്താൽ നിറഞ്ഞവരായിരിക്കണമെന്നും ലോകത്തിന്റെ നവീകരണത്തിനുവേണ്ടി യത്നിക്കുന്നവരാകണം എന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികവും സാമൂഹികവുമായ പ്രതിബദ്ധത ഏറെ ശ്ലാഘനീയമാണ്.

വൈദികർ, സന്യസ്തർ, കുടുംബസ്ഥർ എന്നിവരടങ്ങുന്ന അഞ്ചു വ്യത്യസ്ത സമർപ്പിത സമൂഹങ്ങളുടെ ഒരു കൂട്ടായ്മയാണ് 'ഓപ്പൂസ് സ്പിരിത്തൂസ് സാങ്തി'. ഈ സമർപ്പിത സമൂഹത്തിലെ ഓരോ അംഗവും സഭയുടെ ഒരു ചെറുപതിപ്പായി നിന്നുകൊണ്ട് ദൈവം എല്ലാവർക്കും എല്ലാമാകുന്നതുവരെ ലോകത്തിൽ പുളിമാവായി വർത്തിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ്.

ഉത്ഥാനം ചെയ്ത യേശുവിന് സാക്ഷ്യം നൽകിക്കൊണ്ട് ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും ലോകത്തിനു പകർന്നു നൽകുവാനായി സന്തോഷമുള്ള മിഷനറിമാരായിരിക്കുവാൻ ഹോളി സ്പിരിറ്റ് സന്യാസ സമൂഹത്തിന്റെ ഭരണഘടനയിൽ പറയുന്നു (ആർട്ടിക്കിൾ 7). ഉത്ഥിതന്റെ ആനന്ദം നിറഞ്ഞു തുളുമ്പുന്നവരായി ലോകത്തിലേക്ക് കടന്നുചെല്ലുവാനും സ്തുതിപ്പിന്റെ മനുഷ്യരാകുവാനും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഈ കാലഘട്ടത്തിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നു. സന്തോഷമുള്ള സന്യാസിമാരെയാണ് സഭയ്ക്കിന്നാവശ്യം എന്ന് അദ്ദേഹം നിഷ്കർഷിക്കുന്നു. ദൈവസ്നേഹത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഓരോ സന്യാസിനിയും ഉത്ഥിതന്റെ സന്ദേശവാഹകരാകുവാനും സന്തോഷത്തിന്റെ സദ്വാർത്ത ലോകമെമ്പാടും അറിയിക്കുവാനും, വി. കുർബാനയിൽ നിന്നും കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചുകൊണ്ട് പരി. അമ്മയെപ്പോലെ മറ്റൊരു മേരിയായി യേശുക്രിസ്തുവാകുന്ന വചനത്തെ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട്, ആ വചനത്തിന്റെ വാഹകയാകുവാനും ലോകത്തിന് ക്രിസ്തുവിനെ നൽകുവാനും നിയോഗിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിനാൽ പുത്രന് ജന്മം നൽകിയ പരിശുദ്ധ മറിയം ഉത്ഥാനത്തിനുശേഷം ഭയചകിതരായ ശിഷ്യഗണത്തിന് പരിശുദ്ധാത്മാവിനെ നേടിക്കൊടുത്തതുപോലെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ആത്മാവിനുവേണ്ടി കാത്തിരുന്ന് പ്രാർത്ഥിച്ച്, തങ്ങളുടെ പ്രവർത്തന മേഖലകളിൽ തങ്ങൾ കണ്ടുമുട്ടുന്ന ഓരോ വ്യക്തികളിലേക്കും ആ ആത്മാവിന്റെ ചൈതന്യം പകർന്നു നൽകുകയെന്നത് ഈ സമൂ



ഹത്തിലെ ഓരോ സമർപ്പിതയുടെയും പ്രഥമ ദൗത്യമാണ്.

ഓരോ സന്യാസിനിയും തന്റെ പ്രഥമവ്രത വാഗ്ദാനവേളയിൽ 'ദൈവം എല്ലായിടത്തും എല്ലാമാകാൻ' എന്ന് ആലേഖനം ചെയ്തിട്ടുള്ള അനശ്വര സ്നേഹത്തിന്റെ അമ്മയുടെ ചിത്രമുള്ള മെഡലും ഓരോ രാജ്യത്തിന്റെ സംസ്കാരത്തിനിണങ്ങുന്ന സഭാ വസ്ത്രവും സ്വീകരിക്കുന്നു. ഈ സമൂഹത്തിന്റെ പ്രത്യേക അടയാളങ്ങളായ അനശ്വര സ്നേഹത്തിന്റെ അമ്മയുടെയും ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെയും സെഹിയോൻ മാളികയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന മാതാവിന്റെയും ശ്ലീഹന്മാരുടെയും മേൽ അഗ്നിനാവുകളായി ഇറങ്ങിവന്ന പരിശുദ്ധാത്മാവിന്റെയും ചിത്രങ്ങളും, പരിശുദ്ധ ത്രിത്വത്തെ ചിത്രീകരിക്കുന്ന വിശുദ്ധ കുരിശും സമൂഹത്തിന്റെ അനന്യവും സമ്പന്നവുമായ ആദ്ധ്യാത്മികതയെ തുറന്നുകാട്ടുന്നവയാണ്. മനുഷ്യാവതാരം മുതൽ പരിശുദ്ധാത്മാവിന്റെ ആഗമനം വരെയുള്ള വിശ്വാസരഹസ്യങ്ങൾ ഈ സമൂഹത്തിന്റെ ആദ്ധ്യാത്മികതയിൽ ഉൾച്ചേർന്നിരിക്കുന്നു.

ആത്മീയതപോലും സ്ഥാപനവത്കരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ സഭയോടും സമൂഹത്തോടും ചേർന്ന് പ്രവർത്തിക്കുവാൻ സ്വന്തമായ സ്ഥാപനങ്ങൾ തടസ്സമാകുമെന്ന് മുൻകൂട്ടി തിരിച്ചറിഞ്ഞ് സമൂഹസ്ഥാപകൻ സ്വന്തമായ സ്ഥാപനങ്ങൾ അധികം പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സഭയോട് ചേർന്നു നിൽക്കുവാൻ ഈ നിർദേശം സഹായകമായിട്ടുണ്ട്. ഹോളി സ്പിരിറ്റ് സമൂഹത്തിന്റെ തനിമയും വ്യത്യസ്തതയും ഉയർത്തിക്കാട്ടുന്നതാണ് ഇത്. ഹോളി സ്പിരിറ്റ് സമൂഹം വളർന്ന് അതിന്റെ ശാഖകൾ അനേകർക്ക് തണലായെങ്കിൽ അത് ദൈവപരിപാലനയിൽ ആശ്രയിച്ചതുകൊണ്ട് മാത്രമാണ്.


ഇന്ത്യയിൽ വിവിധ റീത്തുകളിലായി കേരളം, തമിഴ്നാട്, കർണാടക, തെലുങ്കാന, സീമാന്ധ്ര, ഒഡീഷ, ഗുജറാത്ത് എന്നിവിടങ്ങളിൽ 21 ഭദ്രാസനങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നു. ലോകത്തെയും സഭയെയും നവീകരിക്കുവാൻ മതബോധനം, കുടുംബ നവീകരണം, അദ്ധ്യാപനം, യുവജന പ്രസ്ഥാനം, വചനപ്രഘോഷണം, ആതുരശുശ്രൂഷ എന്നീ പ്രേഷിതമേഖലകളിലും ഒപ്പം, അഗതി മന്ദിരങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികൾക്കായുള്ള ഭവനം, ആദിവാസികളുടെ സമുദ്ധാരണം തുടങ്ങിയ സാമൂഹിക സേവനരംഗങ്ങളിലും ഊർജ്ജസ്വലതയോടെ സമൂഹാംഗങ്ങൾ ശുശ്രൂഷ ചെയ്യുന്നു. ഈ മിഷൻ മേഖലകളിൽ ക്രിസ്തുവിന്റെ മാതൃക സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ പൂരിതമായി നവസുവിശേഷവത്കരണത്തിനായി ഹോളി സ്പിരിറ്റ് സന്യാസിനികൾ സ്നേഹത്തിന്റെയും സേവനത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിലൂടെ ക്രിസ്തുവിന്റെ സുഗന്ധവാഹകരായി, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആയി സാക്ഷ്യമേകുന്നു.

ഉത്ഥാനം ചെയ്ത യേശുതമ്പുരാന്റെ സമാധാനവും സുവിശേഷ വെളിച്ചവും ഇരുളടഞ്ഞ ഈ ലോകത്തിന്റെ അതിർത്തികൾ വരെ എത്തിക്കുവാൻ, അങ്ങനെ ദൈവം എല്ലാവർക്കും എല്ലാമാകുവാൻ വേണ്ടിയുള്ള നവീകരണ പ്രവർത്തനങ്ങളിൽ സഭാമക്കൾ സഹകാരികളാകേണ്ടിയിരിക്കുന്നു. അതിനായി പരിശുദ്ധാത്മാവായ ദൈവം ഈ സമർപ്പിത വർഷത്തിൽ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ■

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ആൽബിൻ ഫിലിപ്പ്**




# സമയചക്രം

**മഞ്ജുതുള്ളി**

എന്റെ ആകുലതകളുടെ മണലാരണ്യത്തിലൂടെ അപ്പോൾ ഞാൻ നടന്നു തുടങ്ങിയിരുന്നു. വാച്ചിൽ നോക്കി; സമയം നാലുമണി കഴിയുകയാണ്. വിജനമായ വഴിയരികിൽ നിന്നെന്റെ മനസ്സ് പറഞ്ഞു. “ഷാർജയിലേക്കിനി വാഹനമില്ല” അറബിനാട്ടിൽ വീണുകിട്ടിയ ഒരു വെള്ളിയാഴ്ചയുടെ സായംസന്ധ്യ ഇത്ര ഭീകരമാകുമെന്നും ഞാൻ കരുതിയിരുന്നില്ല. അപരിചിതമായ സ്ഥലത്തുക്കൂടി നിസഹായതയുടെ ഒരു യാത്ര. വാച്ചിലെ സൂചികൾ അൽപ്പം പോലും ദയകാട്ടാതെ എനിക്കായ് കാത്ത് നിൽക്കാതെ ചലിച്ചുക്കൊണ്ടേയിരിക്കുന്നു. ചീറിപ്പാഞ്ഞുപ്പോകുന്ന ചില ടാക്സികളുടെ നേരെ ഞാൻ നിസഹായതയുടെ കൈകൾ നീട്ടി. കനിവിന്റെ ഒരു മുഖമോ ദയയുടെ നനവോ ഞാൻ എങ്ങും കണ്ടില്ല! നാട്ടിൽ നിന്നെത്തിയിട്ട് രണ്ട് മാസം തികഞ്ഞിട്ടില്ല..... നാളെ അവധിയെടുക്കാനാവില്ല......... ഇന്നെവിടെ കിടന്നുറങ്ങും? താമസസ്ഥലത്ത് എങ്ങനെ ചെന്നെത്തും....??? ഒരായിരം ചോദ്യങ്ങൾ എന്റെ മുമ്പിൽ നൃത്തം ചെയ്തു. ചോദ്യങ്ങളുടെ മുമ്പിൽ നിസഹായത മാത്രമായിരുന്നെന്റെ ഉത്തരം. ഭാഗ്യനിർഭാഗ്യങ്ങളുടെ തിരയിളക്കത്തിൽ ഞാൻ തീരുമാനിച്ചു; നടക്കുക.... സാധിക്കുന്നത്രയും. ഇനിയും കാത്തുനിന്നിട്ട് കാര്യമില്ല; മറ്റൊരു വഴിയെന്റെ മുമ്പിലില്ലായിരുന്നു. ചുട്ടുപൊള്ളുന്ന മണലിന്റെ ഗന്ധമുള്ള ചൂട്, സായന്തനത്തിന്റെ പടിവാതിൽ കടന്നുവന്ന് ആരോ രാത്രിയുടെ അന്ധകാരം വിതറിതുടങ്ങിയിരിക്കുന്നു. ചക്രവാളത്തിന്റെ ഭംഗിയാകെ തീർന്നുപോയി..... കൂരിരുൾ ചിത്രങ്ങൾ പടർന്നു തുടങ്ങി.... ചീറിപ്പാഞ്ഞുപ്പോകുന്ന വാഹനങ്ങൾ അവരുടെ പാതകളിലേക്ക് ലൈറ്റുകൾ തെളിച്ചു. ആ വെളിച്ചത്തിലും ആരും എന്നെ

കണ്ടില്ല... ശീതികരിച്ച ആഡംബര കാറുകളിൽ യാത്രചെയ്യുന്നവർക്ക് ഞാനൊരു കൗതുകമായി...... ചുട്ടുപഴുത്ത മണലിലൂടെ എവിടേക്കോ നടക്കുന്ന ഒരു വിചിത്ര മനുഷ്യൻ!!

നടന്നു തുടങ്ങിയപ്പോൾ മനസിലായി ആ തീരുമാനം അത്ര എളുപ്പമല്ലായിരുന്നുവെന്ന്. മണലിന്റെ ഗന്ധവും ചൂടും എന്നെ തളർത്തി..... വല്ലാത്ത നിരാശ.... നാവു വരണ്ടു തുടങ്ങി..... യാത്രയുടെ ഇടയിൽ അകലെ കാണുന്ന ചില പെട്രോൾ പമ്പുകൾ മാത്രമായിരുന്നെന്റെ ആശ്വാസം. ഒരു ദിർഹം നല്കിയാൽ ലഭിക്കുന്ന ജൂസ് പാക്കറ്റുകൾ എന്റെ ദാഹം ശമിപ്പിച്ചു.... ഒരുപക്ഷേ അന്ന് വെള്ളത്തിനായി ഞാൻ ആഗ്രഹിച്ചതുപോലെ മറ്റൊരിക്കലും ആഗ്രഹിച്ചിരുന്നിരിക്കില്ല. സമയചക്രം രാത്രിയിലേക്കും നീളൻ കാലുകൾ വച്ച് നടന്നുകൊണ്ടിരുന്നു. രാത്രിയുടെ കാഠിന്യം കൂടികൂടി വരുന്നുവെന്നു അപ്പോൾ ഞാൻ അറിഞ്ഞു... ഒരു നക്ഷത്രം പോലും വിരിയാത്ത രാത്രി.... പ്രതീക്ഷയുടെ ഒരു മാലാഖ സ്വർഗ്ഗം പിളർന്നു വരുമോ എന്ന് ഞാൻ ഹൃദയം ഉരുകി പ്രാർത്ഥിച്ചു.... പ്രാർത്ഥന എപ്പോഴും ശക്തമാകുന്നത് സാഹചര്യങ്ങളിലാണെന്ന് ഞാൻ തിരിച്ചറിഞ്ഞു.... ശരിയാണ് വേദനയിൽ നിന്നേ പ്രാർത്ഥന ഉണ്ടാകൂ... ആ പ്രാർത്ഥനയ്ക്കേ ആത്മാർതയുടെ ഗന്ധമുണ്ടാകു.... ബന്യാമിന്റെ 'ആടുജീവിതം' വായിച്ചതിന്റെ ഓർമ്മകൾ എന്നെ തട്ടിയുണർത്തി. സ്വപ്നങ്ങളുടെ ഭാണ്ഡവുമായി അറബിനാട്ടിലേക്ക് യാത്രയാകുന്ന ഓരോ മലയാളിയുടെയും ജീവിതം ഒരു ദിവസമോ ഒരു വ്യാഴവട്ടമോ അല്ലെങ്കിൽ ഒരു നിമിഷമോ എങ്കിലും 'ഒരു ആടുജീവിത'ത്തിലൂടെ കടന്നുപോകുന്നുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു.... ഇന്നാണ് എന്റെ ജീവിതത്തിലെ ആ ദിനം.

നടന്നുതുടങ്ങിയിട്ട് ഏകദേശം മൂന്നരമണിക്കൂർ കഴിഞ്ഞിരിക്കുന്നു. ഒരു പാടു ദൂരം സഞ്ചരിച്ചു. സഞ്ചരിച്ച വഴികളിലേക്കൊന്ന് തിരിഞ്ഞുനോക്കാൻ പോലും ഞാൻ ഭയന്നു. വിശപ്പും ദാഹവും എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി. കൈയ്യിൽ പണമുണ്ടായിട്ടും അന്തമില്ലാത്ത നടപ്പും സഹിക്കാനാവാതെ വിശപ്പും മാത്രം ബാക്കി. യാത്രയുടെ ഒടുവിൽ ഞാനെത്തിയത് തിരക്കുള്ള ഒരു നഗരത്തിൽ. അവിടെ നിന്നും 8.30നായിരുന്നു ഷാർജയിലേക്കുള്ള ലാസ്റ്റ് ബസ്. അത് ഞാനെത്തും മുമ്പ് പോയിക്കഴിഞ്ഞിരുന്നു. വൈകിയെത്തുന്നവർക്കുവേണ്ടി അത് കാത്തു നിൽക്കുകയില്ലല്ലോ. പുറം ലോകമറിയാത്ത ഈ നിസഹായതയിലെന്റെ കണ്ണുകൾ മാത്രമാണെന്നോട് സഹതപിച്ചത്.. അതു കരച്ചിലായും കണ്ണുനീരായും കവിളിലൂടെ നിലയ്ക്കാതെ ഒഴുകി എന്നെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

അന്നുവരെ ശത്രുവെന്ന് കരുതിയിരുന്ന ഒരു പാക്കിസ്ഥാനിയുടെ കള്ളടാക്സിയിൽ ഷാർജയിലേക്ക് മടങ്ങുമ്പോൾ ഞാൻ ഓർത്തു; എത്ര നല്ല മനുഷ്യൻ....! അവൻ ചെയ്യുന്ന തെറ്റിലും എവിടെയോ ഒരു നന്മയുടെ നുറുങ്ങുവട്ടം എന്റെ ഹൃദയം കണ്ടു. ആ വാഹനത്തിൽ എന്നെപ്പോലെ കുറേപ്പേർ... എല്ലാവരും നിരാശരും അവശരും. എവിടെയൊക്കെയോ എത്തിച്ചേരാൻ കാത്തിരിക്കുന്നവർ. പരസ്പരം ഒന്നും സംസാരിച്ചില്ലെങ്കിലും എല്ലാവരുടെയും മുഖത്ത് അന്നവർ അലഞ്ഞ വഴികൾ ദൃശ്യമായിരുന്നു. ഏകദേശം 30 മിനിറ്റുകൊണ്ട് ഷാർജയിലെത്തി. പണം നല്കി നടന്ന് മറയുന്നതിന് മുമ്പ് ഹൃദയം കൊണ്ട് ഞാനയാൾക്കൊരു നന്ദി പറഞ്ഞു. ഒരുപക്ഷേ ആദ്യമായി ലഭിച്ച നന്ദിയായതുകൊണ്ടാവാം അയാൾ മനസുതുറന്ന് വശ്യമായി ഒന്നു പുഞ്ചിരിച്ചു. പിന്നെ ഞാൻ മുറിയിലെത്തി. നടന്നതൊന്നും ആരോടും പറയാതെ എന്റെ പതിവ് ജോലികളിലേക്ക് കടന്നു. ഒന്നു കുളിച്ചിറങ്ങുമ്പോൾ അന്നത്തെ ക്ഷീണവും സങ്കടവും നിരാശയുമെല്ലാം ഒഴുകിപ്പോയിരുന്നു.... പ്രവാസജീവിതത്തിന്റെ ഒരു ദിവസമവസാനിക്കുമ്പോൾ ആരോടും പറയാത്ത ഓർമ്മകൾ എന്റെ മാത്രം വേദനയായി നിന്നു. കിടക്കുവാൻ തുടങ്ങുമ്പോൾ വാച്ചിൽ നോക്കി സമയം 12.00. പിറ്റേന്ന് ഡ്രൈവിങ്ങ് ടെസ്റ്റിന് തയ്യാറാകുന്ന കൂട്ടുകാരനോട് വഴിയരികിൽ സഹായം ആവശ്യമുള്ളവരെ ഉപേക്ഷിക്കരുതെന്ന് ഒരു ഉപദേശവും കൊടുത്തു.

അന്ന് കിടക്കും മുമ്പ് ഞാൻ പ്രാർത്ഥിക്കുമ്പോൾ ആ നല്ല മനുഷ്യന്റെ മുഖം മനസിൽ തെളിഞ്ഞു വന്നു. അങ്ങനെ എന്റെ പ്രാർത്ഥനയുടെ ഒരു ഭാഗം ഞാനയാൾക്കും പകുത്തുകൊടുത്തു. ഇതല്ലേ യഥാർത്ഥമായ പ്രാർത്ഥന? ഉറങ്ങാൻ പുതപ്പിലേക്ക് വീഴുമ്പോൾ സമയം 12.30. ക്ഷീണവും അവശതയും എന്നെ ഉറക്കത്തിലേക്ക് കൂട്ടികൊണ്ടുപോയി. അപ്പോൾ വഴിയരികിൽ ലൈറ്റുകൾ കത്തുന്നുണ്ടായിരുന്നു, അർത്തലക്കുന്ന നഗരം ഉറങ്ങിയിട്ടില്ലായിരുന്നു... അപ്പോഴും സമയചക്രം ഉറങ്ങാതെ എന്റെ അരികിലിരുന്ന് പ്രഭാതത്തിലേക്ക് യാത്രചെയ്യുകയായിരുന്നു. ■

## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി:** ജൂലൈ 7, 8, 9 – 21, 22, 23
ഓഗസ്റ്റ് 4, 5, 6 – 18, 19, 20

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.




ഈ ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ കുരുന്നിനും തന്റേതായ അവകാശങ്ങൾ ഉണ്ട്. 'അവർ കുട്ടികൾ അല്ലേ?' എന്ന് പറഞ്ഞ് അവഗണിക്കാൻ വരട്ടെ. നാളത്തെ പൗരന്മാരായ കുട്ടികളുടെ അവകാശ സംരക്ഷണം നാം സഗൗരവം ഏറ്റെടുക്കേണ്ട കർത്തവ്യമാണ്.

1989–ൽ ഐക്യരാഷ്ട്രസംഘടനയുടെ കുട്ടികളുടെ അവകാശ സമ്മേളനത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് ഒരു അവകാശപത്രം പുറത്തിറക്കി. നമ്മുടെ രാഷ്ട്രമായ ഇന്ത്യ 1992–ൽ അതിൽ ഒപ്പുരേഖപ്പെടുത്തുകയും ചെയ്തു. ഇന്ത്യയിൽ നിലവിൽ ഉള്ള ബാലനീതി നിയമപ്രകാരം 0 മുതൽ 18 വയസ്സുവരെ പ്രായമുള്ളവരെയാണ് നാം കുട്ടികളായി കണക്കാക്കുന്നത്. കുട്ടികളുടെ അവകാശങ്ങളെ പ്രധാനമായും നാല് തരത്തിലാണ് വിഭജിച്ചിരിക്കുന്നത്.



**സ്നേഹാ സേവ്യർ**
അസി. പ്രൊഫ. സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ്
സഹ്യജ്യോതി കോളജ്, കുമളി

1. അതിജീവനത്തിനുള്ള അവകാശം
2. സംരക്ഷണത്തിനുള്ള അവകാശം
3. വികസനത്തിനുള്ള അവകാശം
4. പങ്കാളിത്തത്തിനുള്ള അവകാശം

**1. അതിജീവനത്തിനുള്ള അവകാശം**: ഒരു കുട്ടിക്ക് ഈ ഭൂമിയിൽ നിലനിൽക്കേണ്ടതിന് വേണ്ടുന്ന അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ് അതിജീവനത്തിനുള്ള അവകാശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പോഷകാഹാരം, സുരക്ഷിതമായ പാർപ്പിടം, വസ്ത്രം തുടങ്ങിയ ആവശ്യങ്ങൾ യഥോചിതം നിറവേറ്റിക്കൊടുക്കേണ്ടതാണ്. ഇതിനു പുറമെ ആവശ്യഘട്ടങ്ങളിൽ വേണ്ടുന്ന വൈദ്യസഹായം ഉറപ്പുവരുത്തുകയും വേണം.

**2. സംരക്ഷണത്തിനുള്ള അവകാശം**: വിവിധതരത്തിലുള്ള ചൂഷണങ്ങളിൽ നിന്നും അവഗണനകളിൽനിന്നും കുട്ടികൾക്ക് സുരക്ഷിതത്വം

വേണം. മാനസികവും ശാരീരികവുമായ സുരക്ഷയാണ് ഇന്നത്തെ കുട്ടികൾക്ക് ആവശ്യം. സ്വന്തം വീട്ടിൽപോലും സുരക്ഷിതരല്ല നമ്മുടെ കുട്ടികൾ. ഗാർഹിക പീഡനങ്ങൾക്ക് ഇരകളാകുന്ന നിരവധി പിഞ്ചുബാല്യങ്ങൾ നമുക്കുചുറ്റിലും ഉണ്ട്. കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങളും ദിവസേന പെരുകിക്കൊണ്ടിരിക്കുന്നു. തങ്ങൾക്ക് ചുറ്റുമുള്ള കഴുകൻ കണ്ണുകളിൽനിന്നും രക്ഷനേടുവാൻ കഴിയുമ്പോഴാണ് അവർ സുരക്ഷിതരാണ് എന്ന് നമുക്ക് പറയുവാൻ കഴിയൂ.

**3. വികസനത്തിനുള്ള അവകാശം**: കുട്ടികളുടെ സമഗ്രവികസനം എന്നത് അവരുടെ അവകാശമാണ്. അക്ഷരമുറ്റത്തിലൂടെ അറിവിന്റെ വിശാലലോകത്ത് ഓരോ കുഞ്ഞിനെയും നയിക്കാൻ അവരുടെ മാതാപിതാക്കളും രക്ഷകർത്താക്കളും ബാദ്ധ്യസ്ഥരാണ്. ഔപചാരിക വിദ്യാഭ്യാസത്തിന് പുറമെ അനൗപചാരിക വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. പാഠ്യവിഷയങ്ങളിൽ മത്സരബുദ്ധി കാണിക്കുവാൻ കുട്ടികളെ നാം ഉത്സാഹിപ്പിക്കുമ്പോഴും അവരുടെ മാനസികവും സാന്മാർഗികവുമായ വികസനം നാം വിസ്മരിക്കാറുണ്ട്. അവധിക്കാലങ്ങളിൽ പോലും പഠനപുസ്തകങ്ങൾക്കു മുമ്പിൽ കുടിയിരിക്കേണ്ടിവരുന്ന ഇന്നത്തെ കുട്ടികൾ എത്രയോ നിർഭാഗ്യവാന്മാരാണ്. സമപ്രായക്കാരോടൊത്ത് കളിക്കുവാനും ഒഴിവു സമയങ്ങൾ രസകരമാക്കുവാനും കുട്ടികൾക്ക് അവകാശമുണ്ട്. കുട്ടികളെ നാലുചുവരുകൾക്കുള്ളിൽ അടച്ച് പുസ്തകപ്പുഴുക്കളാക്കുവാൻ സമ്മർദ്ദം ചെലുത്തുമ്പോൾ, കുട്ടികളുടെ സാമൂഹികവും മാനസികവുമായ വികസനത്തിനാണ് നാം വിഘ്നം വരുത്തുന്നത്.

**4. പങ്കാളിത്തത്തിനുള്ള അവകാശം**: കുട്ടികളെ പ്രായപൂർത്തിയാകാത്തവർ എന്നു മുദ്രകുത്തി അവഗണിക്കാറുണ്ട്. കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ അവരെ നാം അനുവദിക്കണം. കൊച്ചുപ്രായത്തിലേ നല്ല തീരുമാനങ്ങൾ എടുക്കുവാൻ നമ്മുടെ കുഞ്ഞുങ്ങൾ ശീലിക്കട്ടെ. സമൂഹത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവർക്കും തങ്ങളുടേതായ സംഭാവനകൾ നൽകുവാൻ സാധിക്കും. കുട്ടികൾ ആയിരിക്കുമ്പോൾ തന്നെ അവരുടെ അഭിപ്രായങ്ങൾക്കും തീരുമാനങ്ങൾക്കും നാം വില കല്പിച്ചാൽ പൗരബോധമുള്ള ഒരു തലമുറയെ നമുക്ക് സൃഷ്ടിക്കുവാൻ സാധിക്കും.

കുട്ടികളുടെ അവകാശലംഘനങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുവാൻ നാം അക്ഷീണം പ്രയത്നിക്കേണ്ടതുണ്ട്. അവകാശങ്ങൾ ഒരിക്കലും ഔദാര്യമല്ല, മറിച്ച് അതിന് അർഹരായവർക്ക് ലഭിക്കേണ്ടുന്ന നീതിയാണെന്ന തിരിച്ചറിവ് നമ്മുടെ സമൂഹത്തിന് ഉണ്ടാകണം. ■


# പ്രധാനാധ്യാപക സംഗമവും മെറിറ്റ് ഗാതറിങ്ങും



തിരുവല്ല അതിരൂപതയുടെ വിശ്വാസ പരിശീലന കാര്യാലയം സമീക്ഷയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ എല്ലാ വിശ്വാസ പരിശീലന ഹെഡ്മാസ്റ്റർമാരുടെ സംഗമവും 2014-15 അദ്ധ്യയനവർഷത്തെ 10,12 ക്ലാസുകളിലെ റാങ്കു ജേതാക്കളുടേയും മറ്റു ക്ലാസുകളിലെ എ പ്ലസ് നേടിയവരുടെ അവാർഡ് ദാനവും 2015 ജൂൺ 13 -ാം തീയതി ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ടു.

രാവിലെ 9 മണിക്ക് ആരംഭിച്ച പ്രധാന അദ്ധ്യാപകരുടെ സെമിനാറിന നേതൃത്വം നല്കിയത് കെ. സി. ബി. സി മീഡിയ കമ്മീഷൻ സെക്രട്ടറി ബഹു. ഫാ. ഡോ. ജോളി വടക്കൻ ആയിരുന്നു. അതേ തുടർന്ന് തിരുവല്ല അതിരൂപത വിശ്വാസ പരിശീലന കാര്യാലയ ഡയറക്ടർ ബഹു. ഫാ. ഡേവിഡ് വടക്കുംമുറിയിൽ പുതിയതായി പുറത്തിറക്കുന്ന വചന ഡയറിയെ പറ്റിയുള്ള ക്ലാസ് നയിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന മെറിറ്റ് ഗാതറിങ് തിരുവല്ല അതിരൂപത വികാരി ജനറാൾ ബഹു.മോൺ.ഡോ. ആന്റണി ചെത്തിപ്പുഴ ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ 5 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി തയ്യാറാക്കിയ വചന ഡയറിയുടെ പ്രകാശനവും 10, 12 ക്ലാസുകളിൽ റാങ്കും മറ്റു ക്ലാസുകളിൽ എ പ്ലസും കരസ്ഥമാക്കിയ കുട്ടികൾക്ക് ട്രോഫിയും സ്കോളർഷിപ്പ് തുകയും നൽകപ്പെട്ടു. മീറ്റിംഗിൽ തിരുവല്ല അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ ബഹു. ഫാ. ഡേവിഡ് വടക്കുംമുറിയിൽ അദ്ധ്യക്ഷനായിരുന്നു. അതിരൂപത ജുഡീഷ്യൽ വികാർ ബഹു. ഫാ. ഡോ. വർഗീസ് മനക്കലേട്ട്, ശാന്തിനിലയം ഡയറക്ടർ ബഹു. ഫാ. കുര്യൻ കിഴക്കേക്കര, മല്ലപ്പള്ളി മേഖല വിശ്വാസ പരിശീലന ഡയറക്ടർ ബഹു. ഫാ. ചെറിയാൻ മണപ്പുറത്ത് എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.





# പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുക



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി
ഡെവലപ്മെന്റ് ട്രെയ്നർ

പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കാതെ ഒരു മനുഷ്യനും ജീവിതവിജയം ഉണ്ടാകില്ല. ജീവിതത്തിൽ വിജയിച്ച ഏതൊരു വ്യക്തിയെ പരിശോധിച്ചാലും നമുക്ക് കാണുവാൻ സാധിക്കും. എന്തെല്ലാം പ്രശ്നങ്ങളെ മറികടന്നാണ് അവർ വിജയത്തിലെത്തിയതെന്ന്. പ്രശ്നങ്ങൾ വരുമ്പോൾ അതിൽനിന്ന് ഒളിച്ചോടി പോകുന്നവരാണ് ഭൂരിപക്ഷവും. ഒരു ചെറിയ പ്രശ്നം പോലും ഇവരെ തളർത്തിക്കളയും. ഇതുമൂലം ചെറിയ പ്രശ്നങ്ങൾപോലും വലുതാകുന്നു. പ്രശ്നങ്ങളെ സ്വന്തം മനസ്സുകൊണ്ട് അവലോകനം ചെയ്യുക. പ്രശ്നപരിഹാരം നമ്മുടെ ബുദ്ധിയിൽതന്നെ തെളിഞ്ഞുവരും. അല്ലാതെ തൊട്ടതിനും പിടിച്ചതിനുമെല്ലാം മറ്റുള്ളവരുടെ പുറകെ പോകരുതെന്ന് സാരം. "ഗോപുരമുകളിൽ ഇരുന്ന് വീക്ഷിക്കുന്ന ഏഴ് കാവൽക്കാരെക്കാൾ നിനക്ക് അറിവുതരുന്നത് നിന്റെ മനസ്സാണ്" – ബൈബിൾ പറയുന്നു. പ്രശ്നങ്ങൾ വരുമ്പോൾ അതിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ സാധിക്കണം. അപ്പോൾ മനസ്സിലാകും, പ്രശ്നങ്ങൾ ഒന്നുംതന്നെ പ്രശ്നങ്ങളല്ല, പലതും നമ്മുടെ തെറ്റായ ചിന്തകളായിരുന്നുവെന്ന്. ഏത് പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും ആഴങ്ങളിലേയ്ക്ക് ഊളിയിട്ടുചെന്നാൽ ആഴത്തിൽ എവിടെയെങ്കിലും നമുക്കനുകൂലമായ ഒരു ചെറിയ കണിക കാണാതിരിക്കില്ല. അതിൽ കയറിപിടിച്ചാൽ ഏത് പ്രതിസന്ധികളേയും എതിർപ്പുകളേയും നമുക്കനുകൂലമാക്കി മാറ്റുവാൻ സാധിക്കും.

പ്രശ്നങ്ങൾ വരുമ്പോൾ അതിനുമുന്നിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നവനുമാത്രമേ ഒരു നല്ല നേതാവാകാനോ നല്ല മാനേജരാകാനോ ഉദ്യോഗസ്ഥ മേധാവിയാകാനോ സാധിക്കൂ. പ്രശ്നങ്ങൾ വരുമ്പോൾ സ്വന്തം താല്പര്യം മാത്രം സംരക്ഷിക്കുന്നവരെ അംഗീകരിക്കാൻ ആരും തയ്യാറാകില്ല. ചില ഉദ്യോഗസ്ഥ പ്രമുഖർ പറയാറുണ്ട്, കീഴുദ്യോഗസ്ഥർ എന്നെ മാനിക്കുന്നില്ല, ബഹുമാനിക്കുന്നില്ല എന്ന്. ഇതിനുകാരണം കീഴുദ്യോഗസ്ഥരുടെ കുഴപ്പമാകില്ല, കുഴപ്പം അവനവന്റേതുതന്നെയായിരിക്കും. സ്വന്തം താല്പര്യം സംരക്ഷിക്കണമെന്നു മാത്രം ചിന്തിക്കുന്നവരെ ആരു മാനിക്കാൻ!

നേതൃത്വത്തിന്റെ സ്വഭാവ വിശേഷങ്ങൾ ഏറ്റവും കൂടുതൽ കാണാൻ സാധിക്കുന്നത് മൃഗങ്ങളിലാണ്. അപകടത്തിന്റെ ആദ്യസൂചന ലഭിക്കുമ്പോൾതന്നെ നേതാവ് മുൻനിരയിൽ പാഞ്ഞെത്തി അപകടത്തിനും തന്റെ കൂട്ടത്തിനുമിടയിൽ നിലയുറപ്പിക്കും. അത് എപ്പോഴും അപകടത്തിലേയ്ക്ക് നടന്നടുക്കും. അല്ലാത്തപക്ഷം അതിന് നേതാവായി തുടരുവാൻ കഴിയില്ല.

കച്ചവടത്തിലായാലും രാഷ്ട്രീയത്തിലായാലും പൊതുപ്രവർത്തന രംഗത്തായാലും ഇതാണ് ശരി, നിർദ്ദേശങ്ങളും ഉത്തരവുകളും നൽകുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ഒരു നേതാവിന് ചെയ്യാനുണ്ട്. അയാൾ നയിക്കുന്നവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം നേതൃത്വം നൽകുന്നവനുണ്ട്. അപകട സമയത്ത് അയാൾ കൂട്ടത്തിൽനിന്നും മുന്നിലെത്തി പ്രതിസന്ധികളെ ധീരതയോടെ നേരിടണം. അപകടത്തിലേയ്ക്ക് അയാൾ നടന്നടുക്കണം. അപകടത്തിനും അനുയായികൾക്കും മദ്ധ്യേ അയാൾ നിലയുറപ്പിക്കണം. അയാൾ മടികാട്ടുന്ന ആ നിമിഷം, പരാജയപ്പെടുന്ന നിമിഷം നേതാവല്ലാതായി മാറും. അനുയായികൾ അയാളിൽനിന്ന് ഓടിയകലും. അവർ മറ്റൊരു നേതാവിനെ കണ്ടെത്തും.

ഒന്നുമനസ്സിലാക്കുക, നേതൃത്വത്തിന്റെ ഉത്തരവാദിത്വം വളരെ വലുതാണ്. നേതാവാകുകയെന്നത് ഭീരുക്കൾക്ക് പറഞ്ഞിട്ടുള്ളതല്ല. ബുദ്ധിശക്തിയേക്കാളും വ്യക്തിത്വത്തേക്കാളും കൂടുതലായി ചില ഗുണങ്ങൾ നേതൃത്വത്തിന് ആവശ്യമുണ്ട്. ധീരത നേതൃത്വത്തിന് അനിവാര്യമാണ്. ഒരു പ്രത്യേക തരത്തിലുള്ള ധീരത. സ്വാഭാവികമായി വന്നുചേരേണ്ട ധൈര്യം. കാരണങ്ങളെക്കുറിച്ചും ഫലങ്ങളെക്കുറിച്ചും ചിന്തിച്ച് തലപുണ്ണാക്കേണ്ടതില്ല. ലാഭനഷ്ടങ്ങൾ വിലയിരുത്തേണ്ടതില്ല. വ്യക്തിപരമായുണ്ടാകുന്ന ചെലവിനേക്കുറിച്ച് ചിന്തിക്കേണ്ടതില്ല. തികച്ചും സ്വാഭാവികമായ ധീരതയോടെ ആൾക്കൂട്ടത്തിൽ നിന്ന് മുന്നോട്ടിറങ്ങി വരിക. നിങ്ങൾ നയിക്കുന്നവർക്കും അപകടത്തിനുമിടയിൽ നിലയുറപ്പിക്കുക എന്നാൽ.. നിങ്ങൾക്കുമാകാം...

നല്ലയൊരു നേതാവ്, നല്ലയൊരു മാനേജർ, നല്ലയൊരു മേലുദ്യോഗസ്ഥൻ എല്ലാറ്റിനുമുപരി നല്ലൊരു കുടുംബനാഥൻ...

■

സീൻ by സീൻ



**ഫാ. എൽദോ മോഴശ്ശേരിൽ**

# ഫ്യൂരി

ഫ്യൂരി എന്ന ചിത്രം പ്രമേയമാക്കിയിരിക്കുന്നത് രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാന നാളുകളിൽ അമേരിക്കയും സഖ്യകക്ഷികളും നാസി ജർമ്മനിയുടെ ഉള്ളിൽ പ്രവേശിക്കുവാൻ ശ്രമിക്കുന്നതാണ്.

ഫ്യൂറി എന്ന വാക്കിന്റെ അർത്ഥം തീവ്രത അഥവാ രൗദ്രം എന്നിങ്ങനെയാണ്. ഡേവിഡ് അയർ സംവിധാനം ചെയ്തിരിക്കുന്ന ഈ ചിത്രം യുദ്ധസിനിമകളിൽ മികച്ച പ്രതികരണം ലഭിച്ച ചിത്രമാണ്. ഇത് വെറും യുദ്ധചിത്രത്തിന്റെ തലത്തിൽ നിൽക്കുന്ന ഒന്നല്ല. സാഹോദര്യം, സ്നേഹം, സഹിഷ്ണുത, ആത്മധൈര്യം, ദൈവവിശ്വാസം, മാനവികത എന്നിവയുടെ സന്ദേശവും ഈ ചിത്രത്തിന്റെ മുഖ്യപ്രമേയവുമായി ബന്ധപ്പെട്ടു കിടക്കുന്നു. സേവിംഗ് പ്രൈവറ്റ് മെ എന്ന ചിത്രത്തോട് സാമ്യതയുണ്ടെന്ന ആരോപണം ഈ ചിത്രത്തിനുണ്ടെങ്കിലും യുദ്ധങ്ങൾക്ക് എല്ലാ സ്ഥലത്തും ഒരേ കഥയാണെന്നു കാരണത്താൽ ഈ ചിത്രത്തെ വ്യത്യസ്തതലത്തിൽ കാണാൻ നമുക്ക് കഴിയും.

സർജന്റ് വാർഡാഡി കോളിയൽറുടെ നേതൃത്വത്തിലുള്ള ഒരു സംഘം പട്ടാളക്കാർ ഷേർമാൻ ടാങ്ക്സ് ഉപയോഗിച്ച് നാസി ജർമ്മനിയുടെ ഹൃദയഭാഗത്ത് നുഴഞ്ഞുകയറാൻ ശ്രമിക്കുന്നു. സർജന്റ് വാർഡാഡിയുടെ കീഴിലുള്ള പട്ടാളക്കാർ ബോയ്ഡ് ബൈബിൾ സ്വാൻ, ഗ്രാഡി ട്രാവിഡ് (കോൺ-മനസ്), 'ട്രിനി ഗോർഡോ' ഗാർസിയ എന്നിവർ ചേർന്ന് നാസികളെ പരാജയപ്പെടുത്തി മുന്നേറുന്നതാണ് കഥയുടെ പ്രമേയം. ഈ വ്യക്തികളെല്ലാം വ്യത്യസ്ത സ്വഭാവക്കാരും വ്യത്യസ്ത ചിന്താഗതിക്കാരുമാണ്. അവരെല്ലാം ഒന്നിച്ച് ചേർന്ന് പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന സംഘർഷവും ഈ ചിത്രത്തെ വേറിട്ട ഒരനുഭവം നൽകാൻ സഹായിക്കുന്നു. യുദ്ധങ്ങൾ മനുഷ്യമനസ്സിലുണ്ടാക്കുന്ന മുറിവിന്റെ ആഴവും ഭീതിയും വേദനയും ഈ ചിത്രത്തിൽ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. യുദ്ധങ്ങളുടെ യഥാർത്ഥ ഇരകൾ സ്ത്രീകളും കുഞ്ഞുങ്ങളുമാണെന്ന സത്യവും ഈ ചിത്രം അവതരിപ്പിക്കുന്നു. ശത്രുരാജ്യത്തിലെ പട്ടാളക്കാരെ കൊന്നൊടുക്കാനുള്ള അവകാശമുണ്ടെങ്കിലും ഒരു സഹജീവിയെ യുദ്ധത്തിന്റെ പേരിൽ കൊല്ലുമ്പോഴുണ്ടാകുന്ന മനോവേദനയും സംഘർഷവും ഓരോ പട്ടാളക്കാരനെയും യുദ്ധത്തിനുശേഷവും വേട്ടയാടുന്നു. ചിലരെ അത് മനഃസാക്ഷി മരവിച്ചവരാക്കി തീർക്കുന്നു. വേദന എല്ലാവർക്കും ഒരുപോലെ തന്നെയാണ്. ഫ്യൂറി എന്ന നാമമാണ് ഷേർമാൻ ടാങ്കിന് അവർ നൽകിയത്. സർജന്റ് വാർഡാഡി കോളിയർ ഈ ടാങ്കിന്റെ നായകനും, ബോയ്ഡ് ബൈബിൾ (എപ്പോഴും ഇദ്ദേഹം ബൈബിൾ വാക്യങ്ങൾ പറയുകയും സഭാചിന്ത മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. അതു








കൊണ്ട് എല്ലാവരും ഇദ്ദേഹത്തെ 'ബൈബിൾ' എന്നുവിളിച്ചു.) സ്വാൻ അദ്ദേഹമാണ് പീരങ്കിക്കാരൻ. കോൺ ആസ് എന്നു വിളിക്കപ്പെടുന്ന ഗ്രാഡി ട്രാവിഡ് എന്നയാളുടെ ജോലി പീരങ്കി നിറയ്ക്കുകയെന്നതാണ്. ടാങ്കിന്റെ ഡ്രൈവർ ഗോർഡോ എന്നു വിളിക്കപ്പെടുന്ന ട്രിനി ഗാർഡിയാണ്. റേഡ് എന്ന പട്ടാളക്കാരനായിരുന്നു ടാങ്കിന്റെ അസിസ്റ്റന്റ് ഡ്രൈവർ. അദ്ദേഹം കൊല്ലപ്പെട്ട സാഹചര്യത്തിലാണ് ആ പുതിയ തസ്തികയിൽ നോർമൻ ഏലിസൻ എന്ന യുവാവ് ഫ്യൂറിയുടെ സംഘത്തിൽ ചേരുന്നത്. അവന്റെ നിഷ്കളങ്ക മുഖം കണ്ട്, മറ്റുള്ളവർ അവനെ പരിഹസിക്കുകയും അവൻ ഈ പണിക്ക് യോഗ്യനല്ല എന്നുപറയുകയും ചെയ്യുന്നു. യുദ്ധത്തിന്റെ കെടുതി ആ യുവാവ് കണ്ടിട്ടില്ലായിരുന്നു. അവന്റെ ചുറ്റും നിറയുന്ന ശവകൂമ്പാരങ്ങൾ കണ്ട് അവൻ ഭയവിഹ്വലനാകുകയും ശത്രുപക്ഷത്തെ കൊല്ലാൻ മടിക്കുകയും ചെയ്യുന്നു.




യുദ്ധത്തിന്റെ ഭീകര അന്തരീക്ഷം സർജന്റ് വാർഡനായി നോർമനെ പരിചയപ്പെടുത്തിക്കൊടുക്കുന്നു. യുദ്ധത്തിൽ സ്വന്തം രാജ്യവും സ്വജീവനുമാണ് ആദ്യം സംരക്ഷിക്കേണ്ടതെന്ന് അവനെ ബോധ്യപ്പെടുത്തുന്നു. അങ്ങനെ നോർമാനും വാർഡാഡിയും തമ്മിൽ വലിയ ബന്ധമുണ്ടാകുന്നു. ഫ്യൂറി എന്ന ഈ ടാങ്കിലുള്ളവർ നമ്മുടെ തന്നെ വ്യക്തിത്വങ്ങളുടെ വ്യത്യസ്ത മുഖങ്ങളാണ്. സർജന്റ് വാർഡാഡി വളരെ രഹസ്യങ്ങളുള്ള വ്യക്തിയായി കാണപ്പെടുന്നു. താനൊരു വിശ്വാസിയോ അവിശ്വാസിയോ എന്ന് അദ്ദേഹം ഒരിക്കലും പറയുന്നില്ല. അദ്ദേഹത്തിന്റെ മുഖം യാതൊരു വികാരവും പ്രകടിപ്പിക്കുന്നുമില്ല. ലോകത്തിൽ രഹസ്യങ്ങളുടെ മുഖ



മുള്ളവരുമുണ്ട്. പിന്നീടുള്ള മറ്റൊരു പട്ടാളക്കാരനാണ് 'ബൈബിൾ' അഥവാ ബോയ്ഡ് സ്വാൻ. അദ്ദേഹം തീർത്തും ഒരു ക്രൈസ്തവ വിശ്വാസിയും അടിയുറച്ച ബൈബിൾ സ്നേഹിയുമാണ്. അദ്ദേഹം നോർമൻ എന്ന പട്ടാളക്കാരനെ ആദ്യം കാണുമ്പോൾ ചോദിക്കുന്നത് നീ ഏതു സഭയിൽപ്പെട്ടവനാണെന്നാണ് ഗോർഡോയും ഗ്രാഡി ട്രാവിസും ജൂഡികരും ഈ ലോകത്തിന്റെ സുഖങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കുന്ന വ്യക്തികളാണ്. അവരെ സംബന്ധിച്ച് യുദ്ധത്തിന്റെ ഭീകരത അവരുടെ സ്വഭാവത്തിലും ഒത്തിരി മാറ്റങ്ങൾ സൃഷ്ടിച്ചു.

ജർമ്മൻ സൈന്യത്തിന്റെ ടാങ്കുകളെ നശിപ്പിച്ച് ഫ്യൂറി മുന്നേറുന്നു. സർജന്റ് വാർഡാഡിയുടെ നേതൃത്വത്തിൽ ഒരു ജർമ്മൻ ഗ്രാമം അമേരിക്കൻ പട്ടാളം കീഴടക്കുന്നു. ഗോർഡോയും ഗ്രാഡി ട്രാവിസും സ്ത്രീകളോട് മോശമായി പെരുമാറുമ്പോൾ, നോർമനും വാർഡാഡിയും രണ്ട് സ്ത്രീകൾ (ഇർമായും എമ്മയും) താമസിക്കുന്ന ഭവനത്തിൽ ചെന്ന് കുറച്ച് ഭക്ഷണം ആവശ്യപ്പെടുന്നു. വാർഡാഡിയും നോർമാനും വളരെ മാന്യമായി അവരോട് പെരുമാറുന്നു. ഈ ഘട്ടത്തിലാണ് വാർഡാഡി എന്ന വ്യക്തിയുടെ സ്വഭാവസവിശേഷത നാം തിരിച്ചറിയുന്നത് അദ്ദേഹം അവരോട് വളരെ കാരുണ്യം കാണിക്കുന്നു. യുദ്ധത്തിന്റെ രാക്ഷസീയമായ അവ




സ്ഥയിലും യഥാർത്ഥ കാരുണ്യവും സ്നേഹവും പ്രകടിപ്പിക്കുവാൻ കഴിയുന്നത് വലിയ ദൈവികമായ പ്രവൃത്തി തന്നെ.

വളരെ തന്ത്രപ്രധാനമായ ഒരു സ്ഥലം കീഴടക്കാൻ ഫ്യൂറി എന്ന ടാങ്ക് ഉൾപ്പെടെ നാല് ടാങ്കുകൾ പോകുന്നു. പക്ഷേ ആ നാല് ടാങ്കുകളിൽ ഫ്യൂറി മാത്രം അവശേഷിക്കുന്നു. 'ബൈബിൾ' ഈ അനുഭവത്തെ ദൈവികമായി കാണുകയും അവർ ശത്രുകരങ്ങളിൽ നിന്ന് രക്ഷപെട്ടത് വലിയ ഒരു ദൗത്യം നിർവ്വഹിക്കാനാണെന്ന്. ഇങ്ങനെ പറയാൻ കാരണം ഒരു പ്രധാനപ്പെട്ട ക്യാമ്പ് അവർക്ക് സംരക്ഷിക്കേണ്ടതുണ്ട്. ആ ക്യാമ്പ് സംരക്ഷിക്കാൻ അവശേഷിക്കുന്നത് ഫ്യൂറി എന്ന ടാങ്ക് മാത്രം.

ഫ്യൂറി ഈ ലക്ഷ്യത്തോടെ മുമ്പോട്ടു പോകുന്നു. പക്ഷേ ലാന്റ് മൈനിൽ ഇടിച്ച്, ടാങ്കിന്റെ ഒരു ട്രാക്ക് നശിക്കുന്നു. അങ്ങനെ ആ ടാങ്കിന്റെ ചലനം നിലയ്ക്കുന്നു. മറ്റുള്ളവർ ടാങ്കിന്റെ കേടുപാടുകൾ നന്നാക്കുമ്പോൾ, സർജന്റ് വാർഡാഡി നോർമാനെ

ശത്രുവിന്റെ വരവ് നിരീക്ഷിക്കാൻ നിയോഗിക്കുന്നു. നോർമൻ ഓടിവന്ന് തങ്ങളുടെ ദിശയിലേക്ക്, സൈന്യബലം വർദ്ധിപ്പിച്ച എസ്. എസ്. നാസി പട്ടാളക്കാരുടെ കമ്പനി വരുന്ന വിവരം അറിയിക്കുന്നു. ഫ്യൂറി ടാങ്കിന്റെ സംഘാംഗങ്ങൾ സർജന്റ് വാർഡാഡി ഒഴികെയെല്ലാവരും ടാങ്ക് ഉപേക്ഷിച്ചു പോകാൻ തീരുമാനിക്കുന്നു. സർജന്റ് വാർഡാഡി ഒളിച്ചോടി പോകാൻ വിസമ്മതിക്കുന്നു. തങ്ങളുടെ നേതാവിനെ ഉപേക്ഷിച്ചുപോകാൻ മനസ്സില്ലാതെ എല്ലാവരും ഫ്യൂറിയുടെ ഉള്ളിൽ പ്രവേശിച്ച്, മാർച്ച് ചെയ്തുവരുന്ന നാസി പട്ടാളത്തെ കാത്തിരിക്കുന്നു. ഞാൻ വളരെ വചനം പ്രഘോഷിക്കുന്നവനാണെന്നു നീ പറയുന്നു. പക്ഷെ ഇപ്പോൾ എന്റെ മന




സ്സിലേക്ക് ഒരു വാക്യം കടന്നുവരുന്നു, അല്ല പലപ്പോഴും കടന്നുവരുന്നു. അത് ഇങ്ങനെയാണ്, "അതിനുശേഷം കർത്താവ് അരുളിചെയ്യുന്നത് ഞാൻ കേട്ടു, ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോകുക? (അവൻ കരഞ്ഞുകൊണ്ട് പറയുന്നു). അപ്പോൾ ഞാൻ പറഞ്ഞു; ഇതാ ഞാൻ! എന്നെ അയച്ചാലും!" ഇതു പറഞ്ഞുകഴിയുമ്പോൾ എല്ലാവരും വചനത്തിന്റെ ശക്തികൊണ്ട് നിറയപ്പെടുകയാണ്. ഉടനെ സർജന്റ് വാർഡാഡി പറയുന്നു, ഏശയ്യാ 6– ാം അദ്ധ്യായമാണെന്ന്. ബോയ്ഡ് 'ബൈബിൾ' സ്വാന് ആശ്ചര്യം തോന്നി. കണ്ടാൻ പരുക്കൻ സ്വഭാവവും, ബൈബിൾ കൈകൾകൊണ്ട് തൊട്ടിട്ടില്ല എന്നു തോന്നിപ്പിക്കുന്ന വ്യക്തിത്വമുള്ള സർജന്റ് വാർഡാഡിയുടെ വിശ്വാസത്തിന്റെ ആഴവും ബൈബിളിലുള്ള ജ്ഞാനവും അപ്പോൾ ആ സഹപ്രവർത്തകൻ തിരിച്ചറിയുന്നു. വിശ്വാസം ഏറ്റവും തെളിമയോടെ ഉജ്ജ്വലിപ്പിക്കുന്ന നിമിഷം, അത് പരീക്ഷിക്കപ്പെടുമ്പോഴാണ്.

നോർമൻ ഏലിസൻ ഒഴികെ എല്ലാവരും എസ്. എസ്. നാസി പട്ടാളക്കാരുമായുള്ള ഏറ്റുമുട്ടലിൽ മരിച്ചുവീഴുന്നു. ഭൂരിഭാഗം നാസി പട്ടാളക്കാരെയും വധിച്ചാണ് അവർ മരണത്തിനു കീഴടങ്ങിയത്. നോർമൻ ടാങ്കിന്റെ അടിയിൽ ഒളിച്ചിരിക്കുന്നത് ഒരു യുവനാസി ഭടൻ കാണുന്നുണ്ടെങ്കിലും അത് അവന്റെ മേലധികാരികളെ അറിയിക്കാതെ നോർമനെ രക്ഷിക്കുന്നു.

അടുത്ത ദിവസം അമേരിക്കൻ സൈന്യം വന്ന് നോർമനെ രക്ഷിക്കുകയും ഇതിനോടകം അവൻ ഒരു വീരനായി മാറിയിരിക്കുന്നു എന്ന് മറ്റു പട്ടാളക്കാർ അറിയിക്കുന്നു.

യുദ്ധത്തിന്റെ വിനാശകരമായ വശങ്ങൾ ഈ ചിത്രം എടുത്തുകാട്ടുന്നു. ആർക്കാണ് പരസ്പരം ശത്രുത? ഭടന്മാർക്കോ സാധാരണ മനുഷ്യർക്കോ അതോ സമരാജ്യശക്തികളെ നിയന്ത്രിക്കുന്ന രാഷ്ട്രീയനേതാക്കന്മാർക്കോ?

പൂർവ്വീകരുടെ ത്യാഗങ്ങളുടെ നന്മയാണ് നമ്മുടെ ജീവിതം. അവരുടെ സ്മാരകശിലകളിൽ രക്തത്തിന്റെയും അവർ ഒഴുക്കിയ വിയർപ്പിന്റെയും ഗന്ധമുണ്ട്. മരിച്ചുവീഴുക എന്നതായിരുന്നു അവർക്ക് ലഭിച്ച വിളി. അതുകൊണ്ടുതന്നെ "ഇതാ, ഞാൻ എന്നെ അയച്ചാലും" എന്ന് അവർക്ക് പറയുവാൻ കഴിഞ്ഞത് അവരുടെ സ്വപ്നങ്ങളും അഭിലാഷങ്ങളുമെല്ലാം നാടിനും നാട്ടുകാർക്കുവേണ്ടിയും സന്തോഷപൂർവ്വം അവർ സമർപ്പിച്ചു. അതുകൊണ്ടാണ് ഹെബ്രായർ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നത്: "നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ, അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ (ഹെബ്രാ 13:7). നാഗാലാന്റിന്റെ തലസ്ഥാനമായ കോഹിമ സന്ദർശിക്കുമ്പോൾ അവിടെ ഇന്തോ–ബർമീസ് യുദ്ധത്തിൽ മരിച്ച ബ്രിട്ടീഷ് – ഇന്ത്യൻ ഭടന്മാരുടെ കല്ലറകൾ കാണാം. അതിപ്പോൾ ഒരു വിനോദസഞ്ചാരകേന്ദ്രമാണ് (ലോകത്തിലെ സെമിത്തേരികളിൽ ഏക വിനോദസഞ്ചാരകേന്ദ്രം ഇതായിരിക്കും.) അവിടെ പ്രവേശന കവാടത്തിൽ എഴുതിയിരിക്കുന്ന സ്മാരക വാചകം ഇപ്രകാരമാണ്.

"When you go home tell them of us and say for your tomorrow we gave our today"

## കുടുംബവേദി



ഫാ. ജോൺ പടിപ്പുരയ്ക്കൽ

# ഭവനം

ഒരു ശരാശരി മലയാളിയുടെ സ്വപ്നമാണ് സ്വന്തമായി ഒരു ഭവനം. 'അയൽപക്ക സംസ്കാരം' (അടുത്തവന്റെ വീട്ടിൽ നോക്കി ജീവിക്കുന്ന സംസ്കാരം) കാൻസർപോലെ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ 'ഭവനം' അവന് ഒരു അഭിമാനപ്രശ്നം കൂടിയാണ്. ലോണെടുക്കുക, കടംവാങ്ങുക, കിടപ്പാടവും താലിച്ചരടും പണയം വയ്ക്കുക തുടങ്ങിയ ഇടുങ്ങിയ വഴികൾപോലും സ്വഭവനസാക്ഷാത്കാരത്തിനുവേണ്ടി അവൻ തെരഞ്ഞെടുക്കുന്നു. അഭയവും ആശ്രയവും ആയിത്തീരേണ്ട വീട് പിന്നീടവന് അസമാധാനത്തിന്റെയും ഭയത്തിന്റെയും ഉറക്കമില്ലായ്മയുടെയും ഇടമായി മാറുന്നു. ശാന്തസുന്ദരസ്വപ്നങ്ങൾക്കു പകരം കടക്കാർ വഴിയിൽ തടഞ്ഞുനിർത്തുന്നതിന്റെയും വാങ്ങിയ പണം തിരികെ നൽകുവാൻ വൈകുമ്പോൾ ബ്ലേഡുകാർ ഉമ്മറത്ത് കാത്തിരിക്കുന്നതും, ബാങ്കുകാർ ജപ്തിനോട്ടീസുമായി വരുന്ന ഉറക്കം കെടുത്തുന്ന ചിന്തകൾ മനസ്സിനെ വേട്ടയാടുന്നു. അടുത്തിടെ ഏതോ പുസ്തകത്തിൽ വായിച്ചതുപോലെ പലപ്പോഴും വലിയ കാപട്യത്തിന്റെ വേദിയുമാകുന്നു ഭവനം. പുറമെയുള്ള മോടിയും പ്രൗഢിയും അകത്ത് അശേഷം ഇല്ലാത്ത അവസ്ഥ. കാറ്റടിച്ചപ്പോൾ നിലംപതിച്ച, ഉറപ്പില്ലാത്ത തറമേൽ പണിതുയർത്തിയ ഭവനത്തോട് ഈ ഭവനങ്ങളെയും ചേർത്ത് വയ്ക്കാമെന്ന് ചിന്തിച്ചുപോകുന്നു (ലൂക്കാ 6:49).




വി. മത്തായി, ലൂക്കോസ് സുവിശേഷകന്മാരുടെ സുവിശേഷങ്ങൾ രണ്ടാം അദ്ധ്യായങ്ങളിലൂടെ മനസ്സും മിഴികളും ഹൃദയവും ഐക്യത്തോടുകൂടി യാത്ര ചെയ്തപ്പോൾ പുത്രൻ തമ്പുരാന്റെ ജനനത്തിലും ജ്ഞാനികളുടെ സന്ദർശനത്തിലും മിഴികൾ ഉടക്കി. മുൻപോട്ടുള്ള യാത്ര ക്ലേശകരമാകുന്നതുപോലെ അനുഭവപ്പെട്ടു. യേശുതമ്പുരാൻ ജനിച്ചത് പുൽക്കൂട്ടിൽ (ലൂക്കാ 2:7), ജ്ഞാനികൾ അവനെ കുമ്പിട്ടാരാധിച്ചത് ഭവനത്തിൽ പ്രവേശിച്ച് (മത്തായി 2:11). പുൽക്കൂട്ടിൽ ജനിച്ചവനെ എങ്ങനെയാണ് ജ്ഞാനികൾ ഭവനത്തിൽ പ്രവേശിച്ച് കുമ്പിട്ടാരാധിച്ചത് എന്നുള്ള ചിന്തയുമായി അല്പസമയം തമ്പുരാന്റെ സന്നിധിയിൽ ചിലവഴിച്ചപ്പോൾ എവിടെനിന്നോ ഉള്ളിലേക്ക് ഒരു പ്രകാശം പ്രവേശിക്കുന്നതുപോലെ തോന്നി. തമ്പുരാൻ ഇരിക്കുന്നിടമൊക്കെ ഭവനമായി മാറുകയാണ്. കാലിത്തൊഴുത്തിലായാലും കച്ചവടസ്ഥലത്തായാലും ആശുപത്രിയിലായാലും ഓഫീസിലായാലും യേശു ജനിച്ചാൽ അവന്റെ സാമീപ്യമുണ്ടായാൽ അവിടം ഭവനമായി മാറ്റം സംഭവിക്കും. യേശു ജനിക്കാത്തിടവും വസിക്കാത്തിടവും അവനെ പുറംകാലുകൊണ്ട് തട്ടിമാറ്റുന്ന ഇടങ്ങളും സത്രമായി അധഃപതിക്കുകയും ചെയ്യുന്നു (ലൂക്ക 2:76). ദേവാലയമായാലും ആശ്രമമായാലും അരമനയായാലും മഠമായാലും തമ്പുരാന്റെ സാന്നിദ്ധ്യമില്ലെങ്കിൽ അത് സത്രതുല്യമായി മാറും.

സത്രത്തിൽ ആളുകൾ കയറുകയും ഇറങ്ങുകയും അതിലുറങ്ങുകയും ചെയ്യും. എന്നാൽ അവിടെ ബന്ധങ്ങൾ ഉടലെടുക്കുന്നില്ല. അവിടെ വരുന്നവർ തങ്ങളുടെ കാര്യസാദ്ധ്യത്തിനുവേണ്ടി മാത്രം വരുന്നു. അപരന്റെ വേദനയ്ക്കോ ഏകാന്തതയ്ക്കോ അവന്റെ മുൻപിൽ വിലയില്ലാതായിപ്പോകുന്നു. എന്നാൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യംമൂലം നാം ആയിരിക്കുന്നിടം ഭവനമായി ഉയർത്തപ്പെടുമ്പോൾ അപരന്റെ വേദന എന്റെ വേദനയായി ഉയരുന്നു. അപരന്റെ നഷ്ടങ്ങൾ എന്റെ നഷ്ടങ്ങളായി മാറുന്നു. അപരന്റെ കണ്ണുനിറയുമ്പോൾ ഞാനറിയാതെ എന്റെ കണ്ണിൽനിന്നും കണ്ണു

നീർത്തുള്ളികൾ പൊഴിയുന്നു. അവിടെ ഹൃദയ ഐക്യമുണ്ടാകുകയും ഭവനം (കുടുംബം) തിരുകുടുംബമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഉറച്ച അടിസ്ഥാനമായ പാറമേൽ പണിതുയർത്തിയ ഭവനത്തോട് ഇങ്ങനെയുള്ള ഭവനങ്ങളെ ഉപമിക്കാമെന്ന് കരുതുന്നു.

തിരുകുടുംബാവസ്ഥയിലേക്ക് ഭവനങ്ങൾ വളരുമ്പോൾ അവിടെ ഒരു പെന്തക്കുസ്ത അനുഭവം സംജാതമാകുന്നു (അപ്പ. 2:1-11). ഭർത്താവ് പറയുന്നതിന്റെ അർത്ഥം ഭാര്യയ്ക്കും ഭാര്യ പറയുന്നതിന്റെ അർത്ഥം ഭർത്താവിനും ഗ്രഹിക്കുവാൻ സാധിക്കുന്നു. അപ്പനും അമ്മയും പറയുന്നത് കുഞ്ഞുങ്ങൾ ഹൃദയത്തിൽ പേറുകയും അവർക്ക് വിധേയരായി വളരുകയും ചെയ്യുന്നു. ഇവിടെ അപ്പൻ സ്വന്തം വിയർപ്പ് അപ്പമായി ഭാര്യയ്ക്കും മക്കൾക്കും നൽകുന്നു. അമ്മ മാതൃവാത്സല്യത്തിന്റെയും ഭർതൃശുശ്രൂഷയുടെയും പ്രതീകമായും കുഞ്ഞുങ്ങൾ നല്ല നിലത്ത് വിതയ്ക്കപ്പെട്ട വിത്തിന് സമമാകുകയും ചെയ്യുന്നു.

തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കുവാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ (മത്തായി 24:4) തിരുകുടുംബതുല്യമായ ഭവനത്തിലെ അംഗങ്ങൾ പരസ്പരം കൈത്താങ്ങാകുകയും പിന്തുണയും പ്രോത്സാഹനവും പ്രചോദനവുമായി കൂടെ നിൽക്കുകയും ചെയ്യുന്നു. വി. യൗസേഫ് പിതാവിനെപ്പോലെ കുടുംബനാഥന്മാർ യാതൊരുവിധ പരിഭവവും കൂടാതെ ദൈവത്തിന് നൽകേണ്ട ആരാധന ദൈവത്തിനും ഭാര്യയ്ക്ക് നൽകേണ്ട സംരക്ഷണം ഭാര്യയ്ക്കും മക്കൾക്ക് നൽകേണ്ട കരുതൽ മക്കൾക്കും നൽകുന്നു. അമ്മമാർ മറിയത്തെപ്പോലെ വേദനയും വെല്ലുവിളികളും ഹൃദയത്തിൽ സൂക്ഷിക്കുകയും ഭർത്താവിനെയും മക്കളെയും സുഖത്തിലും സന്തോഷത്തിലും അനുധാവനം ചെയ്യുകയും ചെയ്യുന്നു. മക്കൾ ബാലനായ യേശുവിനെപ്പോലെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതരാവുകയും (ലൂക്കാ 2:49) ജ്ഞാനം നിറഞ്ഞ് ശക്തനായി ദൈവകൃപയിൽ വളർന്നു വരികയും ചെയ്യും (ലൂക്കാ 2:40).

കാലിത്തൊഴുത്തിൽനിന്നും ഭവനത്തിലേക്കും ഭവനത്തിൽനിന്ന് തിരുക്കുടുംബത്തിലേക്കുമുള്ള ഒരു രൂപാന്തരീകരണത്തിന് ഓരോ കുടുംബങ്ങളും ഉണർവ്വുള്ളവരും ഒരുക്കമുള്ളവരുമായിത്തീരട്ടെ. അങ്ങനെ 'ക്രിസ്തു ഭവനത്തിന്റെ നായകൻ' എന്ന് കട്ടിളപ്പടികളിൽ ഭദ്രമായി ഉറപ്പിച്ചുവച്ചിരിക്കുന്ന ബോർഡ് ഭവനത്തിന്റെ അകത്തളങ്ങളിൽ ജീവനുള്ള വചനമായി വസിക്കട്ടെ. ക്രിസ്തുവിനെ പുറംകാലുകൊണ്ട് ഭവനത്തിൽനിന്നും തട്ടിയകറ്റി സത്രതുല്യമായി മാറുവാൻ ഒരു കുടുംബത്തിനും ഇടവരാതിരിക്കുകയും ചെയ്യട്ടെ... ■

## അമ്മ മനസ്സ്



ജിജിമോൾ റോബിൻ
പൂഴിക്കുന്ന്

# കുടുംബം; ജീവിത പരിശീലന വേദി

മനുഷ്യനെ മൃഗങ്ങളിൽനിന്നു വേർതിരിക്കുന്നത് മനനം ചെയ്യുവാനുള്ള അവന്റെ കഴിവാണ്. മനുഷ്യൻ സമൂഹജീവിയായതിനാൽ അവന്റെ ചിന്തയും വാക്കും പ്രവൃത്തിയും സമൂഹനന്മയ്ക്ക് ഉതകുന്ന വിധത്തിലാവണം. സമൂഹത്തിന് ഉപകരിക്കുന്ന രീതിയിൽ തലമുറകളെ വാർത്തെടുക്കുന്നതിൽ മാതാപിതാക്കൾക്ക് പ്രത്യേക പങ്കുണ്ട്. കാരുണ്യം, ഭൂതദയ, സഹവർത്തിത്വം, സാഹോദര്യം, സേവനതല്പരത, സഹജീവിസ്നേഹം, വിശ്വസ്തത തുടങ്ങിയ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കുവാൻ കുട്ടികൾക്ക് കഴിയണം. ഇതിന് ആവശ്യമായ ഒരു ദിശാബോധം മാതാപിതാക്കൾ നൽകണം.

ആധുനിക കാലഘട്ടത്തിൽ ദൃശ്യശ്രാവ്യമാധ്യമങ്ങളും നൂതന സാങ്കേതികവിദ്യകളും പരിഷ്കൃത വിനോദങ്ങളും ഒക്കെ കുട്ടികളുടെ ബോധമണ്ഡലത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. മാധ്യമങ്ങളിൽ നിരന്തരം ക്രൂരകൃത്യങ്ങൾ കണ്ടുവളരുന്ന കുട്ടികളിൽ തീർച്ചയായും അത്തരം ചിന്താഗതികൾ ഉടലെടുക്കുക തന്നെ ചെയ്യും. നാം എന്താണോ ചിന്തിക്കുന്നത് കാലാന്തരത്തിൽ നാം അതായി മാറും. നല്ലതു ചിന്തിച്ചാൽ നാം നന്മയുള്ളവരായി മാറും. തിന്മ മാത്രം ചിന്തിക്കുന്നവൻ തിന്മ നിറഞ്ഞവനായി മാറും. വിശുദ്ധ അഗസ്റ്റിൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "മനുഷ്യാ നീ മണ്ണിനെക്കുറിച്ച് ചിന്തിച്ചാൽ നീ മണ്ണായിത്തീരും. ലൗകികകാര്യങ്ങളെക്കുറിച്ച് ചിന്തിച്ചാൽ

നീ ലൗകികനായിത്തീരും." നാം എന്താണ് ചിന്തിക്കേണ്ടത് എന്നതിനുള്ള ഉത്തരം വി. ബൈബിളിൽ നാം കണ്ടെത്തുന്നു. "സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർദ്രവും സ്തുത്യർഹവും ഉന്നതവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെയും കുറിച്ച് ചിന്തിക്കുവിൻ" (ഫിലിപ്പി 4:8-9).

ഇന്നത്തെ തലമുറയിൽ സത്ചിന്തകളെ രൂപപ്പെടുത്തേണ്ടത് മുതിർന്ന തലമുറയുടെ കടമയാണ്. കുട്ടികളുടെ പ്രഥമവിദ്യാലയമായ ഭവനത്തിൽ നിന്നാവണം ഇതിനു തുടക്കം. കുട്ടികളുടെ ആവശ്യങ്ങളെക്കാൾ അധികമായി അനാവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ ബദ്ധപ്പെടുന്ന മാതാപിതാക്കൾ ഇന്നത്തെ സ്ഥിരം കാഴ്ച്ചയാണ്. തങ്ങളുടെ ബുദ്ധിമുട്ടുകൾ മക്കളെ അറിയിക്കരുതെന്നും അവർക്ക് യാതൊരു കുറവും ഉണ്ടാകരുതെന്നുമാണ് മാതാപിതാക്കളുടെ ചിന്ത. ഇത് വലിയൊരു അപകടമാണ് ക്ഷണിച്ചുവരുത്തുന്നത്. എന്തും ചോദിച്ചാലുടൻ ലഭിക്കുന്ന കുട്ടി പിന്നീട് ഇല്ലായ്മകളെ അതിജീവിക്കുന്നതിൽ പരാജയപ്പെടും. തന്റെ കുടുംബത്തിന്റെ അവസ്ഥകൾ തിരിച്ചറിഞ്ഞുവേണം ഓരോ കുട്ടിയും വളർന്നുവരുവാൻ. ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി കുട്ടിക്കാലത്തുതന്നെ ഏറ്റുമുട്ടി വളരുന്ന ഒരു കുട്ടി ജീവിതകാലത്തിലൊരിക്കലും ഒന്നിന്റെ മുമ്പിലും പതറി വീഴില്ല.



പ്രായമായവരോടുള്ള കുട്ടികളുടെ പെരുമാറ്റരീതികൾ ഇന്ന് പരക്കെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. മുതിർന്നവരോട് യാതൊരു ബഹുമാനവും ഇല്ലാതെ പെരുമാറുന്ന അനേകം കുട്ടികൾ ഉണ്ട്. അനുഭവം ഏറ്റവും വലിയ ഗുരുവാണെന്നും ആ അനുഭവസമ്പത്ത് ഏറെയുള്ള മുതിർന്ന തലമുറയെ ആദരിക്കേണ്ടതാണെന്നുമുള്ള ചിന്ത കുട്ടികളിൽ വളർത്തണം. കുടുംബത്തിൽ എത്തുന്ന മുതിർന്നവരെ ബഹുമാനിക്കാനും അവരോട് മാന്യമായി ഇടപെടാനുമുള്ള പരിശീലനം വളരെ ചെറുപ്പത്തിലേ കുട്ടികൾക്ക് നൽകണം.

മക്കളുടെ വളർച്ചയിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾക്കൂടി ചിന്തിക്കാം.


+ കുട്ടികൾ ആയിരിക്കുന്ന അവസ്ഥയിൽ അവരെ അംഗീകരിക്കുക.
+ മാതാപിതാക്കളുടെ അമിതമായ ആഗ്രഹങ്ങൾക്കുവേണ്ടി കുട്ടികളുടെ താല്പര്യങ്ങളെ ബലികഴിക്കാതിരിക്കുക.
+ സ്വയം പര്യാപ്തരാകുവാൻ അവരെ പരിശീലിപ്പിക്കുക.
+ മാധ്യമങ്ങളുടെ നന്മയും തിന്മയും ബോദ്ധ്യപ്പെടുത്തി ശരിയായ ഉപയോഗക്രമം പരിശീലിപ്പിക്കുക.
+ കുട്ടികളുടെ കഴിവുകളെ അംഗീകരിക്കുക. അതിനെ പ്രോത്സാഹിപ്പിച്ച് വളർത്തുക.
+ മറ്റുള്ളവരുമായി അവരെ താരതമ്യപ്പെടുത്തി പരിഹസിക്കാതിരിക്കുക.
+ മൂല്യബോധം ഉള്ളവരായി വളർത്തുക.
+ പ്രാർത്ഥനാരൂപിയിൽ വളർത്തുക.
+ ഉത്തരവാദിത്വബോധം ഉള്ളവരാക്കുക.
+ തെറ്റും ശരിയും വേർതിരിച്ചറിയുവാൻ പരിശീലിപ്പിക്കുക.
+ ആത്മവിശ്വാസം പകരുക.
+ സ്വയാവബോധം പകർന്നുനൽകുക.

അമേരിക്കൻ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺ സ്വപുത്രന്റെ പ്രഥമാദ്ധ്യപകനോട് ഇപ്രകാരം ആവശ്യപ്പെട്ടു: "നിങ്ങൾ എന്റെ പുത്രനെ ഒരു മാന്യനാക്കുന്നതിനു മുമ്പ് ഒരു മനുഷ്യനാകുവാൻ പഠിപ്പിക്കൂ." എല്ലാ മാതാപിതാക്കൾക്കും ഇപ്രകാരം പറയുവാൻ സാധിച്ചാൽ ഈ ലോകം നന്മയിലൂടെ മുന്നേറും. ●

# ഇടയശബ്ദം

5–ാം പേജ് തുടർച്ച

ങ്ങൾ ഇന്ന് ബാല്യത്തിൽ തന്നെ മാതാപിതാക്കളുടെ കാർക്കശ്യത്തിനും അവർ നിശ്ചയിക്കുന്ന തീരുമാന ങ്ങൾക്കും വിധയപ്പെടേണ്ടി വരുന്നു. തീർച്ചയായും ശിക്ഷണം ആവശ്യമാണ്; കുട്ടികൾ നല്ലത് പഠിക്കു വാൻ അവരെ പരിശീലിപ്പിക്കണം. ഇപ്പോൾ നമ്മുടെ സൗകര്യങ്ങൾക്കും ആവശ്യങ്ങൾക്കും പറ്റുന്ന രീതി യിലാണ് നാം അവരെ വളർത്തുന്നത്. ധാരാളം ക്ഷമയും ശ്രദ്ധയും ആവശ്യമുള്ള സമയമാണ് കുട്ടി ക്കാലം. ചെറിയ കാര്യങ്ങൾ പോലും സൂഷ്മമായി ശ്രദ്ധിച്ച് കുട്ടിയുടെ സമഗ്രമായ വളർച്ച ഉറപ്പാക്കുന്നതാണ് മാതാപിതാ ക്കളുടെ കടമ. ഭക്ഷണമോ വസ്ത്രമോ മാത്രമല്ല സർവ്വോ പരി സ്നേഹവും വാത്സല്യവും ദൈവഭയവും സമയം ചെല വഴിക്കുവാനുള്ള സന്നദ്ധതയും ശുചിത്വവും ഒക്കെയാണ് കുട്ടി യുടെ ശരിയായ വളർച്ചയുടെ അന്തരീക്ഷം. ചെറുപ്പം മുതൽ കുട്ടികൾക്കുണ്ടാവേണ്ട മാന സിക ഉറപ്പ്, സ്നേഹിക്കപ്പെ ടുന്നു എന്ന ഉറപ്പ് കൃത്യമായി ലഭിക്കണം. ഇതിന്റെ അടി സ്ഥാനത്തിലെ കുട്ടിക്ക് മാന സികധൈര്യം ലഭിക്കുകയുള്ളു.



പ്രായമായാലും ചിലർക്കു തീരുമാനങ്ങൾ എടു ക്കുവാനോ സ്വന്തം കാലിൽ ഉറപ്പോടെ നിൽക്കു വാനോ കഴിയാതെ വരുന്നവരെ നാം കണ്ടിട്ടുണ്ടാ വാം. ചെറുപ്പത്തിലെ തീരുമാനങ്ങൾ എടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് നാം ചെയ്യേ ണ്ടത്. അനുസരണം നല്ലതു തന്നെ. പക്ഷെ എല്ലാ കാര്യങ്ങളും നാം അവരെ കൊണ്ടു പറഞ്ഞു ചെയ്യി ക്കരുത്. ഒരു കുട്ടിയോടു ചെയ്യാവുന്ന വലിയ ഒരു അപരാധമാണ് മാതാപിതാക്കളെ പ്രീണിപ്പെടുത്തി വളർത്തികൊണ്ടു വരുന്ന ശൈലി. കുട്ടികൾ തന്നെ പലതും പരീക്ഷിച്ച് പഠിക്കേണ്ടതുണ്ട്; നാം അമിതസംരക്ഷണം നൽകിയാൽ അത് അപകടമാ കും.

കുഞ്ഞുങ്ങൾ വളരെ വേഗം സ്വാധീനിക്കപ്പെടു ന്നവരാണ്. ഒരു മിഠായിയോ, ഒരു കളിപ്പാട്ടമോ, ഒരു ചിരിയോ ഒക്കെ മതി ഒരു കുട്ടിയുടെ താത്പര്യം നേടുവാൻ. സമൂഹത്തിലെ ചില വിഷവിത്തുകൾ ഈ സാഹചര്യം പരമാവധി മുതലെടുക്കുവാനും കുട്ടികളെ തങ്ങളുടെ സ്വന്തം താത്പര്യങ്ങൾക്ക് വിശിഷ്യാ ലൈംഗീകതാത്പര്യങ്ങൾക്കുപയോഗിക്കു ന്നു എന്നതും നാം മനസിലാക്കണം. കുട്ടിയുടെ ഉള്ളിലെ ഭയവും അതുപോലെ ഈ ദുഷ്ടമനുഷ്യർ കുത്തിവയ്ക്കുന്ന ഭയവും ഈ കുട്ടിയെ നിരന്തരം ഇരയായി തീരാൻ ഇടയാക്കും. ആ കുഞ്ഞിന്റെ ഭാവി എന്നന്നേക്കുമായി നഷ്ടപ്പെടുന്നതുപോലെയാണ്. ഇവിടെ മാതാപിതാക്കളുടെ ശ്രദ്ധയും കുട്ടിയോടൊ ത്തുള്ള സമയങ്ങളും വളരെ സഹായിക്കും. നമ്മുടെ കുട്ടികൾ എന്തെങ്കിലും ബന്ധങ്ങളുമായി ചുറ്റിപറ്റി യുള്ള കാര്യങ്ങളെ പറ്റി അതൃപ്തി പ്രകടിപ്പിക്കു മ്പോൾ അതിൽ എന്തോ ഗൗരവമായ കാര്യം ഉണ്ടെന്നും കുട്ടി അതു ബോധപൂർവ്വം ഒഴുവാക്കു ന്നതിന്റെ സൂചനയാണെന്നും മാതാപിതാക്കൾ മന സിലാക്കണം. ബന്ധുവീടുകളിലേക്കുള്ള പോക്ക്, അവിടെയുള്ള താമസം തുടങ്ങിയവ ഏറെ ശ്രദ്ധി ക്കപ്പെടേണ്ടവ തന്നെ.

കുട്ടികളും പല കാര്യങ്ങൾ ശ്രദ്ധിക്കണം. മാതാ പിതാക്കളുടെ സ്നേഹം ദുരു പയോഗിക്കരുത്. നമ്മുടെ കൂട്ടുകാരനോ കൂട്ടുകാരിക്കോ ഉള്ളതു നമുക്കുവേണമെന്ന് ശഠിക്കരുത്. സ്നേഹം തരുന്ന തിലും കൊടുക്കുന്നതിലും മാത്രമല്ല; മറിച്ച് ആയിരിക്കുന്ന തിലാണ്. നമ്മുടെ കുടുംബം ദൈവികഭവനമാകുവാൻ കുട്ടി കൾ പ്രത്യേകം ശ്രദ്ധിക്കണം. പ്രാർത്ഥനയും ശരീരവിശുദ്ധി യും ദൈവവചനവും സ്ഥിരോ ത്സാഹവും കൈമുതലാക്ക ണം. നമുക്കൊരു കുട്ടിക്കാല മെയുള്ളു. അത് നന്നായി ജീ വിച്ചെങ്കിൽ മാത്രമേ ജീവിതം മുഴുവൻ നന്നായി തീരൂ. കെട്ടിടം പണിയുമ്പോൾ അടിത്തറ ഏറെ ശ്രദ്ധിക്കുന്നതുപോലെ; വാർക്കു മ്പോൾ ഒരു ക്ഷതവും കെട്ടിടത്തിനുണ്ടാകാതെ ശ്രദ്ധിക്കുന്നതുപോലെ ചെറുപ്പം നാം ഏറെ ശ്രദ്ധി ക്കണം. നന്നായി വാർത്ത് പരിരക്ഷിച്ച കെട്ടിടം ഉറ പ്പായി നിലക്കൊള്ളും.

സഭയായി കുട്ടികളെ രൂപികരിക്കുവാൻ നാം ഓരോരുത്തർക്കും കടമയുണ്ട്. കുട്ടികൾ കേന്ദ്രികൃ തമായ ഇടവക അന്തരീക്ഷം സംജാതമാകണം. പള്ളിയിൽ വരുന്നതും ആരാധനയിൽ സംബന്ധിക്കു ന്നതും വിശ്വാസപരിശീലനം നടത്തുന്നതുമെല്ലാം കുട്ടികൾക്ക് താത്പര്യം ജനിപ്പിക്കുന്ന വിധത്തിലാ യിരിക്കണം. അവർക്ക് സമ്മാനങ്ങളും ഇടയ്ക്കി ടയ്ക്ക് ചില ഭക്ഷണപൊതികളും തീർത്ഥാടനയാ ത്രകളും ഒക്കെ ഉണ്ടാവണം. കുമ്പസാരക്കൂട്ടിൽ ഇരി ക്കുമ്പോൾ വൈദികന് കുട്ടികളുടെ പ്രശ്നങ്ങൾ മന സിലാക്കാൻ കഴിയും. അതനുസരിച്ച് തിന്മയുടെയും അശ്ലീലങ്ങളുടെയും മയക്കുമരുന്നുകളുടെയൊക്കെ പിടിയിൽ നിന്നും കുട്ടികളെ രക്ഷിക്കാൻ നടപടികൾ എടുക്കണം. സർവ്വോപരി ദൈവം നമ്മുടെ കൈ യ്യിൽ ഏല്പിച്ച അമൂല്യ നിധികളാണ് അവർ എന്ന ബോധ്യത്തിൽ നമ്മുടെ അജപാലന ശുശ്രൂഷകൾ നിർവ്വഹിക്കണം. ഇടവകയുടെ പക്വത തിരിച്ചറിയു ന്നത് ഇടവകയിലെ കുട്ടികളെ എങ്ങനെ പരിപാലി ക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്.





# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

### ജൂലൈ 5 പെന്തിക്കൊസ്തിക്ക് ശേഷം ആറാം ഞായർ ലൂക്ക 15/1 – 7

'സുവിശേഷത്തിനുള്ളിലെ സുവിശേഷം' എന്നതാണ് ലൂക്കാ സുവിശേഷകന്റെ 15-ാം അദ്ധ്യായത്തിന് പണ്ഡിതന്മാരുടെ ഇടയിലുള്ള വിശേഷണം. കാരണം യേശുക്രിസ്തുവിന് ഈ ലോകത്തോട് പറയാനുള്ള സ്വർഗ്ഗത്തിന്റെ സന്തോഷമാണ്. ഈ അദ്ധ്യയത്തിലെ പ്രമേയം കാണാതായ ആടിന്റെയും നഷ്ടപ്പെട്ട നാണയത്തിന്റെയും ധൂർത്തപുത്രന്റെയും കഥയിൽ നിറഞ്ഞു നിൽക്കുന്ന സന്ദേശമാണ് സ്വർഗത്തിന് ഈ ഭൂമിയോട് പറയാനുള്ളത്.

രക്ഷാകര ചരിത്രവും വി. ബൈബിളും ഈ അന്വേഷണകണ്ടെത്തലിന്റെ കഥയാണ് പറയുക. സ്വർഗത്തിന്റെ സ്വത്തായ മനുഷ്യൻ തന്റെ പാപത്തിലൂടെ നിത്യനരകത്തിലേക്ക് വഴുതി വീണപ്പോൾ സ്വയമെഴുന്നേൽക്കുക അസാധ്യമായി സ്വാർത്ഥതയുടെയും ജഡികമോഹങ്ങളുടെയും ഇടയിൽ കുരുങ്ങിയ സ്വർഗീയ സ്വത്തിനെ ദൈവപുത്രൻ തേടിയിറങ്ങി വീണ്ടെടുക്കുന്ന സംഭവം കാണാതായ ആടിന്റെ ഉപമയിലൂടെ വിവരിച്ചിരിക്കുന്നു.

കുഞ്ഞുനാളിൽ കുസൃതികാണിച്ചപ്പോൾ വഴക്കു പറഞ്ഞ അപ്പനോട് പിണങ്ങി വീടുവിട്ടിറങ്ങിപ്പോയ മകൻ വർഷങ്ങൾക്ക് ശേഷം അപ്പന് കത്തെഴുതി. "എനിക്ക് തിരിച്ചു വരണമെന്നു ആഗ്രഹമുണ്ട്. അപ്പച്ചന് എന്നോട് സ്നേഹമുണ്ടോ, എന്നെ സ്വീകരിക്കാമോ എന്ന ആശങ്കയിലാണ് ഇതെഴുതുന്നത് എന്നൊടു വെറുപ്പില്ലെങ്കിൽ ഈ മാസം 15-ാം തീയതി വൈകിട്ട് ആറുമണിക്ക് ശേഷമുള്ള ബസിൽ ഞാൻ വീടിന് മുമ്പിലൂടെ യാത്രചെയ്യും. അപ്പച്ചന് എന്നോട് സ്നേഹമുണ്ടെങ്കിൽ വീടിന് ഉമ്മറത്ത് ഒരു തിരി കത്തിച്ചു വയ്ക്കണം" അന്നേ ദിവസം വീടിന് മുമ്പിലേത്തിയ ബസ് വേഗത കുറച്ചപ്പോൾ കത്തെഴുതിയ ചെറുപ്പക്കാരന് കണ്ണുകളെ വിശ്വസിക്കാനായില്ല. വീടിന്റെ മതിലുകളിലും വാതിലുകളിലും ടെറസിലുമെല്ലാം ധാരാളം മെഴുകുതിരികൾ. നഷ്ടപ്പെട്ടുപോയ മകനെ തിരികെ കിട്ടിയതിന്റെ സന്തോഷം. ഇന്നത്തെ സുവിശേഷത്തിലും ഈ അതിരറ്റ സന്തോഷത്തെ കുറിച്ചാണ് പറയുന്നത്. അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റി ഒൻപതു നീതിമാന്മാരേക്കാൾ അനുതപിക്കുന്ന ഒരു പാപിയെ കുറിച്ച് സ്വർഗം കൂടുതൽ സന്തോഷിക്കുന്നു.

യേശുനാഥന്റെ പ്രവർത്തനങ്ങളും പഠിപ്പിക്കലുമെല്ലാം ഈ സ്വർഗസന്തോഷത്തെക്കുറിച്ചായിരുന്നു. സുവിശേഷം ആരംഭിക്കുന്നത് തന്നെ ഇപ്രകാരം പറഞ്ഞു കൊണ്ടാണ്. "അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15) പാപത്താൽ സ്വർഗരാജ്യത്തിന്റെ അവകാശത്തിൽ നിന്നും പുറത്താക്കപ്പെട്ട മനുഷ്യവംശത്തിന്റെ മുൻപിലുള്ള സദ്വാർത്ത തന്നെ സ്വർഗം അവർക്കായി തുറക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണല്ലോ.

ദൈവത്തിന്റെ അനുകമ്പയും കരുണയും കൃപയും ഔദാര്യവുമെല്ലാം മാനുഷികമായ കണക്കുകൂട്ടലുകൾക്ക് മുകളിലാണ്. ഉച്ചനീചത്വങ്ങളും സാമ്പത്തിക വേർതിരിവുകളും എക്കാലത്തേക്കാളുമുപരി നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഈ സുവിശേഷഭാഗം ഒരു വലിയ ചോദ്യചിഹ്നമാണ്. ചുങ്കക്കാരെന്നും പാപികളെന്നും മുദ്രകുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റപ്പെട്ടവർ അവന്റെ വാക്കുകൾക്ക് കാതുകൂർപ്പിച്ചപ്പോൾ മറ്റൊരു സമൂഹം പിറുപിറുക്കലിന്റെ മാനസികവേലയിലേക്ക് തങ്ങളെത്തന്നെ താഴ്ത്തി. ചുങ്കക്കാരേയും മറ്റും ഈ ലോകത്തിന്റെ മക്കളെന്നു വിളിച്ച് അധിക്ഷേപിച്ചപ്പോൾ ഈ വർഗ്ഗക്കാരുമായി ഒരു തരത്തിലുമുള്ള വ്യവഹാരങ്ങൾക്കും ഒരു യഹൂദന് അനുവാദമില്ലായിരുന്നു. വ്യാപാരത്തിലോ സൗഹൃദത്തിലോ സമൂഹം പാപികളെന്നു ലേബൽ ചാർത്തിയവരെ ഉൾപ്പെടുത്തരുത് എന്ന അലിഖിത നിയമത്തിന് ഏറെ പ്രാധാന്യം കല്പിച്ചിരുന്ന സമൂഹത്തിന് മുമ്പിലാണ് യേശു ദൈവത്തിന്റെ പ്രവർത്തി-സ്വർഗ്ഗരാജ്യത്തിന്റെ നയം- ഒരു ഉപമയിലൂടെ വ്യക്തമാക്കുന്നത്. കാണാതെ പോയ തന്റെ ആടിനെ തേടുന്ന ഉപമ. ഇടയന്റെ ചരിത്രവും ചിത്രവും ചിരപരിചിതമായ ഒരു സമൂഹത്തോട് ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന് ഒരു നല്ല ഇടയന്റെ പരിവേഷം നൽകി അവതരിപ്പിക്കുകയാണ് ഒരു ഇടയൻ തന്റെ ഓരോ ആടിനും കണക്കു ബോധിപ്പിക്കേണ്ടതാണ്. വനപ്രദേശത്തുള്ള പുൽമേടുകളിൽ മേയാൻ വിടുമ്പോൾ ആടുകൾ വഴിതെറ്റുകയും അപകടത്തിൽ പെടുകയും ചെയ്യുക സ്വഭാവികമാണ്. എന്നാൽ ഇടയൻ മുറിവേറ്റ ആടിന്റെ തുകൽ എങ്കിലും കണ്ടെത്തിയെങ്കിൽ മാത്രമേ അപകടകാരണം ബോധ്യമാകു. (ഉൽപത്തി പുസ്തകത്തിൽ ജോസഫിന്റെ രോമക്കുപ്പായം രക്തത്തിൽ മുക്കി പിതാവിനെ ബോധ്യപ്പെടുത്തുന്ന സഹോദരന്മാരുടെ പ്രവർത്തി നമുക്കറിയാമല്ലോ) ആടിനെ കണ്ടെത്തി തോളിലേറ്റി തിരികെയെത്തുന്ന ഇടയന്റെ സന്തോഷം വർണ്ണനാതീതമാണ്. അത് വലിയ വിരുന്നിലേക്കും ആഘോഷത്തിലേയ്ക്കുമൊക്കെ

നീങ്ങുന്നു. ഗ്രാമം അതേറ്റെടുക്കുന്നു. ഇപ്രകാരം ഇട യന്റെ ഉപമയിലൂടെ യേശു തന്റെ ശ്രോതാക്കളായി ചുറ്റും നിന്നവരോട് മൂന്ന് കാര്യങ്ങൾ വ്യക്തമാക്കു കയാണ്.

1. മനുഷ്യമക്കൾ സ്വർഗ്ഗത്തിലുള്ളവരാണ്. മനു ഷ്യന്റെ ജീവിത ഭാവങ്ങൾ സ്വർഗ്ഗത്തിൽ പ്രതിഫലി ക്കുന്നു. ഒരു മനുഷ്യൻ പാപം ചെയ്ത് അകലുമ്പോൾ സ്വർഗത്തിൽ നഷ്ടവും അനുതപിച്ച് തിരികെയെത്തു മ്പോൾ സ്വർഗ്ഗവാസികൾക്ക് ആനന്ദവും ഉണ്ടാകുന്നു. അനുതപിക്കുന്ന പാപി സ്വർഗ്ഗത്തിന്റെ പൗരനാണ് സ്വർഗ്ഗത്തിന്റെ സ്വന്തമാണ്.

2.സ്രഷ്ടാവിനെതിരെ മുഖം തിരിച്ച മനുഷ്യൻ നഷ്ടപ്പെട്ട ആടിനെപ്പോലെയാണ്. ദൈവം തന്റെ ഏകജാതൻ എന്ന പദ്ധതിയിലൂടെ അവനെ വീണ്ടെ ടുക്കുന്നു. വീണ്ടെടുപ്പ് ദൈവത്തിന്റെ പ്രവർത്തിയാ ണ്. ദൈവം ഒരിക്കലും മനുഷ്യനെ കൈവിട്ടിട്ടില്ല.

3. തന്റെ ജീവൻ പണയം വച്ചും ആടിനെ രക്ഷി ക്കുന്ന ഇടയൻ ദൈവം തന്നെയാണ്. ഈ പദ്ധതി യിലൂടെ മനുഷ്യവംശം സ്വർഗ്ഗത്തിൽ വീണ്ടും ഇടം നേടി. സ്വർഗ്ഗം ചായിച്ച് ഭൂമിയിലേക്കിറങ്ങി വന്ന് മണ്ണായ മനുഷ്യനെ വിണ്ണോട് ചേർക്കുവാൻ ദൈവം രൂപം കൊടുത്ത പദ്ധതിയാണ് നല്ല ഇടയന്റെ ഉപമ യിലൂടെ വ്യക്തമാകുന്നത്.

സ്വർഗത്തിൽ സന്തോഷമുണ്ടാകുന്ന തിരിച്ച് വര വിന് അനുതാപത്തിലേക്കുള്ള ചുവടു വയ്പിന് ഒരു ക്കമാണോ? അതോ നിന്റെ യാഥാസ്ഥിതിക മനോ ഭാവത്തിന്റെ പിരിമുറുക്കങ്ങളിൽ അവനെ കുറ്റം വിധിച്ച് പഴിച്ച് നന്മയുടെ വാതിലുകൾക്ക് നേരെ മുഖം തിരിച്ചിരിക്കാനാണോ? ഇതാ ഇടയൻ നിന്റെ ഹൃദയ വാതിലിൽ മുട്ടുന്നു.

*ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്*

## ജൂലൈ 12 പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായർ മത്തായി 12:22-32

പെന്തിക്കൊസ്തി ഞായറിനുശേഷം വരുന്ന ഏഴാമത്തെ ഞായറായ ഇന്നത്തെ സുവിശേഷമായ വിചിന്തന വിഷയം സമാന്തര സുവിശേഷങ്ങളി ലെല്ലാം ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്ന ഒന്നാ ണ്. യേശുവിന്റെ പ്രവർത്തനങ്ങൾ കണ്ട് ഇവ നാണോ ദാവീദിന്റെ പുത്രൻ എന്ന് സാധാരണക്കാർ ചോദിക്കുമ്പോൾ വേദപണ്ഡിതന്മാർ ഇവൻ പിശാ ചുക്കളുടെ തലവനായ ബേൽസബൂലിനെക്കൊ ണ്ടാണ് ഇത് ചെയ്യുന്നത് എന്ന് പഠിപ്പിക്കുന്നതാണ് വേദഭാഗം.

സാബത്തിനെച്ചൊല്ലിയുള്ള വിവാദത്തിലാണ് 12-ാം അദ്ധ്യായം ആരംഭിക്കുന്നത്. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണെന്ന് പഠിപ്പിച്ചു കൊണ്ട് രോഗശാന്തി നൽകി കടന്നുപോകുന്ന കർത്താവിനെ കൊല്ലുവാൻ ഫരിസേയർ ആലോചി ക്കുന്നു. ഇത് മനസ്സിലാക്കിയ കർത്താവ് പിൻവാങ്ങു ന്നു. എന്നാൽ ദൈവാത്മാവ് അവനിൽ പ്രവർത്തി ക്കുന്നതിനാൽ തന്റെ ദൗത്യത്തിൽനിന്നും ഒഴിഞ്ഞു മാറുവാൻ കർത്താവിന് സാധിക്കുന്നില്ല. അതിനാ ലാണ് തന്റെ മുമ്പിലേക്ക് ആനയിക്കപ്പെട്ട അന്ധനും ഊമനുമായ പിശാചു ബാധിതനെ സുഖപ്പെടുത്തു ന്നത്. ദൈവാത്മാവ് നിറഞ്ഞുനിൽക്കുന്ന വ്യക്തിക്ക് തന്റെ ദൗത്യം ഉപേക്ഷിക്കാനാവില്ല. ക്രിസ്ത്യാനി യെന്നഭിമാനിക്കുന്ന നമുക്ക് നമ്മുടെ ദൗത്യം നിറ വേറ്റുവാൻ സാധിക്കുന്നുണ്ടോ? വധിക്കുവാൻ ഫരി സേയർ ആലോചിക്കുമ്പോൾ പോലും ദൗത്യം നിർവഹിക്കുന്ന യേശു നമ്മുടെ മുൻപിൽ ഒരു ചോദ്യചിഹ്നമാണ്. പ്രയാസങ്ങൾ വരുമ്പോൾ നമ്മിൽ വസിക്കുന്ന ആത്മാവിനെ പലപ്പോഴും നമ്മൾ തന്നെ വാക്കുകൾകൊണ്ട് നിർജ്ജീവമാക്കു കയല്ലേ ചെയ്യുന്നത്.

ഈ അത്ഭുതപ്രവർത്തനത്തിന് മറ്റൊരു തലം കൂടിയുണ്ട് എന്ന് ചിന്തിച്ചുപോവുകയാണ്. കാഴ്ച കൊണ്ട് ക്രിസ്തുവിന്റെ പ്രവർത്തിയിൽ തെറ്റ് കാണുകയും, വാക്കുകൊണ്ട് അവനെ ദുഷിക്കു കയും ചെയ്യുന്നവർക്കെതിരെ യേശു കാഴ്ച നൽകിയും സംസാരശേഷി നൽകിയും പ്രതികരി ക്കുന്നു. അവൻ സംസാരിക്കുകയും കാണുകയും ചെയ്തു. ഇത് ജനങ്ങളെ അത്ഭുതപ്പെടുത്തി. അവർ ചിന്തിച്ചു, ഇവനാണോ ദാവീദിന്റെ പുത്രൻ. പ്രിയ മുള്ളവരേ, ഒരു നിമിഷം ഈ അവസ്ഥകൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകാറില്ലേ. മറ്റുള്ളവർ വാക്കുകൊണ്ടും പ്രവർത്തികൊണ്ടുമൊക്കെ നമ്മെ ദുഷിക്കുമ്പോൾ ഒരു പടി താണ് തിരികെ ദുഷിക്കാ നല്ലേ നാമൊക്കെ തത്രപ്പെടുന്നത്. ക്രിസ്തുവിലേക്ക് നോക്കി നമ്മെ ദുഷിക്കുന്നവരോട് ക്ഷമാപൂർവ്വം പെരുമാറി ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഇപ്രകാരം നന്മയുടെ തലത്തി ലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവരെ പല പ്പോഴും ഫരിസേയർ ചെയ്തതുപോലെ തന്നെ "ഇവൻ ബേൽസെബൂലിനെകൊണ്ട്", "ദേ ഒരു വിശുദ്ധൻ വന്നിരിക്കുന്നു" എന്നുപറഞ്ഞ് നാമും പിറകോട്ട് വലിക്കാറില്ലേ. ക്രിസ്തു പഠിപ്പിക്കുന്നത് അന്തഛിദ്രമുള്ള രാജ്യം നശിച്ച് പോകും. എന്നാൽ ക്രിസ്തുവിനെ അനുഗമിക്കേണ്ട നാം, അവന് സാക്ഷികളാകേണ്ട നാം എതിരായി ചിന്തിക്കുക യും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നമ്മിൽ അന്തഛിദ്രം രൂപപ്പെടുകയും നാം നശിച്ചുപോകു കയും ചെയ്യും എന്ന് നാം മനസ്സിലാക്കണം.

*ഫാ. ഓസ്റ്റിൻ തെക്കേതിൽ*

## ജൂലൈ 19 പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ വി. മത്തായി 19:1-12

യേശുവിന്റെ മുഖ്യദൗത്യം സുവിശേഷ പ്രഘോ ഷണമായിരുന്നു. യേശുവിനു ചുറ്റും അവിടുത്തെ വചനം ശ്രവിക്കുവാനായി വലിയ ജനക്കൂട്ടവുമുണ്ടാ യിരുന്നു. അവൻ അവരോട് സുവിശേഷം പ്രഘോ ഷിക്കുകയും അവരുടെ ഇടയിലെ രോഗികളെ സുഖ പ്പെടുത്തുകയും ചെയ്തു.

യേശുവിനെ പരീക്ഷിക്കാനായി ഫരിസേയർ യേശുവിനോട് ചോദ്യങ്ങൾ ചോദിക്കുമായിരുന്നു.

ഇത് യേശുവിന്റെ നേരെയുള്ള ഫരിസേയരുടെ സമീപനശൈലിയായി മാറിയിരുന്നു.

രണ്ടു ചോദ്യങ്ങളാണ് ഫരിസേയർ യേശുവിനോട് ചോദിക്കുന്നത് (1) ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ? (2) അങ്ങനെയല്ലെങ്കിൽ ഉപേക്ഷാപത്രം നൽകി ഭാര്യയെ ഉപേക്ഷിക്കണമെന്ന് മോശ വിധിച്ചതെന്തുകൊണ്ട്? രണ്ടു ഘട്ടങ്ങളായിട്ടാണ് യേശു അവർക്കു മറുപടി നൽകുന്നത്.

ഫരിസേയരുടെ ആദ്യത്തെ ചോദ്യത്തിന് യേശു ആധികാരികമായ മറുപടിയാണ് നൽകുന്നത്. സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽതന്നെ ദൈവം ഇക്കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു എന്ന് യേശു സമർത്ഥിക്കുകയാണ്. ഉത്പത്തി 1:27 ൽ പറയുന്നു, 'സ്ത്രീയും പുരുഷനുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. വിവാഹത്തിന്റെ അവിഭാജ്യ ബന്ധത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയും സൃഷ്ടിയുടെ ആരംഭത്തിൽതന്നെ ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. അതിനാൽ പുരുഷൻ മാതാപിതാക്കളെവിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിരിക്കും' (ഉത്പത്തി 2:24). യേശു ഫരിസേയർക്കു നൽകുന്ന ഉത്തരം ഉത്പത്തി പുസ്തകത്തിൽ ദൈവം വിവാഹജീവിതത്തിനായി നൽകിയ നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ഫരിസേയരുടെ സംശയം പൂർണമായി പരിഹരിക്കത്തക്കവിധത്തിൽ ഒരു വിശദീകരണവും കല്പനയും യേശു നൽകുന്നുണ്ട്. "തന്മൂലം പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിത്തീരും. ആകയാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ'' (മത്തായി 19:16). ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടി പൂർണവും ആധികാരികവും സംശയത്തിന് ഇടനൽകാത്തതുമാണ്. വിവാഹബന്ധം അവിഭാജ്യമാണെന്ന് യേശു പഠിപ്പിക്കുന്നു.

യേശുവിനെ പരീക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വന്ന ഫരിസേയർ യേശുവിന്റെ മറുപടിയിൽ തൃപ്തരായില്ല. വിവാഹമോചനം അന്ന് സമൂഹത്തിൽ നിലനിന്നിരുന്നു. അതിനടിസ്ഥാനമായി മോശയുടെ നിയമമാണ് അവർ ചൂണ്ടിക്കാണിച്ചിരുന്നത്. ദൈവം അവിഭാജ്യമെന്നു പറഞ്ഞ് കല്പിച്ച വിവാഹബന്ധം മോശയുടെ നിയമത്തിൽ വിരുദ്ധമായി കാണപ്പെടുന്നതെന്തുകൊണ്ട് എന്ന സംശയം ഫരിസേയർ യേശുവിന്റെ മുമ്പിൽ അവതരിപ്പിച്ചു. "ഒരുവൻ വിവാഹിതനായ ശേഷം ഭാര്യയിൽ എന്തെങ്കിലും തെറ്റുകണ്ട് അവന് അവളോട് ഇഷ്ടമില്ലാതായാൽ ഉപേക്ഷാപത്രം കൊടുത്ത് അവളെ വീട്ടിൽനിന്നും പറഞ്ഞയക്കട്ടെ" (നിയമ 24:1). ഉപേക്ഷാപത്രം കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കുക എന്നത് ഒരു പ്രത്യേക സാഹചര്യത്തിൽ മോശ അവർക്കു നൽകിയ നിയമമാണ്. മോശ ഇങ്ങനെ ചെയ്യാനുണ്ടായ സാഹചര്യം യഹൂദരുടെ ഹൃദയകാഠിന്യമാണ് (മത്തായി 19:18).

പരസംഗം മൂലം അല്ലാതെ മറ്റേതെങ്കിലും കാരണത്താൽ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു" പരസംഗം എന്ന പ്രയോഗം ഭാര്യയെയും ഭർത്താവിനെയും ഒരുപോലെ തെറ്റുകാരാക്കുന്നതാണ്. വിവാഹിതയുടെ പരപുരുഷ സംഗമവും, വിവാഹിതന്റെ പരസ്ത്രീ സംഗമവും ഒരുപോലെ വ്യഭിചാരമാണ്. മർക്കോസിന്റെ സുവിശേഷത്തിൽ കുറച്ചുകൂടി വ്യക്തമാക്കുന്നു. "അവൻ പറഞ്ഞു, ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു."

വിവാഹബന്ധത്തിന്റെ അവിഭാജ്യതയും വിശുദ്ധിയെയും കുറിച്ച് മനസ്സിലാക്കിയപ്പോൾ ശിഷ്യന്മാർ യേശുവിനോട് പറഞ്ഞു, ''അങ്ങനെയെങ്കിൽ വിവാഹം ചെയ്യാതിരിക്കുകയാണല്ലോ ഭേദം" (മത്തായി 19:10). ഈ മറുപടി കേട്ടപ്പോൾ യേശു അവിവാഹിത ജീവിതത്തെക്കുറിച്ച് സംസാരിക്കുകയാണ്. അവരെ മൂന്ന് ഗണമായി തിരിക്കാം.

ജന്മനാ വിവാഹബന്ധത്തിലേർപ്പെടാൻ സാധിക്കാത്തവരുണ്ട്, അങ്ങനെ ആക്കപ്പെടുന്നവരുണ്ട്, മൂന്നാമത്തെ ഗണം ദൈവരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. അവർ ബ്രഹ്മചാരികളാണ്. ശരീരത്തിൽ മാറ്റങ്ങൾ വരുത്തിയല്ല, മറിച്ച് ജീവിതം മുഴുവനും ദൈവരാജ്യ പ്രഘോഷണത്തിനായി സമർപ്പിച്ചുകൊണ്ടാണ്. കൃപ ലഭിച്ചവർക്ക് മാത്രമെ ഇത്തരത്തിലുള്ള ജീവിതം നയിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് യേശു വ്യക്തമാക്കുകയാണ്.

വിവാഹത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തിൽ വിവാഹത്തിന്റെ അവിഭാജ്യസ്വഭാവവും വിവാഹബന്ധത്തിന്റെ വിശുദ്ധിയും ഒരുപോലെ പ്രാധാന്യമർഹിക്കുന്നവയാണ്. ആധുനിക കാലഘട്ടത്തിൽ നമ്മുടെ സമൂഹത്തിൽ വിവാഹമോചനങ്ങൾ ഏറി വരികയാണ്. നിസാര കാര്യങ്ങൾക്കുവേണ്ടി കുടുംബബന്ധങ്ങളെ വേർതിരിക്കുന്നവർ, ദൈവവചനമനുസരിച്ച് ജീവിക്കുന്ന ഉത്തമ ക്രിസ്ത്യാനിയല്ല. ക്രിസ്ത്യാനിയുടെ ജീവിതം എപ്പോഴും ക്രിസ്തുവിൽ ദൈവവചനത്തോട് ചേർന്നുനിൽക്കുന്നതാകണം. ഇഷ്ടമുള്ളപ്പോൾ സ്വീകരിക്കുവാനും തോന്നുമ്പോൾ ഉപേക്ഷിക്കുവാനുമുള്ള ഒന്നല്ല ക്രൈസ്തവ വിവാഹം. ദൈവമാണ് പുരുഷനെയും സ്ത്രീയെയും ഒന്നിപ്പിക്കുന്നതും വളർത്തുന്നതും. തന്മൂലം മരണംവരെ നീണ്ടു നിൽക്കുന്ന ഒരു സ്നേഹ ഉടമ്പടിയിലേക്കും സമർപ്പണത്തിലേക്കുമാണ് ദമ്പതികൾ വിളിക്കപ്പെട്ടിരിക്കുന്നത്. ക്രൈസ്തവ ദമ്പതികളുടെ ദാമ്പത്യസ്നേഹത്തിന്റെ മാതൃക ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹബന്ധമാണ്. യേശുവും സഭയും തമ്മിലുള്ള ബന്ധം ലോകാവസാനം വരെ നിലനിൽക്കുന്നതുപോലെ ഭാര്യാഭർതൃബന്ധം ജീവിതാവസാനം വരെ നിലനിൽക്കേണ്ടതാണ്.

യേശുവിന്റെ വചനമനുസരിച്ച് കുടുംബജീവിതത്തിന്റെ വിശുദ്ധിയും പരിപാവനതയും കാത്തുസൂ

ക്ഷിക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ജോസഫ് കരിപ്പായിൽ**

## ജൂലൈ 26 പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായർ ലൂക്കാ 8:4 – 15

പെന്തിക്കൊസ്തിക്കുശേഷമുള്ള 9–ാം ഞായറാഴ്ചയായ ഇന്ന് വിത്തുകളുടെ ഉപമയാണ് സഭാനേതാവ് നമ്മുടെ വിചിന്തനത്തിനായി തന്നിരിക്കുന്നത്. ഒരേ നിലവാരമുള്ള വിത്ത് വ്യത്യസ്തസ്ഥലങ്ങളിൽ പതിച്ചപ്പോഴുണ്ടായ വ്യത്യാസത്തെക്കുറിച്ച് ഇവിടെ വളരെ വ്യക്തമായി പ്രതിപാദിക്കുന്നു. ഒരുവൻ ആയിരിക്കുന്ന സ്ഥലവും സാഹചര്യവും സുഹൃദ്‌വലയങ്ങളും അവനെ എങ്ങനെ അനുകൂലമായോ പ്രതികൂലമായോ ബാധിക്കുന്നു എന്ന് നാല് വ്യത്യസ്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും പതിക്കപ്പെട്ട വിത്തിന്റെ ഉപമയിലൂടെ ലൂക്കാ സുവിശേഷകൻ വിവരിക്കുന്നു.

മുള വളർന്ന് ഇലയാകുംമുമ്പേ ഞെരിഞ്ഞമർന്നതും തിന്ന് തീർത്തതുമായ വിത്തിനെക്കുറിച്ചും, മുളച്ചയുടനെ വാടിക്കരിഞ്ഞ് മണ്ണിന്റെ ഭാഗമായ ഞാറിനെക്കുറിച്ചും, വളർന്ന് കതിരണിയുവാൻ സമയമായപ്പോൾ ഞെരിഞ്ഞമർന്നുപോയ നെൽച്ചെടിയെക്കുറിച്ചും, മുളച്ചുവളർന്ന് കതിർക്കുലകൾ ചൂടി കർഷകന്റെ സ്വപ്നസാക്ഷാത്കാരത്തിന് കാരണമാവുകയും, പിതാവ് ഒന്നിന് പകരം നൂറുകണക്കിന് നെൽമണികളെയും നെൽച്ചെടികളെയും ഉപമയിൽ നാം കണ്ടുമുട്ടുന്നു.

1. മുളയാകും മുൻപേ ഞെരിഞ്ഞമർന്നതും തിന്നു തീർത്തതുമായ വിത്ത്

വളരുവാൻ ലഭിച്ച സ്ഥലം അനുയോജ്യമായ ഒന്നായിരുന്നില്ല. അനേകരുടെ പാദസ്പർശനമേറ്റ് വിത്തിന് വളരുവാൻ യോജ്യമല്ലാത്തവിധം തറഞ്ഞുപോയ മണ്ണായിരുന്നു അത് എന്നത് ശരിതന്നെ. എന്നാൽ വിത്തിന് കിളർക്കുവാൻ സാധിക്കാതെ പോയത് പ്രതലത്തിന്റെ കാഠിന്യം നിമിത്തമായിരുന്നില്ല. മറിച്ച് അശ്രദ്ധയോടുകൂടിയ മനുഷ്യന്റെ നടപ്പും എന്തുകിട്ടിയാലും തിന്ന് തന്റെ വിശപ്പടക്കണമെന്നുള്ള പക്ഷികളുടെ സ്വാർത്ഥതയുമായിരുന്നു. മുളച്ച് വലുതായി അനേകം നെൽമണികളെ പ്രധാനം ചെയ്യുവാൻ കഴിവുള്ള നെൽമണിയെ അവൻ കാണാതെ പോകുന്നു. ഫലമോ? മുളച്ച് വളരാനുള്ള വിത്തിന്റെ സാദ്ധ്യതപോലും അവന്റെ പാദങ്ങൾക്കിടയിൽ അമർന്ന് തറഞ്ഞുപോകുന്നു. റോഡരികിൽ കിടക്കുന്ന നെൽമണിയെ പക്ഷികൾ വ്യക്തമായി കാണുന്നുണ്ട്. കിളികളെ സംബന്ധിച്ചിടത്തോളം വിത്താണോ വെറും നെൽമണിയാണോ തന്റെ മുൻപിൽ കിടക്കുക എന്ന ചോദ്യത്തിന് യാതൊരു പ്രസക്തിയും ഇല്ല. ഇതുപോലെ എന്റെ കാര്യമെന്ന സ്വാർത്ഥതയും എന്റെ അശ്രദ്ധയും വചനമാകുന്ന വിത്തിന് മുളയെടുക്കുവാൻ വിഘ്നം സൃഷ്ടിക്കുന്ന കാരണങ്ങളാകാം.

2. മുളച്ചയുടനെ വാടിക്കരിഞ്ഞ് മണ്ണിന്റെ ഭാഗമായി മാറിയ 'ഞാറ്'

എത്തപ്പെട്ട സ്ഥലത്തെക്കുറിച്ച് യാതൊരുവിധ പരിഭവവും ഇല്ലാതെ വിത്ത് ഉള്ളിലുള്ള സാദ്ധ്യതയെ വളർത്തുന്നു. മണ്ണിന് ആഴമില്ലായിരുന്നു എന്നതിലുപരിയായ നെൽച്ചെടിക്ക് വളരുവാൻ അത്യന്താപേക്ഷിതമായ 'ജലം' ലഭിച്ചില്ല എന്നതാണ് വാടിക്കരിഞ്ഞ് മണ്ണിന്റെ ഭാഗമാകുന്ന അവസ്ഥയിലേക്ക് 'ഞാറി'നെ കൊണ്ടുചെന്നെത്തിച്ചത്. ചെറുപ്രായത്തിൽ ലഭിക്കേണ്ട ശിക്ഷണവും ധാർമ്മിക മൂല്യങ്ങളും ലഭിക്കാത്തതുമൂലം തിന്മയിലേക്ക് വീണുപോകുന്ന യുവതലമുറയെ പാറപ്പുറത്ത് വീണ നെൽവിത്തിനോടുപമിക്കാം.

3. കതിർക്കുല ചൂടുവാൻ സമയമായപ്പോൾ ഞെരിഞ്ഞമർന്നുപോയ നെൽച്ചെടി

ആഴമുള്ള മണ്ണിൽ വേരോടുകയും, ജലവും പോഷകങ്ങളും സ്വീകരിച്ച് വലുതാവുകയും ചെയ്തു. എന്നാൽ പടിക്കൽ കൊണ്ടുപോയി കലമുടച്ചു എന്ന് കാരണവന്മാർ പറഞ്ഞ പഴഞ്ചൊല്ലിനു സമം ഉള്ളിലുള്ള കതിർകൂമ്പിനെ വെളിച്ചം കാണിക്കും മുൻപേ സഹസ്ഥിതരുടെ ഞെരുങ്ങലിന് ഇടയായി. ഫലം ചൂടാനാവാതെപോയ പൂർണ്ണവളർച്ചയെത്തിയ നെൽച്ചെടി ഒരുപക്ഷെ തന്നെക്കാൾ ആകാരവലിപ്പമുള്ള മുൾച്ചെടിയെ ശക്തമായ ചൂടിൽനിന്നും രക്ഷനേടുവാനുള്ള ഒരു തണലായിപ്പോലും പാവം നെൽച്ചെടി കരുതിയിരിക്കാം. ഇടവും വലവും ഉറ്റതോഴനെപ്പോലെ നിന്നത് ഞെരിച്ചമർത്തിക്കളയാനാണെന്ന് നെൽച്ചെടി ഒരിക്കലും കരുതിക്കാണില്ല. ഉറ്റസുഹൃത്തുക്കളെപ്പോലെ കൂടെനിന്ന് ഫലമണിയും മുൻപേ കതിർക്കൂമ്പ് നുള്ളിക്കളയുന്നവരും നന്മയും തിന്മയും ധാർമ്മികതയും മനസ്സിലാക്കി വളരുവാൻ കുഞ്ഞുങ്ങളെ സഹായിക്കാത്ത മാതാപിതാക്കളുമൊക്കെ അവരുപോലുമറിയാതെ തന്നെ മുൾച്ചെടിക്കു തുല്യമായിത്തീരാറുണ്ട്.

4. കൃഷിക്കാരന്റെ സ്വപ്നത്തിന് സാക്ഷാത്ക്കാരമേകിയ കതിർക്കുലയേന്തിയ നെൽച്ചെടി

മുപ്പതും അറുപതും നൂറും മേനി വിളവിലേക്ക് വിത്തിനെ നയിക്കുവാൻ പല കാരണങ്ങൾ ഉണ്ടായിരുന്നു. വളക്കൂറും ഇളക്കമുള്ളതുമായ മണ്ണ്, ജലലഭ്യത, ആഹാരം പാകംചെയ്യുവാനാവശ്യമായ സൂര്യപ്രകാശം, കീടങ്ങളുടെ ആക്രമണംപോലുള്ള പുറംശക്തികളെ തടയുവാൻ കരുതലോടുകൂടിയിരിക്കുന്ന ഒരു കർഷകന്റെ നൂറു മേനി ഫലം തരണമെങ്കിൽ നല്ല നിലവും വചനത്തിന് നല്ല ഫലമണിയുവാൻ നല്ല സഹസ്ഥിതനും ഫലമണിയുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ഉറക്കമൊഴിച്ച് കാവലിരിക്കുന്ന കർഷകനെപ്പോലെ കാത്തിരിക്കുവാൻ നല്ല അദ്ധ്യാപകരും ഗുരുഭൂതരും മുത്തശ്ശനും മുത്തശ്ശിയും മാതാപിതാക്കളുമാണാവശ്യം.

മുളയ്ക്കും മുൻപേ ഞെരിച്ചമർത്തിക്കളയുന്ന അവയെ തിരുത്തുവാനും, തണലായി നിന്ന് സ്വഭാവത്തെ തിരുത്തുവാനും വളരുവാനാവശ്യമായ കാര്യങ്ങൾ പ്രധാനം ചെയ്യുവാനും അങ്ങനെ ഒരുവന്റെ വളർച്ചയെ സ്വപ്നം കാണുവാനും ഈ ആഴ്ച നമ്മെ സഹായിക്കട്ടെ.

***ഫാ. ജോൺ പടിപ്പുരയ്ക്കൽ***

# Behind Locked Doors


**Rev. Dr. Saji Mukkoot**

Feast of St. Thomas (Dukarono) in the month of July opens an opportunity for us to reflect on faith life of the Apostles. The post resurrection stories vividly illustrate some progressive aspects of the Apostles' faith journey; including St. Thomas.

On Easter morning Mary Magdalene took an extremely important task of being an "eyewitness news reporter" for Jesus as she "went to the disciples with the news: 'I have seen the Lord!". However, Mary's "eyewitness news alert" was not enough to convince the disciples. Despite Mary's "breaking news" of having seen the risen Christ, they were still hiding behind locked door "for fear of the Jews." Desiring to change their mental disposition, "Jesus came and stood among them and said, 'Peace be with you'". Although the disciples believed by seeing His hands and side, that "He is Risen" they failed to come out of their hiding shelters.

The Risen Lord's appearance was an invitation for the Apostles to depart from their "safe havens" to be his witnesses. Nevertheless, it has not changed them at all; instead, they continue to stay behind closed doors because of "doubt" and "fear". Beginning with Mary who stood outside the empty tomb crying Easter morning telling the supposed "gardener" (who was really Jesus) that someone had stolen Christ's body on down to every single one of the other disciple. They all had been doubting and clue-less. Jesus' appearance to Thomas just happened a week later. Thomas gets a bad "rap" from those of us who refer to him as "doubting Thomas."

We, the modern day disciples are not immune from the 'behind locked door' mania. It is obvious amid our faith and morals are severely attacked; human rights are largely violated; and Christians and religious minorities are persecuted and murdered by terrorist organizations. These incidents happening in a "civilized" time, aggravate the issue's gravity. The majority voice is still behind closed doors, with the exception of a handful of spiritual leaders. These isolated voices assured their solidarity with the persecuted, as well as invited the faithful to address these atrocities by penance and prayer. However, a collective effort is yet to come. Sadly, popular media fail to bring forth the reality to light. Silence "for fear" would create more atrocities and multiply human right violations. Let us examine, "are we still hiding behind locked doors?" "Have we ever felt as if our faith hasn't changed us all that much?"



Eventually, St. Thomas progresses from the cowardice phase of "doubt" and "clue-lessness" to an unparalleled heroism of a martyr and Apostle. In our time Pope Francis, through his catechesis, homilies and encyclicals including the most recent "Laudato si' (Praise be to you), proves that he is a man not behind closed doors. His exceptional leadership gives us hope and challenges us to fearlessly appear before truth so that we may walk more and more out of the darkness of doubt and unbelief into the sunshine of faith. It is to choose love over hate… salvation over sin and death… heaven over hell… good over evil… service over being served… humility over pride… peace over war… and light over darkness..! Apostle Thomas invites us to boldly move out of our hiding places to "go and die with Him".

■



**അഡ്വ. വിനോദ് മാത്യു വിൽസൺ**

# നിർണ്ണായകം

ഞാൻ എന്റെ അപ്പനേം കൊണ്ട് ആശുപത്രിയിൽ പോകുമ്പോൾ എന്നെ തടഞ്ഞു നിർത്താൻ ഈ .......... ന് എന്താണ് അവകാശം...... ഓരോ മലയാളിയുടേയും രോഷപ്രകടനം ആണ് ഇത്.

കൈവീശി ഷാൾ പുതച്ച്, നോട്ട്മാല സ്വീകരിച്ച്, പൂച്ചെണ്ടുകൾ ഏറ്റുവാങ്ങി അവന്റെ വാഹനം പോലീസ് അകമ്പടിയോടെ നീങ്ങുമ്പോൾ ഹൃദയം പൊട്ടി ചത്തു പോകാറായ എന്റെ അപ്പനെ, അമ്മയെ, ഭർത്താവിനെ, ഭാര്യയെ മടിയിൽ കിടത്തി ഈ ലോകത്തെ സകലതിനേയും ശപിക്കുന്ന ഒരു സാധാരണ മനുഷ്യൻ. എനിക്ക് എന്റെ ഓരോ നിമിഷവും വിലയേറിയതാണ്. നിർണ്ണായകമാണ്. (Thanks to Boby and Sanjay, Scrip writers of movie Nirnayakam).





എന്നിട്ടും അവൻ പറയും അവന് സമരം ചെയ്യാനുള്ള അവകാശം ഉണ്ടെന്ന്. അതേടാ... നിനക്ക് സമരം ചെയ്യാൻ ആണെങ്കിൽ എനിക്ക് ജീവിക്കാൻ ഉള്ള കൊതിയാണ്. അപ്പഴും അവൻ പറയും ഞാൻ ചെയ്യുന്നത് ഈ നാടിനുവേണ്ടിയാണ്. നീയും നിന്റെ പൂർവ്വ പിതാക്കന്മാരും (മഹാത്മാഗാന്ധി ഒഴികെ) എന്തും ചെയ്തിട്ടും എന്തേ ഈ നാട് നന്നാവാതെ നിന്റെ കുടുംബം മാത്രം നന്നാകുന്നു.... ആ ചോദ്യത്തിനു ഇപ്പോഴും ഉത്തരം ബാക്കി.

സാർ, എനിക്ക് അത്യാവശ്യമായി പോകണം, എന്റെ കുഞ്ഞിന്റെ ഓപ്പറേഷനാണ്. തന്നോടല്ലേ പറഞ്ഞത് നടക്കില്ല... മന്ത്രി പോകാനുണ്ട്... മന്ത്രിയല്ല മന്ത്രിയുടെ വീട്ടിലെ പട്ടി പ്രസവിക്കാൻ ആണ് പോകുന്നതെങ്കിലും സല്യൂട്ട് അടിച്ച് വഴി ഉണ്ടാക്കിക്കൊടുക്കും ഈ കാക്കി ധരിച്ച വർഗ്ഗം (നിങ്ങൾക്കും ആത്മരോഷം കാണും. പക്ഷേ പ്രതികരിക്കാൻ അവകാശം ഇല്ല എനിക്ക് അറിയാം.)

സമരം ചെയ്യാനുള്ള അവകാശത്തിനു താഴെയാണോ ജീവിക്കാനുള്ള അവകാശം എനിക്ക് ഇപ്പഴും സംശയം ആണ്.

കൃത്യസമയത്ത് ട്രെയിൻ കിട്ടാത്തവർ, ഹോസ്പിറ്റലിൽ എത്താതെ ചങ്കുപൊട്ടി ചത്തുപോകുന്നവർ, പരീക്ഷ എഴുതാൻ പറ്റാതെ ജീവിതം തുലയുന്നവർ, ഹാജരാകാൻ കഴിയാതെ ജോലി നഷ്ടപ്പെടുന്നവർ, ബസ് കിട്ടാതെ റോഡിൽ അലയുന്നവർ, ...... ഇങ്ങനെ ഓരോ വർഗ്ഗവും വേദനിക്കുമ്പോൾ, അലയുമ്പോൾ, ശപിക്കുമ്പോൾ ഇതിനെല്ലാം കാരണക്കാരയവർ, ആയവൻ കുടിച്ച്, കൂത്താടി, നല്ല ഭക്ഷണം കഴിച്ച് ഏ.സി റൂമിൽ കിടന്നു ഉറങ്ങുന്ന അവസ്ഥ ആലോചിക്കുമ്പോൾ... ഓ.... രക്തം തിളക്കുന്നു.

പ്രേമം കാണാൻ, വല്ലവന്റേയും നെഞ്ചത്തു ചവിട്ടി, ടിക്കറ്റ് എടുക്കാൻ പായുന്ന സുഹൃത്തേ, നീ നഷ്ടപ്പെടുത്തുന്നത്, നീ തിരക്ക് ഉണ്ടാക്കി ഇല്ലായ്മ ചെയ്യുന്നത് ചിലരുടെ നിർണ്ണായകമായ നിമിഷങ്ങളാണ്, ജീവിതമാണ്.



Over the years, I've heard various reasons from the youth and young adults for not praying constantly. "Why should I pray when God already knows what I want?" "I only pray when I need something. I don't need anything now;" "Prayer is an excuse for people who are too lazy to work to get what they want;" "I feel bored when praying;" "I prayed for years and I didn't get any reply from God." These are just some of the questions and doubts concerning prayer that most of us struggle with. If they are left unanswered, they can cause serious damage to our prayer life and with our relationship with God.

# PRAYER
## The Time Spent in Love with the Love of Your Life

**Bro. Jerry Mathew**
**USA**

When I heard these comments from them, I was often tempted to give a lecture on what prayer is, what the various levels of prayer are, and all the other academic information I had gained over the years. However, better sense prevailed, and I found myself asking them what they thought prayer was. And their answers gave insight into why they found prayer to be lacking and fruitless. More often than not, they saw prayer as a time of telling God what they want or venting to God what their feelings are. It was almost always a business relationship - "I ask you for this and this, and if you really are a merciful God, you will give me what I ask for and I will continue praying." This mentality views God as a puppet who acts according to our commands and wishes. The truth is that God is the all-powerful and all-knowing being who is at the same time merciful and listening. If that's the truth, then how should we

understand prayer?

Prayer is essentially a dialogue. It is the result of a relationship based on love. Prayer is spending time with God to be with Him and to know Him more. Asking for things that we need or venting to God are part of it, but that's not all prayer is. A good analogy to prayer is the relationship you have with your best friend or with your significant other. You would want to share with that person the special events that happened to you and the various things that affected you on that day, whether positively or negatively. You would want them to love you and accept you fully for who you are, despite any wrong doing or mistakes you have done that day. You would want them to respond to what you say and to express concern and care about you. Sometimes, you might need some advice or a favor from them too. Even when you have nothing to share, you would want the other person to just be there with you. That's what a good prayer life is like. It's a relationship. It's a friendship based on love. Only difference is, it is a relationship with the almighty God who created you out of His love for you and continues to love you enough to die for you, even after knowing every mistake you have done. So, how much more should we be spending time in prayer!


If prayer is that important, then how should we pray? Pray as you would talk with a good friend or with a spouse who knows everything about you and still loves you. Feel free to make jokes and to laugh. Be not afraid to cry or express emotions. It will help you open up to Him. Prayer is an intimate and personal dialogue with God in which we open our heart to Him so that He may transform it. Pray by spending time with God. Gaze at His face with the eyes of your heart. Be with the One who created you out of love. Express gratitude for making you his unique creation and for the blessings He has given specially for you. And during those times when you don't feel like praying, be still and be aware of His constant presence around you. When you feel your prayers are not enough, ask the help of saints to help you and to intercede for you to God. Share your day with Him. Share your worries with Him. Share everything with Him. In the end, prayer is about sharing your life with Him, so that you may live with Him for eternity.

Of course all that sounds perfect in theory but one of the main complaints about prayer you would have is that you don't get a reply or feel that God is there for you. At best, God seems silent to your concerns and prayers, and at the worst, God seems to have abandoned you. The



first thing to realize is that the silence of God does not mean his absence. Often God remains silent to strengthen the person's faith and to deepen his or her relationship with Him. Secondly, the quality of prayer should be based on faith and not on feelings. We often make the mistake of thinking that a good prayer is that which fills us with good feelings. On the contrary, a good prayer is that which is said with faith and love. Feelings are secondary. Many saints, including Mother Teresa, experienced long dry spells in their prayer life, but continued praying in the faith that God is listening despite the lack of accompanying good feeling.

Now hopefully it is clear what prayer is and how to pray. But my friend's question remains: "Does not God already know what we need? Then why should we continue to pray if His will is what will be done in the end anyway?" In other words, why should we pray (if God's plan is what will be done ultimately)? This question can



be dismissed by just saying a proverb like "Only the crying baby gets the milk" or some other patronizing rationalization. But that does not go to the root of the question. Moreover, answers like that can portray God as a tyrant who demands prayer like a bureaucrat requiring certain conditions to be met before a favor is granted.

So what's the proper answer to the question "why should we pray even though God knows what we need"? First of all, we pray not because God need our prayers, but because we need God. Our relationship with God is the most fundamental and most essential relationship we have, and the only relationship that will last beyond this life. That relationship needs to be strengthened in this life so that we experience Him in the next life. We have to pray because it sustains and nourishes our soul with the love and tenderness of God. Prayer also helps to mould our will to the will of God, so that we may be more open to His will being fulfilled in our life, no matter how difficult it may seem. In short, prayer helps us to be the person who God wants us to be.

We see throughout the Gospels that Jesus, though he is the Son of God, maintained constant contact with the Father both to know His will and to give us the proper example of discipleship. This is most evident in the prayer of Jesus at Gethsemane (Mark 14:32-42). In order to prepare himself to endure the horrific suffering and the shameful and brutal death on the cross, it was in prayer that Jesus took refuge. That prayer - the one from the second Person of the Trinity who became the perfect man - is met with silence from His Father. At first




glance, we might be tempted to conclude that the silence from the Father is His rejection of the request of the Son, the perfect man. However, a deeper examination of the Scripture shows a different picture. After the prayer, we see a resolute Jesus strengthened to face the upcoming brutalities and death (Mark 14:42). Prayer had enabled him to come to terms with his upcoming suffering. This perfect action of Jesus of turning to the Father in prayer to understand and accept the will of the Father, though bitter, is the cornerstone of Christian discipleship. Christ shows us that the primary aim of prayer is not to make God obey us but to help us conform to the will of God.

In conclusion, prayer is a dialogue through which the relationship with God is strengthened. It is the time in which we open our hearts to our Creator so that it may be conformed to His will. It is the time spent in love with God in which we are transformed to who we are meant to become. It is me looking at Jesus and Jesus looking at me. It is a relationship based on the fact that He died for me! This relationship can be experienced both in personal prayer based on Scripture and in communal prayer, especially in the Holy Qurbono, in which Christ comes within us so that He may live within us. So, dear friends, let us use what we have been blessed with to get closer to God through prayer so that we may experience peace and serenity in our lives. ■





# MAR EPHRAEM

## COLLEGE OF ENGINEERING AND TECHNOLOGY

MARTHANDAM

(Catholic Diocese of Marthandam)


Approved by AICTE, Delhi & Anna University, Chennai

**Courses**

- B.E. Mechanical Engineering
- B.E. Civil Engineering
- B.E. Electronics & Communication Engineering
- B.E. Electrical & Electronics Engineering
- B.E. Computer Science & Engineering
- M.E. Computer Science & Engineering
- M.E. Applied Electronics
- M.E. Manufacturing Technology

**Fecilities**


* Spiritual formation through daily Holy Mass, Prayer & Jesus youth.
* Experienced and dedicated faculty with post doctoral research and industrial experience.
* World Class Classrooms connected to a centralized e-learning data center on campus.
* Global connectivity to all the students via 24hr Wi-Fi access.
* Modern library with e-access to various international Journals.
* Most modern Language lab. * Helth club
* Cafeteria and mess with delicious and nutritious food (Kerala taste)



*Admission in 1st year & Direct 2nd year (Later Entry) * Campus Placement Assistance

FOR ADMISSION CONTACT:

**Mr. TONEY KURIEN** (Admission Officer): 9447413790, 09444713790 (T.N)



Framing Your Career

# DREAMS CAREER GUIDANCE

www.dreamscareerguidance.com

Find us on Facebook /dreamscareerguidance

**M.B.B.S., B.D.S. ENGINEERING, NURSING**

**MEDICAL AND PARAMEDICAL COURSES**
MBBS, BDS, BAMS, BPharm, Pharm D
Nursing (BSc, GNM, Post BSc & MSc) etc.

**ENGINEERING/POLYTECHNIC**
ECE, EEE, CSE, IT, Mechanical
Bio Medical, Civil, Aeronautical
Marine Engineering, MCA etc.

**ARTS AND SCIENCE (MSc / BSc)**
Bio Technology, Micro Biology, Bio Chemistry
Computer Science, Fashion Designing
Physics, Chemistry, Biology etc.

**MANAGEMENT AND COMMUNICATION**
MBA, MIB, MSW, MTA, Public Relation
Hotel Management
Hospital Administration etc.

**KOTTARAKARA**
Upstairs Aryas Hotel,
Pulamon Jn.
Ph: 0474-2459686

**ADOOR**
GF-39, Revenue Tower.
Ph 04734-221126, 28
Fax: 04734-221238

**THIRUVALLA**
Jinjil Arcadia,
Near St. Antony's Church
Ph: 0469-2705659

+91 960 57 22 999
Mob +91 944 78 66 183

www.higherstudiesonline.com



പാവനസ്മരണയ്ക്ക്
വേർപാടിന്റെ അഞ്ചാം വർഷം
ഒരിക്കലും മറക്കാത്ത
ഓർമ്മകളുമായ്
ഡാഡി, മമ്മി
ജർമ്മനി
Sven Jothis
Varghese
ജനനം: 20.05.1983
മരണം: 11.07.2010
Sven Jothis Varghese




RELIGIOUS
PROFESSION
25 YEARS OF
GRACE
Rev. Sr. JOSY S.I.C.
25
Religious
Profession
CHACKO MATHEW
AND ANNAMMA MATHEW
AERATHU HOUSE, MAKKAPUZHA P.O.
RANNY – 689676.
Best compliments from
SIYA TRAVELS
MAKKAPUZHA, RANNI
MOB. 9048153866

Date of Publication: 28-06-2015 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2015-17**
Price ` 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/80**
**July 2015**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*